Reg. No. M. 2293

ഒററപ്രതി 2 ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 കുംഭം 19—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 മാർച്ച് 3 | ലക്കം 27




പരിശുദ്ധപിതാവ് പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ട് വിജയിപ്പൂതാക!

100–ൽപരം അനുഭവസാക്ഷ്യങ്ങൾവഴി സുപ്രസിദ്ധങ്ങളായി തീർന്നിട്ടുള്ള

**നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം**

എന്നീ സിദ്ധൌഷധങ്ങൾ

തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, ചങ്ങനാശ്ശേരി, തിരുവനന്തപുരം

എന്നീ സ്ഥലങ്ങളിലെ സെയിൽസ് ഡിപ്പോകൾ വഴിയായും

ഇരിങ്ങാലക്കുട, ആലുവാ, പാലാ, മാവേലിക്കര, പൊൻകുന്നം, കൊല്ലം മുതലായ സ്ഥലങ്ങളിലുള്ള 100–ൽപരം ഏജൻസികൾവഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു

മാസത്തിൽ രണ്ടു് തവണ വീതം പ്രസിദ്ധപ്പെടുത്തുന്ന "കാളൻസ് ബുള്ളററി"നിൽ നാനാവിധ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും പ്രതിവിധികളേയുംപററി എഴുതിവരുന്നതുകൊണ്ടു് മലബന്ധം, നീർവീഴ്ച, ചുമ, പനി, ക്ഷയം, എക്സിൽ, അർശസ്സ്, പ്രമേഹം, ശ്വാസംമുട്ടൽ, വയറുവേദന, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, രക്തദൂഷ്യം മുതലായ രോഗങ്ങൾകൊണ്ടു് നിരാശപ്പെട്ടു കഴിയുന്നവർ ഞങ്ങൾക്കു രോഗവിവരക്കുറിപ്പുകൾ അയക്കുന്നതിനുപകരം "കാളൻസ് ബുള്ളററിൻ" വായിക്കുന്നതു് ഉപകാരപ്രദമായിരിക്കും. പോസ്റ്റേജടക്കം ആറുമാസത്തേക്കുള്ള വരിസംഖ്യ ഒരു ഉറുപ്പികയാകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന സെയിൽസ് ഡിപ്പോകളിൽനിന്നു് ഒററ പ്രതി രണ്ടണവീതം വിലക്കു കിട്ടുന്നതും വായനശാലകൾക്കുമാത്രം സൌജന്യമായി അയക്കുന്നതുമാകുന്നു.

എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:- **കാളൻ, നെല്ലായി**

വിമർശനവീഥി

# കമ്മ്യൂണിസ്റ്റ് എം. പി. മാർ ലഹളയ്ക്കു കൂട്ടുനില്ക്കുന്നു

കമ്മ്യൂണിസ്റ്റുപാർട്ടി ഇൻഡ്യയിലെവിടെയും അസമാധാനവും ലഹളയും കുത്തിയിളക്കുവാനും, അവ ശമിപ്പിക്കുവാൻ ഗവമെൻറു് എടുക്കുന്ന നിയമപരമായ നടപടികളെ അക്രമങ്ങളായി ദുർവ്യാഖ്യാനം ചെയ്യുവാനും, അങ്ങനെ ഗവമെൻറിനെതിരെ ജനങ്ങൾക്കു വെറുപ്പുവരുത്തി മുതലെടുക്കുവാനും ശ്രമിച്ചുകൊണ്ടിരിക്കുന്നതു സാധാരണമാണല്ലോ. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ കുപ്രസിദ്ധമായ ഈ കുതന്ത്രത്തിനു് ഒന്നാംതരം ദൃഷ്ടാന്തമാണു് കൽക്കട്ടായിൽ ഈയിടെ നടന്ന അദ്ധ്യാപകസത്യാഗ്രഹത്തിന്റെയും തുടർന്നുണ്ടായ ലഹളയുടേയും അതിനു പ്രതിവിധിയായി പോലീസും പട്ടാളവും സ്വീകരിച്ച നടപടികളുടേയും കാര്യത്തിൽ കമ്മ്യൂണിസ്റ്റു് നേതാക്കന്മാർ അവലംബിച്ചുനില.

## കൽക്കട്ടായിലെ അദ്ധ്യാപകപണിമുടക്കു്

പശ്ചിമബംഗാൾ സംസ്ഥാനത്തിലെ സെക്കൻററിസ്കൂൾ അദ്ധ്യാപകന്മാർ ശമ്പളം കൂട്ടിക്കിട്ടുവാൻവേണ്ടി ഫെബ്രു. 10-ാം തീയതിമുതൽ ഒരു പണിമുടക്കു തുടങ്ങി. 11-ാംതീയതി അവർ കൽക്കട്ടായിൽ ഒരു ഘോഷയാത്ര രൂപീകരിച്ചു് സെക്രട്ടറിയേററു് മന്ദിരത്തിലേക്കു പുറപ്പെട്ടു. ഇടയ്ക്കുവച്ചു പോലീസു അവരെ തടഞ്ഞു. അതുമുതൽ അവർ റോഡിൽ കുത്തിയിരുന്നു രാവും പകലും സത്യാഗ്രഹം ആരംഭിച്ചു. ഫെബ്രുവരി 15-ാം തീയതി പശ്ചിമബംഗാൾ ഗവണ്ണർ അവിടത്തെ അസംബ്ലിയിൽ പ്രസംഗംചെയ്യുവാൻശ്രമിച്ചപ്പോൾ ഏകദേശം 15 മിനിട്ടുനേരത്തേക്കു വലിയ ബഹളം നടന്നു. അദ്ധ്യാപകന്മാർ 16-ാം തീയതി ഒരു പ്രഖ്യാപനം പുറപ്പെടുവിച്ചു. അവർ അസംബ്ലിയിലെ ഓരോ സാമാജികന്റെയും ഗൃഹത്തിൽ ചെല്ലുമെന്നും അവരുടെ ന്യായമായ കർത്തവ്യങ്ങൾ നിർവഹിക്കുവാൻ പാടില്ലാത്തവണ്ണം ആ ഗൃഹങ്ങളെ അവർ വലയംചെയ്യുമെന്നും. ഈ പശ്ചാത്തലത്തിൽ അദ്ധ്യാപകന്മാരുടെ പണിമുടക്കു കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നും ഇടതുപക്ഷപാർട്ടികൾ അവയെ ദുരുപയോഗം ചെയ്യുവാൻ ഇടയുണ്ടെന്നും ഭയപ്പെട്ടു മുന്നൂറോളം കുത്തിയിരിപ്പുസത്യാഗ്രഹികളെ ഗതാഗതത്തിനു തടസ്സംവരുത്തുന്നു എന്ന കുററം ആരോപിച്ചു് അറസ്റ്റുചെയ്തു. അതിനെത്തുടർന്നു് ലഹളകൾ ആരംഭിച്ചു.

## ലഹളകളും പോലീസിന്റെയും പട്ടാളത്തിന്റെയും ഇടപെടലും

വിവിധ ഇടതുപക്ഷപാർട്ടികളിലേയും കമ്മ്യൂണിസ്റ്റുപാർട്ടിയിലേയും നേതാക്കന്മാർ ചേർന്നു് "അദ്ധ്യാപകപണിമുടക്കു സംവിധാനകമ്മിററി" രൂപീകരിച്ചു. അവർ പുറപ്പെടുവിച്ച ആഹ്വാനമനുസരിച്ചു ഒരുകൂട്ടം ജനം പ്രകടനങ്ങൾതുടങ്ങി. 20,000പേരടങ്ങിയ ഒരു ജനക്കൂട്ടം അദ്ധ്യാപകപണിമുടക്കിനു പിൻതുണനൽകിക്കൊണ്ടു് യോഗംചേർന്നശേഷം അസംബ്ലി കെട്ടിടമിരിക്കുന്ന പ്രദേശമെന്ന ലക്ഷ്യമാക്കി മാർച്ചുചെയ്തു. അസംബ്ലിമന്ദിരത്തിനു 150വാര അകലെവച്ചു പോലീസു് അവരെ തടഞ്ഞു. കോർഡൻ പൊളിച്ചു് മുന്നോട്ടുപോകുവാൻ ശ്രമിക്കുന്നതെന്നു് ആവശ്യപ്പെട്ടു. എന്നാൽ ജനക്കൂട്ടം അതു പൊളിച്ചു മുന്നോട്ടുപോകുവാൻ ശ്രമിച്ചു. അപ്പോൾ കുതിരപ്പുറം പോലീസുകാരും കാൽനടപോലീസുകാരുംകൂടി ലാത്തിച്ചാർജ്ജ്‌വഴിയായും കണ്ണീർവാതകഷെല്ലുകൾവഴിയായും അവരെ പിരിച്ചുവിട്ടു. ജനക്കൂട്ടം ലഹളതുടങ്ങിട്ട 6 മണിക്കൂറിനുള്ളിൽ ഏകദേശം ഒരുഡസൻ സർക്കാർ ട്രാൻസ്പോർട്ടുബസ്സും 3 ട്രാംകാറും ഒരു പോലീസ്‌വാനും കത്തിച്ചുകളഞ്ഞു. അനേകം ഷോപ്പുജനാലകൾ എറിഞ്ഞുതകർത്തു പോലീസും ലഹളക്കാരും തമ്മിൽ ഒരു യുദ്ധംതന്നെ നടന്നു. ട്രാൻസ്പോർട്ടുഡിപ്പോട്ട തടയുകയും ഷോപ്പുകളിലും അങ്ങാടികളിലും ആക്രമണം നടത്തുകയും ചെയ്തതിന്റെ ഫലമായി ഗതാഗതവും പട്ടണത്തിലെ സാധാരണ ജീവിതഗതിയും തീരെ നിലച്ചു.

ഈ ലഹളകളും ബഹളങ്ങളും നടക്കുമ്പോൾ അസംബ്ലിഹാളിൽ നിയമസഭ സമ്മേളിച്ചു



വി. തോമ്മാശ്ലീഹായുടെ മാദ്ധ്യസ്ഥതാൽ രോഗം സുഖമായതിനു് കൃതജ്ഞത.

Alice John Cherrickal
Arpookara

കൊണ്ടിരുന്നു. പ്രതിപക്ഷപാർട്ടികളിലേയും ഗവമെൻറുപാർട്ടിയിലേയും പല സാമാജികന്മാരും, സമരനടപടികൾ തുടരുവാൻ സാദ്ധ്യമല്ലാത്തതിനാൽ, പുറത്തിറങ്ങി പ്രകടനങ്ങൾ നടക്കുന്ന പ്രദേശത്തുചെന്നു് പ്രകടനക്കാരോടു നിരോധനഉത്തരവു അനുസരിക്കുവാൻ ആവശ്യപ്പെട്ടു. സഹായധനമുള്ള സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു മാസം ഡിയർനെസ് അലവൻസായി17 ക. 8ണ. യും സഹായമില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ഡിയർനെസ് അലവൻസായി മാസം 10ക. യും അടുത്തസമ്പത്തികവർഷംമുതൽ നൽകാമെന്നു് മുഖ്യമന്ത്രി ഡോക്ടർ റോയി അസംബ്ലിയിൽ നേരത്തേ ചെയ്ത വാഗ്ദാനം അവർ പ്രകടനക്കാരെ അറിയിച്ചു അദ്ധ്യാപകന്മാർ ഡിയർനെസ് അലവൻസായി മാസം 35ക. ആവശ്യപ്പെട്ടിരുന്നതു കൊണ്ടു് സാമാജികന്മാരുടെ സമാധാനശ്രമത്തിനു് പ്രകടനക്കാർ വഴിപ്പെട്ടില്ല. കമ്മ്യൂണിസ്റ്റ്സാമാജികനായ മി. [illegible] മുകർജി ആ പ്രദേശം ചുററി മടങ്ങിവന്നു പറഞ്ഞു, പ്രകടനക്കാരുടെ ഘോഷയാത്ര അസംബ്ലിപരിസരത്തിനു തൊട്ടടുത്തുവരെ ചെല്ലാൻ അനുവദിച്ചിരുന്നെങ്കിൽ ഈ ബഹളങ്ങൾ ഒഴിച്ചുവക്കാമായിരുന്നുവെന്നു്. അതിനു മുഖ്യമന്ത്രി ഇങ്ങനെ മറുപടി പറഞ്ഞു.

പാർലമെൻറു് സമ്മേളനം നടക്കുമ്പോൾ ഇപ്രകാരമുള്ള പ്രകടനക്കാരെ അടുത്തുചെല്ലുവാൻ നിരോധിക്കുക മററു രാജ്യങ്ങളിലും പതിവുള്ളതാണു്. ഗവമെൻറിന്റെ നിരോധനം നടപ്പിൽ വരുത്തുവാൻ പോലീസിനു സാധിച്ചില്ലെങ്കിൽ അവരുടെ സ്ഥാപനത്തിനു യാതൊരു വിലയുമില്ല. നിയമം മനഃപൂർവ്വംലംഘിക്കുന്ന ആളുകളുടെമേൽ നിയമപ്രകാരം നടപടി നടത്തും. അദ്ധ്യാപകന്മാർ തന്റെ നിർദ്ദേശങ്ങൾക്കു വഴിപ്പെടുകയും അന്തരീക്ഷം അനുകൂലമെന്നു് താൻ കാണുകയും ചെയ്യുന്നപക്ഷം അറസ്റ്റുചെയ്ത അദ്ധ്യാപകന്മാരെ വിട്ടയക്കുന്നകാര്യം ആലോചിക്കാമെന്നും മുഖ്യമന്ത്രി പ്രതിപക്ഷസാമാജികന്മാർക്കുറപ്പു നൽകി.

പ്രകടനക്കാരുടെ കൈയേററങ്ങൾ വർദ്ധിക്കുകയും അവരുടെ കല്ലേറുകളും മററു അക്രമങ്ങളും നേരിടുവാൻ പോലീസിനു സാധിക്കാതെയാകുകയും ചെയ്തപ്പോൾ പട്ടാളം രംഗത്തിറങ്ങി. ഈ ലഹളകൾക്കിടയിലും അതു ശമിപ്പിക്കുവാൻവേണ്ടിയുള്ള പോലീസിന്റെയും പട്ടാളത്തിന്റെയും വെടിവെപ്പുകൊണ്ടും ആ ദിവസം ഏകദേശം 60 ആളുകൾക്കു മുറിവുപററി. അവരിൽ മൂന്നുപേർ മരിച്ചു. ഒരു പോലീസുസാർജൻറിനും ഒരു സബ്ഇൻസ്പെക്ടർക്കും മൂന്നു കാൺസ്റ്റബിൾമാർക്കും ഗുരുതരമായ മുറിവുപററി. അനേകം പോലീസുദ്യോഗസ്ഥന്മാർക്കും കാൺസ്റ്റബിൾമാർക്കും ഏറെക്കുറെ സാരമായ കേടുതട്ടി. പോലീസു് കയറിയിരുന്ന കുതിരകളിൽ 6 എണ്ണത്തിനും ഗുരുതരമായ മുറിവേററു. സ്ഥിതിഗതികൾ നിയന്ത്രണത്തിൽ വരുത്തിയശേഷവും പോലീസും പട്ടാളവും തെരുവുതോറും പെട്രോൾചെയ്തുകൊണ്ടിരുന്നു.

## പാർലമെൻറിൽ കമ്മ്യൂണിസ്റ്റുകാരുടെവാക്കൌട്ടും ചീങ്കണ്ണി കണ്ണുനീരും

ഫെബ്രുവരി 16-ാംനു പകലും രാത്രിയുമാണു് ഈ അനിഷ്ടസംഭവങ്ങൾ കൽക്കട്ടായിൽ നടന്നതു്. അതിന്റെ പ്രതിധ്വനി 17-ാംനു ന്യൂഡൽഹിയിൽ സമ്മേളിച്ചിരുന്ന പാർലമെൻറിൽ മുഴങ്ങുകയുണ്ടായി. ജനസഭയിലെ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ആക്ടിംഗ് ലീഡർ ഹിരൻ മുകർജിയും മിസ്സിസ് രേണു ചക്രവർത്തിയും ഒരുമിച്ചു് ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ചു. "കൽക്കട്ടായിൽ സെക്കൻററിസ്കൂൾ അദ്ധ്യാപകന്മാരുടെ സമാധാനപരമായ പണിമുടക്കിനെതിരായി പോലീസും പട്ടാളവും നടത്തിയ ബലപ്രയോഗത്തിൽനിന്നു് ഉളവായിരിക്കുന്ന ഗുരുതരമായ അവസ്ഥയെ പരാമർശിക്കുവാൻ." സ്പീക്കർ മി. മവലങ്കർ പ്രമേയത്തിനു് അനുമതി നൽകുവാൻ ഉറപ്പോടുകൂടി വിസ്സമ്മതിച്ചു. വിദ്യാഭ്യാസം, നിയമസമാധാനങ്ങൾ എന്നിവ സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ പെട്ടതുകൊണ്ടാണു് താൻ വിസ്സമ്മതിക്കുന്നതെന്നു് അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ എല്ലാഭാഗത്തും എന്തെങ്കിലും സംഭവവികാസങ്ങളുണ്ടായാലും സാമാജികന്മാർക്കു് അടിയന്തിരപ്രമേയം അവതരിപ്പിക്കുവാനുള്ള വാസനയുള്ളതായി അദ്ദേഹം അടുത്തകാലത്തു് കണ്ടുകൊണ്ടിരിക്കുകയാണു്. സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ കേന്ദ്രം കൈകടത്തുന്നതു തെററായിരിക്കും. സാരഭൂതമായ ദേശീയപ്രാധാന്യമുള്ള പ്രശ്നങ്ങളാണു് അടിയന്തിരപ്രമേയത്തിനു് വിഷയമാകേണ്ടതു്. സാധാരണപ്രശ്നങ്ങൾ മനുഷ്യരുടെ അനുകമ്പയേയോ, കോപത്തേയോ കുത്തിയിളക്കുന്നവയായാൽപ്പോലും അവ അടിയന്തിരപ്രമേയത്തിനു വിഷയമായിക്കൂടാ. ആകയാൽ ഒരു ചോദ്യം വഴിയായി സംഭവത്തെപ്പററി പൂർണ്ണമായ അറിവു് ഗവർമെൻറിൽനിന്നു് ആദ്യം അറിയുവാനും, അതിനുശേഷം പിന്നത്തെ പടി ആലോചിക്കുവാനും സ്പീക്കർ പ്രമേയം അവതരിപ്പിച്ച രണ്ടുപേരെയും ഉപദേശിച്ചു. പട്ടാളം സിവിലധികാരികൾക്കു് സഹായത്തിനു ചെന്നുവെന്ന വസ്തുത നിമിത്തം പ്രസ്തുത വിഷയം കേന്ദ്രത്തിന്റെ വിഷയമായി തീരുന്നില്ലെന്നും അദ്ദേഹം പ്രസ്താവിച്ച ഈ ന്യായങ്ങളൊന്നും അവരെ തൃപ്തിപ്പെടുത്തിയില്ല. ഒരു വാക്കൌട്ടു് അഭിനയം നടത്തണമെന്നുള്ള പ്ലാൻ പ്രയോഗത്തിൽ വരുത്താൻതന്നെ അവർ തീരുമാനിച്ചു. "ലജ്ജാവഹം, ലജ്ജാവഹം" എന്നു സ്പീക്കരുടെ തീരുമാനത്തിനെതിരായി ആക്രോശിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റു് സാമാജികന്മാർ ഒന്നടങ്കം ഹാൾവിട്ടു പുറത്തുപോയി. "ഈ ഗവർമെൻറു് ആളുകളെ ഈച്ചകളെപ്പോലെ കൊല്ലുകയാണു്" എന്നു് അവരിൽ ഒരു സാമാജികൻ വിളിച്ചുപറയുകയും ചെയ്തു. കൽക്കട്ടായിലെ ഈ അദ്ധ്യാപകപണിമുടക്കിന്റെ പിറകിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുണ്ടെന്നു് ജനസഭയിലെ കോൺഗ്രസ്സ് സാമാജികന്മാർക്കു് ഏതാണ്ടു് നിശ്ചയമുണ്ടായിരുന്നു. അങ്ങനെയിരിക്കെ അതിലൊന്നിലും തങ്ങൾക്കു പങ്കില്ലെന്നു നിരപരാധിത്വം ഭാവിച്ചു് കൽക്കട്ടായിലെ അസമാധാനങ്ങളിൽനിന്നു് രാഷ്ട്രീയമായി മുതലെടുക്കുവാൻ അടിയന്തിരപ്രമേയവുംകൊണ്ടു് കമ്മ്യൂണിസ്റ്റു് സാമാജികന്മാർ മുൻപോട്ടുവന്നതുകണ്ടു് കോൺഗ്രസ്സ് ബെഞ്ചുകളിൽനിന്നും ഹാസ്യകരമായ ചിരിയാണു് പൊന്തിയതു്. "സമാധാനപരമായ പണിമുടക്കു്", "അക്രമരഹിതമായ പ്രകടനം" എന്നു് അദ്ധ്യാപകരുടേയും ജനക്കൂട്ടത്തിന്റേയും നടപടികളെ വെള്ളയടിച്ചുകാണിക്കുകയും, ഗവർമ്മെൻറിന്റെ നടപടിയെ "ആലോചനാരഹിതവും സമാധാനഭഞ്ജകവും" എന്നു് താറടിക്കുകയും ചെയ്യുവാൻ മുകർജി തന്റെ പ്രസംഗത്തിനിടയിൽ ഉന്നിയതു് കമ്മ്യൂണിസ്റ്റുകാരുടെസഹജമായ അടവുകൾക്കു് തികച്ചും ചേർന്നതാണു്. മനുഷ്യജീവികളെ ഈച്ചകളെപ്പോലെ കൂട്ടംകൂട്ടമായി വെടിവെച്ചുകൊല്ലുന്നുവെന്നു ആക്രോശിച്ച ആ കമ്മ്യൂണിസ്റ്റു് സാമാജികൻ യഥാർത്ഥമാണു പറഞ്ഞതു്. പക്ഷേ അങ്ങനെ കൊല്ലുന്ന ഗവർമ്മെൻറുള്ളതു് ഇവിടെയല്ല, മററു പ്രജായത്തരാജ്യത്തുമല്ല, പിന്നെയോ കമ്മ്യൂണിസ്റ്റു് പാർട്ടി ഭരിക്കുന്ന സോവ്യററു് റഷ്യയിലും അതിന്റെ പിടിയിലമർന്നു കമ്മ്യൂണിസ്റ്റുഭരണം നടത്തുന്ന ഇരുമ്പുമറ രാജ്യങ്ങളിലുമാണു്. ലനിന്റെ വലംകൈയായി നിന്നിരുന്ന ബോൾഷെവിക്കു് നേതാക്കന്മാരേയും സൈനികമേധാവികളേയും സ്റ്റാലിനും അദ്ദേഹത്തിന്റെ അനുചരന്മാരും കൊന്നൊടുക്കിയതിനു് കൈയും കണക്കുമുണ്ടോ? അതൊന്നും കമ്മ്യൂണിസ്റ്റുസിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ ആശ്ചര്യകരമല്ലതന്നെ. എന്തുകൊണ്ടെന്നാൽ കമ്മ്യൂണിസ്റ്റുസിദ്ധാന്തപ്രകാരം മനുഷ്യനും ഈച്ചയുംതമ്മിൽ ആകൃതിയിലും മുഴുപ്പിലുമല്ലാതെ തരത്തിലും പ്രകൃതിയിലും വ്യത്യാസമൊന്നുമില്ല.

"ആളുകൾ" ആയ മനുഷ്യർക്കു് ആദ്ധ്യാത്മികമായ ആത്മാവുണ്ടു്; ഈച്ചകൾക്കതില്ല. അവരണ്ടും തമ്മിലുള്ള വ്യത്യാസം അതാണു്. എന്നാൽ കമ്മ്യൂണിസ്റ്റുകാർ മനുഷ്യാത്മാവിൽ വിശ്വാസമില്ലാത്തവരാകയാൽ മനുഷ്യരെ കൊല്ലുന്നതും ഈച്ചകളെ കൊല്ലുന്നതും ഒരുപോലെ വീക്ഷിക്കുവാനാണു് അവർക്കു് ന്യായമുള്ളതു്. എന്നിരിക്കെ പോലീസിന്റേയും പട്ടാളത്തിന്റേയും വെടിവെപ്പുമൂലം മനുഷ്യർ മരിച്ചെങ്കിൽ അവരെന്തിനു് കണ്ണുനീർ ഒഴുക്കുന്നു? അവരുടെ കണ്ണുനീർ ചീങ്കണ്ണിക്കണ്ണുനീർമാത്രം!

—o—

# പോപ്പുരാജൻ വിജയിക്കട്ടെ!

(ഏ. ജി. അഗസ്റ്റിൻ ബി. ഏ., ബി. എൽ.)

ലോകൈക ധാർമ്മികസമ്രാട്ടും കത്തോലിക്കാ മതാദ്ധ്യക്ഷനുമായ മാർപ്പാപ്പാ തിരുമനസ്സിലെ തിരുനാളാണ്‌ ഇക്കൊല്ലം മാർച്ച് 7-ാംതിയതി ആഘോഷിക്കുന്നതു്. കേവലം കത്തോലിക്കർ മാത്രം പ്രത്യേകമായി ആചരിക്കേണ്ട ഒരു സുദിനമല്ല അതു്. ആധുനികലോകത്തിലെ മുത്തുമരടിച്ചു വിഷമപ്രശ്നങ്ങൾക്കു പരിഹാരം വരുത്തി സുസ്ഥിരവും നീതിപൂർവ്വകവുമായ ശാന്തിയും സമാധാനവും സ്ഥാപിക്കാൻ 12-ാം പീയൂസ്‌ തിരുമേനി ചെയ്തുവരുന്ന നിസ്തന്ദ്രശ്രമങ്ങൾ പല അകത്തോലിക്കാപ്രധാനന്മാരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ടെന്ന സംഗതി പാപ്പാദിനം ജാതിമതദേശാതിപരിമിതികൾക്കതീതമായി സാർവ്വലൗകികമായ തോതിൽ ആഘോഷിക്കേണ്ടതിന്റെ ഔചിത്യത്തെയാണ്‌ സുവിദിതമാക്കുന്നതു്. ലോകസമാധാനത്തിനുവേണ്ടി ഇത്ര ത്യാഗപൂർവ്വം പ്രാർത്ഥനയും പ്രവൃത്തിയുംവഴി അവിശ്രമമായി യത്നിക്കുന്ന മറ്റൊരു വ്യക്തി ഇന്നു ഭൂമുഖത്തില്ലതന്നെ. സമരഭീകരമായ ഇന്നത്തെ ലോകം അവിടുത്തെ സന്ദേശങ്ങളിലാണ്‌ അല്പമെങ്കിലും സമാശ്വാസം കണ്ടെത്തുന്നതെന്ന വാസ്തവം മറച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല.

നീതിക്കും സമാധാനത്തിനും വേണ്ടി ഉൽക്കണ്ഠയോടുകൂടി പ്രവർത്തിക്കുന്ന ആർക്കും പ്രചോദനവും മാതൃകയും നൽകുന്ന മഹത്തായ ജീവിതകഥയാണ്‌ ഇപ്പോഴത്തെ മാർപ്പാപ്പാ തിരുമേനിക്കുള്ളതു്. 1876 മാർച്ച് 2-ാം തിയതി റോമയിൽ ജാതനായ എവുജനിയോ പച്ചെല്ലി (ഇതാണ്‌ തിരുമേനിയുടെ പേരു്) 1899 മാർച്ചുമാസത്തിൽ വൈദികപട്ടം സ്വീകരിക്കുകയും ഇടന്നു് ഏതാനും കൊല്ലക്കാലം പ്രൊഫസ്സർ എന്ന നിലയിൽ സർവ്വകലാശാലയിലും അക്കാഡമിയിലും ജോലി നോക്കുകയും ചെയ്തശേഷം 1911-ൽ വത്തിക്കാനിൽ അസാധാരണ സഭാകാര്യങ്ങൾക്കായുള്ള തിരുസംഘത്തിന്റെ അണ്ടർ സെക്രട്ടറിയായും 1914-ൽ സെക്രട്ടറിയായും നിയമിക്കപ്പെട്ടു 1917 വരെ അദ്ദേഹം വത്തിക്കാനിലെ സെക്രട്ടറിയേററിലാണ്‌ ജോലിചെയ്തതു്. ഈ കാലഘട്ടത്തിൽ ഇംഗ്ലണ്ടു്, അമേരിക്ക, ഫ്രാൻസ, ജർമ്മനി ഇടങ്ങിയ 12 പ്രധാന രാജ്യങ്ങൾ സന്ദർശിച്ചു തന്റെ രാഷ്ട്രീയ വിജ്ഞാനവും ലോകപരിചയവും വിപുലമാക്കുകയുണ്ടായി 1917 നു ശേഷം രാജ്യതന്ത്രജ്ഞൻ എന്ന നിലയിലാണ്‌ അദ്ദേഹം ഉദ്യോഗനിയുക്തനായതു്. അക്കൊല്ലംബവേറിയായുടെ തലസ്ഥാനമായ മ്യൂണിക്കിലെ നൺഷ്യോയായി നിയമിക്കപ്പെട്ടു. ഒന്നാംലോകമഹായുദ്ധം കൊടുമ്പിരിക്കൊണ്ടിരുന്ന ഒരവസരമായിരുന്നു അതു്. അന്നത്തെ മാർപ്പാപ്പ 15-ാം ബനദിക്ടസ്‌ തിരുമേനി സമാധാനസ്ഥാപനത്തിനുവേണ്ടി അനവരതം പരിശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടുത്തെ ദൗത്യവും വഹിച്ചുകൊണ്ടാണ്‌ മോൺ. പച്ചെല്ലി അപകടമേഖലയിൽപെട്ട മ്യൂണിക്കിലെത്തിയതു്. സമാധാനസിദ്ധിക്കുവേണ്ടി കഴിവുള്ളതൊക്കെ ചെയ്യണമെന്നു നിർബന്ധപൂർവ്വം കൈസറെ ഉപദേശിക്കുന്ന മാർപ്പാപ്പാ തിരുമേനിയുടെ ഒരു പൈതൃകസന്ദേശം അദ്ദേഹം ചക്രവർത്തിയെ ഏല്പിച്ചു. ഈ സുപ്രധാനസംഭവത്തെത്തുടർന്നാണ്‌ 1917 ആഗസ്റ്റ് 1-ാംനു മാർപ്പാപ്പ ലോകമഹായുദ്ധം പര്യവസാനിപ്പിക്കുന്നതിനു



മാർപ്പാപ്പാ തിരുമേനി ഔദ്യോഗിക സ്ഥാനചിഹ്നങ്ങൾ ധരിച്ചു നില്ക്കുന്നു

ള്ള സന്ധിശ്രമങ്ങളിൽ ഏർപ്പെട്ടതും ആ ലോകമഹാവിപത്തിനു സമാപ്തിവരുത്തിയതും. 1920-ൽ മോൺ. പച്ചെല്ലി ബർലിനിലെ ഒന്നാമത്തെ നൺഷ്യോയായി നിയമിക്കപ്പെട്ടു. ഇവിടെ വച്ചാണ്‌ സർവ്വരാജ്യപരമായ കാര്യങ്ങളിൽ കൂടുതൽ കൂടുതൽ ഇടപെടുന്നതിനു് അദ്ദേഹത്തിനു് അവസരം ലഭിച്ചതു്. വത്തിക്കാനും പ്രഷ്യയും തമ്മിലുള്ള കോൺകർഡാറ്റുടമ്പടിക്കു ഒപ്പുവയ്ക്കുന്നതിൽ അദ്ദേഹം സാരമായ ഭാഗഭാഗിത്വം വഹിക്കുകയുണ്ടായി ജർമ്മൻജനതയുടെ അകൈതവമായ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുന്നതിനും തിരുസഭയുടെ പ്രശസ്തി വ്യാപിപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ സേവനങ്ങൾ അത്യധികം ഉപകരിച്ചു 1929 ഡിസമ്പർ 19-ാം തിയതി അദ്ദേഹം കർദ്ദിനാൾ സ്ഥാനത്തേക്കുയർത്തപ്പെടുകയും 1930 ഫെബ്രുവരി 7-ാം തിയതി 11-ാംപീയൂസ്‌ മാർപ്പാപ്പയുടെ സ്റ്റേററുസെക്രട്ടറി എന്ന ഉന്നത ഉദ്യോഗത്തിൽ നിയമിക്കപ്പെടുകയും ചെയ്തു. ഒൻപതു കൊല്ലക്കാലം വളരെയധികം ഉത്തരവാദിത്വമേറിയ ഈ ഉദ്യോഗം അദ്ദേഹം നിസ്തുലമായ പ്രാഗത്ഭ്യത്തോടും കാര്യക്ഷമതയോടുംകൂടി നിർവ്വഹിച്ചു. തന്റെ അസാധാരണമായ രാജ്യതന്ത്രജ്ഞതയും രാഷ്ട്രകാര്യനൈപുണ്യവും പ്രകടമാക്കിയതു് ഈ അവസരത്തിലായിരുന്നു. ബേഡൻ, ജർമ്മനി, ഓസ്ട്രിയ, യൂഗോസ്ലാവിയ തുടങ്ങിയ രാജ്യങ്ങളുമായി വത്തിക്കാൻ ഉടമ്പടിയിലേർപ്പെട്ടതു കർദ്ദിനാൾ പച്ചെല്ലിയുടെ ശ്രമഫലമായിട്ടാണ്‌. രാഷ്ട്രങ്ങൾ തമ്മിൽ സൗഹാർദ്ദവും സ്നേഹബന്ധവും പുനസ്ഥാപിക്കുന്നതിനും ലോകരാഷ്ട്രങ്ങളുടെയിടയിൽ വത്തിക്കാൻ അതിമാന്യമായ സ്ഥാനം കരസ്ഥമാക്കുന്നതിനും അദ്ദേഹം ചെയ്ത ശ്രമങ്ങൾ വിജയപ്രദമായിരുന്നു. പേപ്പൽപ്രതിനിധി എന്ന നിലയിൽ അമേരിക്ക, ഫ്രാൻസ്, ബ്യൂഡാപ്പെസ്റ്റ് തുടങ്ങിയ വിദേശരാജ്യങ്ങളിലേക്കു അദ്ദേഹം നടത്തിയ പര്യടനങ്ങൾ കത്തോലിക്കാസഭയുടെ ധാർമ്മികശക്തി അന്യമതസ്ഥരെ ഗ്രഹിപ്പിക്കുന്നതിനു പ്രയോജകീഭവിക്കുകയുണ്ടായി.

1939 ഫെബ്രുവരി 10-ാംനു 11-ാംപീയൂസ്‌ തിരുമേനി ദിവംഗതനായപ്പോൾ സഭാഭരണം ഏറെറടുക്കുന്നതിനു താല്ക്കാലികമായി നിയമിക്കപ്പെട്ടതു് കർദ്ദിനാൾ പച്ചെല്ലി തിരുമേനിയാണ്‌. മാർച്ച് 2-ാംനു അവിടുന്നു മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെടുകയും വിശുദ്ധ പത്രോസിന്റെ 261-ാമത്തെ പിൻഗാമിയും വത്തിക്കാൻ സംസ്ഥാനത്തിന്റെ രാജാവുമായി 12-ാംപീയൂസ്‌ എന്ന നാമം സ്വീകരിച്ചുകൊണ്ടു മാർച്ച് 12-ാംനു കിരീടധാരണം ചെയ്യപ്പെടുകയും ചെയ്തു.

"നീതിയുടെ പരിണതഫലം സമാധാനം" എന്ന തത്വത്തെ മുദ്രാവാക്യമായി അംഗീകരിച്ചുകൊണ്ടു അവിടുന്നു ആരംഭിച്ച തിരുസഭാഭരണം ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തുവാൻ അർഹമാകത്തക്കവിധം ശോഭനമായിരിക്കുകയാണ്‌. കഴിഞ്ഞ പതിനഞ്ചു സംവത്സരകാലമായി നമ്മുടെ പുരോഗതിക്കും ലോകശാന്തിക്കുംവേണ്ടി അവിടുന്നു ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുലസേവനങ്ങൾ ഈ ലഘുലേഖനത്തിൽ എണ്ണിയെണ്ണിപ്പറവാൻ സാദ്ധ്യമല്ല അവ അത്ര വിപുലങ്ങളും മഹത്തരങ്ങളുമത്രെ. അവിടുന്നു ഭരണഭാരം ഏറെറടുത്തു അധികം കഴിയുംമുമ്പുതന്നെയാണ്‌ ആഗോളവ്യാപകമായ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. ഈ ദുരന്തസംഭവം ലോകത്തിനു വരുത്തിവച്ച ഭീകരനാശങ്ങൾ തിരുമേനിയുടെ മനസ്സിനെ വല്ലാതെ വ്രണപ്പെടുത്തുകയുണ്ടായി. നാടും വീടുംവിട്ടു് ഉണ്ണാനും ഉറങ്ങാനും കഴിവില്ലാതെ അനാഥരായി അലഞ്ഞുതിരിയാൻ ദൗർഭാഗ്യം നേരിട്ട അനേകലക്ഷങ്ങൾക്കു സഹായഹസ്തം നീട്ടിക്കൊടുക്കാൻ അവിടുന്നു ചെയ്ത ആഹ്വാനം പരസ്നേഹപ്രബുദ്ധരായ അനേകംപേരെ സേവനരംഗത്തേക്കു ആനയിക്കാനും ലോകദുരിതത്തിനു ശമനംവരുത്താനും ഉപകരിച്ചു. ഈ പരസ്നേഹപ്രവർത്തനങ്ങളിൽ തിരുമേനിതന്നെ മുൻകൈയെടുത്തു മററുള്ളവർക്കു മാതൃകയായി വർത്തിക്കുകയും ചെയ്തു. യുദ്ധം അവസാനിപ്പിച്ചു സമാധാനമാർഗ്ഗത്തിൽ ചരിക്കുവാൻ അവിടുന്നു രാഷ്ട്രങ്ങളോടുചെയ്ത ഉൽബോധനം കേവലം വനരോദനമായി കലാശിച്ചുവെന്നു പറയാൻ പാടില്ല. അമേരിക്കയുതുടങ്ങിയ വൻകിടരാഷ്ട്രങ്ങളുടെ ഭരണമേധാവികൾ തങ്ങളുടെ പ്രതിനിധികളെ വത്തിക്കാനിലേക്കു അയച്ചുംമററും മാർപ്പാപ്പയുടെ ഉപദേശങ്ങളേയും മാദ്ധ്യസ്ഥത്തേയും തേടുകയുണ്ടായ. യുദ്ധസമാപ്തിക്കും സമാധാനാവസ്ഥയ്ക്കുംവേണ്ടി അവിടുന്നുചെയ്ത പ്രാർത്ഥനാഭരിതമായ ശ്രമങ്ങൾ ഒടുവിൽ വിജയമകുടം ചൂടുകയുണ്ടായല്ലോ. ഇപ്പോഴും അവിടുന്നു ലോകത്തിന്റെ സുസ്ഥിതിക്കും സമാധാനത്തിനുംവേണ്ടി അവിശ്രമമായി പ്രവർത്തിക്കുകയാണ്‌. ആതുരശുശ്രൂഷയ്ക്കും സാധുജനസേവനത്തിനുമായി പ്രത്യേകം സംഘടനകൾ സ്ഥാപിച്ചു പ്രവർത്തനം നടത്താൻവേണ്ട ഉത്തേജനവും ഉൽബോധനവും നൽകിക്കൊണ്ടിരിക്കുന്നുമുണ്ടു്. തൊഴിലാളികളുടെ ഉന്നമനവും അവിടുത്തെ ഹൃദയാഭിലാഷങ്ങളിൽ മുഖ്യമായതുതന്നെയാണ്‌. സ്വന്തം ആരോഗ്യത്തെപ്പോലും അവഗണിച്ചുകൊണ്ടാണ്‌ 78 വയസ്സു പ്രായമായ തിരുമേനി ഈ വക മഹൽകാര്യങ്ങൾക്കുവേണ്ടി ഇപ്പോഴും അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഈയിടെ ഉൽക്കണ്ഠാകുലമായവിധം തിരുമേനിക്കു ആലസ്യം പിടിപെട്ടതു് തികച്ചും വിശ്രമരഹിതമായ ഈ കഠിനയത്നങ്ങളും ബുദ്ധിമുട്ടുകളും നിമിത്തമായിരുന്നു. ഇപ്പോഴും ഈ ആലസ്യത്തിൽനിന്നു പൂർണ്ണസുഖം പ്രാപിച്ചിട്ടില്ലെങ്കിലും സഭാകാര്യങ്ങൾ നോക്കുന്നതിലും ജനതകൾതമ്മിൽ ശാന്തിയും ഉൽക്കർഷവും പുലർത്തുന്നതിലും അത്യധികം ശ്രദ്ധപതിച്ചുകൊണ്ടുതന്നെയാണ്‌ തിരുമേനി വർത്തിക്കുന്നതെന്നത്രെ റിപ്പോർട്ടുകളിൽ കാണുന്നതു്. അവിടുത്തെ മഹത്തമവും ത്യാഗസമന്വിതവുമായ സേവനങ്ങളും തിരുസഭാഭരണവും കൂടുതൽ കൂടുതൽ വിജയപ്രദമാകുന്നതിനും അങ്ങനെ ധർമ്മനിഷ്ഠവും നീതിപൂർവ്വകവുമായ ഒരു ലോകക്രമം സ്ഥാപിതമാകുന്നതിനും നമുക്കു അവിടുത്തോടു ഏകയോഗമായി സഹകരിച്ചു ദൈവാനുഗ്രഹത്തിനായി ഈ അവസരത്തിൽ പ്രത്യേകം പ്രാർത്ഥിക്കാം. പോപ്പുരാജൻ വിജയിപ്പൂതാക!

ഒരു

## വിവാഹമംഗളാശംസ

താഴെക്കാട്ടുപള്ളി ഇടവക ചാതിയാഷി ശ്രീമാൻ ലോനപ്പന്റെ പുത്രൻ ശ്രീമാൻ തോമസും കുഴിക്കാട്ടുശ്ശേരി ചെരടായി കണ്ണമ്പുഴ ശ്രീമാൻ ചാക്കുണ്ണിയുടെ പുത്രി ശ്രീമതി മേരിയും തമ്മിലുള്ള വിവാഹം ഇക്കഴിഞ്ഞ ഫെബ്രുവരി 22-ാംതിയതി കുഴിക്കാട്ടുശ്ശേരി പള്ളിയിൽവച്ചു മംഗളപൂർവ്വം നടന്നിരിക്കുന്നു. നവദമ്പതിമാർക്കു സൗഭാഗ്യകരമായ വൈവാഹികജീവിതത്തെ ഹൃദയപൂർവ്വം ആശംസിക്കുന്നു.

എന്നു്, തെങ്ങിൽ ഇനാശു
അന്തോണി, കൊളമ്പു്-2

## ഇൻഡ്യൻ ചാപ്ലന്മാർ

കൊറിയൻ തടവുകാരിൽപ്പെട്ട കമ്മ്യൂണിസ്റ്റ് വിരുദ്ധന്മാർക്കു ചാപ്ലന്മാരെ കിട്ടണമെന്നു ജനറൽ തിമ്മയ്യായുടെപക്കൽ അവർ പരാതിപ്പെട്ടു. ജെനീവാ കൺവെൻഷൻ 34-ാം 37-ാം വകുപ്പുകൾ അനുസരിച്ചു അവർക്കു കിട്ടേണ്ടതാണ്‌. തദനുസരണം തങ്ങൾ ചാപ്ലന്മാരെ അയച്ചുകൊടുക്കാമെന്നു യു. എൻ. ക. തിമ്മയ്യായെ അറിയിച്ചെങ്കിലും അദ്ദേഹം അതു തിരസ്കരിക്കയാണു ചെയ്തതു്. സന്ധിയുടമ്പടിപ്രകാരം ചാപ്ലന്മാർ ഇൻഡ്യക്കാർതന്നെ ആയിരിക്കണമെന്നു അദ്ദേഹം വാദിച്ചു. അതിൻപ്രകാരം അദ്ദേഹം ഇൻഡ്യാഗവമ്മെൻറിനോടു അപേക്ഷിച്ചു. എന്നാൽ ചൈനീസുഭാഷയോ കൊറിയൻഭാഷയോ പരിചയമുള്ള വൈദികർ ഇവിടെ ഉണ്ടായിരുന്നില്ല. ഒടുവിൽ ഭാഷ അറിഞ്ഞുകൂടാത്തവരായിത്തന്നെ കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരുമായ ഏതാനും ചാപ്ലന്മാരെ, വൈദികാദ്ധ്യക്ഷന്മാരുടെ സഹായത്താൽ ഉടനെ ഇവിടെനിന്നു അയച്ചുകൊടുക്കുകയാണുചെയ്തതു്. അവരിപ്പോൾ ഇൻഡ്യയിൽ മടങ്ങിയെത്തിയിരിക്കുന്നു.




AVAILABLE AT: Chakolas SILK HOUSE
TRICHUR ★ ERNAKULAM

ഗ്രൂപ്പ് ഫോട്ടോ

നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലും മിതമായ ചാർജ്ജിനും കൃത്യസമയത്തും ചെയ്തുതരുവാൻ ഞങ്ങളെ സമീപിക്കുക.

ലോയൽ സ്റ്റൂഡിയോ
തൊടുപുഴ (T. C. State)

സഭാചരിത്രപംക്തി 19

# തത്വജ്ഞാനിയും മതപീഡകനുമായ മാർക്കസ് ഔറീലിയസ്

(പ്രൊഫസർ പി. റ്റി. തോമസ് എം. എ.)

മാർക്കസ് ഔറീലിയസിന്റെ കാലത്തെ മതപീഡനമാണ് അടുത്തതായി ചർച്ചാവിഷയമാക്കേണ്ടിയിരിക്കുന്നത്. എന്നാൽ അതിനുമുൻപായി ട്രാജന്റെ പിൻഗാമികളായി സാമ്രാജ്യഭരണം നടത്തിയ ഹാഡ്രിയന്റെയും (Hadrian —117—138) ആന്റോനിയസിന്റെയും (Antonius 138—161) കാലത്തു നടന്ന ചില സുപ്രധാന സംഭവങ്ങളെപ്പറ്റി പ്രസ്താവിക്കേണ്ടതാവശ്യമാണ്.

ഹാഡ്രിയന്റെ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ ജനസമാന്യത്തിനു ക്രിസ്ത്യാനികളോടുണ്ടായിരുന്ന വിരോധം അനുദിനമെന്നവണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. ഏഷ്യാമൈനറിലാണ് ഇതു മൂർദ്ധന്യത്തിലെത്തിയത്. അവിടെ വളരെയധികം ക്രിസ്ത്യാനികളുണ്ടായിരുന്നു എന്നുമാത്രമല്ല ചക്രവർത്തിക്കു ദേവാരാധന അർപ്പിക്കുന്ന ആചാരം അവിടങ്ങളിൽ വളരെ പ്രചാരത്തിലെത്തുകയും ചെയ്തിരുന്നു. ക്രിസ്ത്യാനികളെ അവരുടെ വീടുകളിലും രഹസ്യസങ്കേതങ്ങളിലും ചെന്നു തേടിപ്പിടിച്ചു ബന്ധിപ്പിക്കുന്നതിലും വധിക്കുന്നതിലും ജനങ്ങൾതന്നെ മുൻകൈയെടുത്തു. അക്രമപ്രസക്തരായ ജനക്കൂട്ടത്തെ നിയന്ത്രിക്കുവാൻ ഭരണകർത്താക്കൾക്കുപോലും കഴിവില്ലാതെവന്നു. പൊതുഉത്സവാഘോഷങ്ങൾ നടക്കുമ്പോൾ പെട്ടെന്നു ഒരു കോണിൽനിന്നു കേൾക്കാം ഒരാരവം "ക്രിസ്ത്യാനികളെ കൊല്ലുക" എന്നു. ഞൊടിയിടയിൽ ഒരു ക്രിസ്ത്യാനിയെ സിംഹത്തിന്റെ മുൻപിലേക്കു എറിഞ്ഞുകഴിയും. ഇങ്ങനെ ക്രിസ്തുമതവിദ്വേഷികളായിരുന്ന ജനാവലിയുടെ കോപാഗ്നിയിൽ എത്ര ക്രിസ്ത്യാനികൾ ആഹുതിചെയ്യപ്പെട്ടു എന്നു നിർണ്ണയിക്കുക സാദ്ധ്യമല്ല. ഒടുവിൽ ഏഷ്യൻ പ്രവിശ്യയിലെ പ്രോകോൺസൽ ഹാഡ്രിയൻ ചക്രവർത്തിയുടെ പക്കൽ സ്ഥിതിഗതികൾ വിവരിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ടയച്ചു. ഹാഡ്രിയന്റെ മറുപടിയിൽ യാതൊരു കാരണവശാലും നീതിന്യായപരിപാലനത്തിൽ ജനങ്ങൾ കൈകടത്തുവാൻ അനുവദിക്കരുതെന്നും, ക്രിസ്ത്യാനികൾക്കെതിരായി ഉന്നയിക്കപ്പെടുന്ന കുറ്റങ്ങളെപ്പറ്റി ശരിയായ തെളിവെടുത്തശേഷം കുറ്റങ്ങളുടെ ഗൗരവമനുസരിച്ചുള്ള ശിക്ഷകൾമാത്രം നൽകണമെന്നും, ജനങ്ങളുടെ കോലാഹലത്തെയോ ഭീഷണിയെയോ ഭയന്നു ക്രിസ്ത്യാനികൾക്കു അനർഹമായ ശിക്ഷ നൽകരുതെന്നും അനുശാസിച്ചിരുന്നു. ഈ രാജശാസനംകൊണ്ടുപോലും ജനങ്ങളുടെ സംഘാതമായ അക്രമപ്രവൃത്തികൾക്കു വിരാമമിടുവാൻ കഴിഞ്ഞില്ല.

ഹാഡ്രിയന്റെ പിൻഗാമിയായ ആന്റോണിയസിന്റെ ഭരണകാലത്തു A. D. 156-ൽ സ്മേർണാ എന്ന സ്ഥലത്തു ഒരു പീഡനം പൊട്ടിപ്പുറപ്പെട്ടു. ഇതിൽ പുറജാതിയരും യഹൂദരും കാര്യമായ പങ്കുവഹിച്ചു. അനവധി ക്രിസ്ത്യാനികളെ ബന്ധനങ്ങളിൽപ്പെടുത്തും സിംഹങ്ങൾക്കെറിഞ്ഞുകൊടുക്കയും ചെയ്തു. എന്നിട്ടും വൈരാഗ്യം ശമിക്കാത്ത ജനക്കൂട്ടം വിളിച്ചുപറഞ്ഞു: "ഈ നിരീശ്വരന്മാരെ കൊല്ലുക, പോളിക്കാർപ്പിനെ അറസ്റ്റുചെയ്യുക" എന്നു. ജനക്ഷോഭംകണ്ടു അമ്പരന്ന റോമൻ പ്രോകോൺസൽ, അവരെ പ്രീണിപ്പിക്കുവാൻവേണ്ടി പോളിക്കാർപ്പിനെ ബന്ധനസ്ഥനാക്കി. സ്മേർണായിലെ മെത്രാനും ക്രിസ്ത്യാനികളുടെ നേതാവുമായിരുന്ന വി. പോളിക്കാർപ്പ് (St. Polycarp) വളരെ വർഷക്കാലം വി. യോഹന്നാൻ അപ്പസ്തോലന്റെ ശിഷ്യനും സഹചാരിയുമായിരുന്ന ആളാണ്. വിസ്താരംഗത്തുവച്ചു ഗവർണ്ണർ അദ്ദേഹത്തിന്റെ ജീവനെ രക്ഷിക്കുവാൻ പല ഉപായങ്ങളും പ്രയോഗിച്ചുനോക്കി; എന്നാൽ പോളിക്കാർപ്പിന്റെ വിശ്വാസചൈതന്യവും കീർത്തിതീക്ഷ്ണതയും അവയെയെല്ലാം പരാജയപ്പെടുത്തുകയാണുണ്ടായതു്. ഗവർണ്ണർ തടവുകാരനോടു് ആജ്ഞാപിച്ചു: "നിങ്ങൾ ക്രിസ്തുവിനെ ശപിക്കുക, ഞാൻ നിങ്ങളെ വിട്ടയക്കാം" പോളിക്കാർപ്പ് ഇങ്ങനെ പ്രതിവചിച്ചു: "ക്രിസ്തുവിനെ ശപിക്കയോ! എൺപത്തിയാറു സംവത്സരം ഞാൻ അദ്ദേഹത്തെ സേവിച്ചു. അദ്ദേഹം എനിക്കു നന്മയല്ലാതെ മറ്റൊന്നും ഇന്നുവരെയും ചെയ്തിട്ടില്ല. എന്നെ രക്ഷിച്ചു പരിപാലിച്ചുപോന്നിട്ടുള്ള എന്റെ രാജാവിനെ ഞാനെങ്ങനെ ശപിക്കും." ഇതുകേട്ടു ജനങ്ങൾ അട്ടഹസിച്ചു: "ഇയാൾ നമ്മുടെ ദേവന്മാരെ നശിപ്പിക്കുന്നവനാണു്. ഇയാളെ ജീവനോടെ ദഹിപ്പിക്കണം." ഗവർണ്ണർ അപ്രകാരംതന്നെ വിധിയും പ്രസ്താവിച്ചു. അടുത്തനിമിഷത്തിൽ പോളിക്കാർപ്പ് ഒരു തൂണിനോടു ചേർത്തു ബന്ധിക്കപ്പെട്ടു. അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നും ഹൃദയാവർജ്ജകമായ ഒരു പ്രാർത്ഥന നിർഗ്ഗളിച്ചു. നാലുപാടും അഗ്നിനാളങ്ങൾ ഉയർന്നു. അദ്ദേഹത്തിന്റെ ശരീരത്തിലേക്കു അഗ്നി വ്യാപിക്കുവാൻ അല്പം താമസിക്കുന്നതു കണ്ടുനിന്ന ഒരാൾ ഒരു വാൾ ആ ശരീരത്തിലേക്കു കുത്തിയിറക്കി. ആ ധന്യജീവിതത്തിനു വിരാമമിട്ടു. ഹാഡ്രിയന്റെ കാലത്തു നടന്ന മതപീഡനത്തിൽ വധിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഒന്നാം അലക്സാണ്ടർ മാർപ്പാപ്പായും, ഉൾപ്പെടുന്നു. ആന്റോണിയസ് ചക്രവർത്തിയുടെ കാലത്തു വി. പോളിക്കാർപ്പിനെ കൂടാതെ മാർപ്പാപ്പാമാരായ തെലെസ്ഫോറസ്, (Telesphorus) ഹിജീനസ്, (Hyginus) പീയൂസ് ഒന്നാമൻ (Pius) എന്നിവരും രക്തസാക്ഷികളായി മരണമടഞ്ഞു.

അടുത്തതായി രംഗപ്രവേശം ചെയ്യുന്നതു് മാർക്കസ് ഔറീലിയസ് (Marcus Aurelius) (161—180) എന്ന ചക്രവർത്തിയാണ്. പുരാതനീയരായ ചക്രവർത്തിമാരിൽവച്ചു് ഏറ്റം ഉൽകൃഷ്ടനായിരുന്നു അദ്ദേഹം. അദ്ദേഹം ഒരു തത്വചിന്തകൻകൂടിയായിരുന്നു. അദ്ദേഹം രചിച്ചിട്ടുള്ള ധ്യാനങ്ങൾ (Meditations) എന്ന കൃതി പുരാതന തത്വശാസ്ത്രസാഹിത്യത്തിൽ ഒരു സമുന്നതസ്ഥാനം അലങ്കരിക്കുന്നു. ഇത്ര സംസ്കൃതചിത്തനും ഉൽകൃഷ്ടമനസ്സനുമായ ഒരു ചക്രവർത്തിയുടെ സുദീർഘമായ ഭരണകാലത്താണു ക്രൈസ്തവസഭക്കു ഏറ്റം ക്രൂരമായ പീഡനങ്ങൾ സഹിക്കേണ്ടിവന്നതെന്നുള്ള വസ്തുവം വിസ്മയനീയമായി തോന്നാം. പണ്ഡിതസഹജമായ ഗർവുമൂലം ചക്രവർത്തി ക്രിസ്തുമതത്തെ വളരെ പുച്ഛത്തോടുകൂടിയാണു് വീക്ഷിച്ചിരുന്നതു്. സഹനത്തിലും ആത്മപരിത്യാഗത്തിലും അധിഷ്ഠിതമായിരുന്ന ക്രിസ്തുമതത്തിന്റെ ആദർശങ്ങൾ അദ്ദേഹത്തിന്റെ തത്വവീക്ഷണത്തിനു ഒട്ടും അനുയോജ്യമായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ അനുചരന്മാരായ തത്വജ്ഞാനികളിൽ ചിലർ ഈ നൂതനമതം പ്രാബല്യത്തിലെത്തിയാലുണ്ടായേക്കാവുന്ന വിപത്തുകളെപ്പറ്റി അദ്ദേഹത്തിനു മുന്നറിവുനൽകി. ചക്രവർത്തി തന്റെ മുൻഗാമിയായ ട്രാജന്റെ ശാസനത്തെ പ്രയോഗത്തിൽ വരുത്തുവാനും അങ്ങനെ ക്രിസ്തുമതത്തെ അമർച്ചചെയ്യുവാനും തീർച്ചയാക്കി. രാഷ്ട്രത്തിന്റെ ഉത്തമതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണു് ഈ നടപടി സ്വീകരിക്കുന്നതെന്നായിരുന്നു അദ്ദേഹത്തിന്റെ ഉത്തമബോദ്ധ്യം.

മാർക്കസ് ഔറീലിയസ് ഒരു പുതിയ കല്പന പുറപ്പെടുവിച്ചു. നൂതനമോ അജ്ഞാതമോ ആയ മതതത്വങ്ങൾ പ്രചരിപ്പിച്ചു ജനതാമദ്ധ്യേ അസ്വാസ്ഥ്യം ഉളവാക്കുന്നവർക്കു നാടുകടത്തലോ വധശിക്ഷയോ നൽകപ്പെടേണ്ടതാണെന്നായിരുന്നു കല്പനയുടെ സാരം. ഈ രാജശാസനം റോമയിലും, ഏഷ്യാമൈനറിലും, ആഫ്രിക്കയിലും, ഗാളിലും എന്നുവേണ്ട സാമ്രാജ്യത്തിൽ ഒട്ടുക്കു ക്രൂരമായ മതപീഡനം സമാരംഭിക്കുന്നതിനുള്ള പരോക്ഷമായ ഒരാഹ്വാനമായിരുന്നു.

ഈ മതപീഡനത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ വി. ജസ്റ്റിൻ (St. Justin) രക്തസാക്ഷിത്വം വരിച്ചു. പലസ്തീനായിൽ സിക്കം (Sichem) എന്ന സ്ഥലത്തു് റോമാക്കാരായ മാതാപിതാക്കന്മാരിൽനിന്നും അദ്ദേഹം ജനിച്ചു. യൗവനത്തിൽത്തന്നെ അക്കാലത്തു് പ്രചാരത്തിലിരുന്ന വിഭിന്നതത്വശാസ്ത്രമണ്ഡലങ്ങളിലെല്ലാം അദ്ദേഹം പ്രാവീണ്യം സമ്പാദിച്ചു എന്നിലും അദ്ദേഹം മനഃശാന്തി കണ്ടെത്തിയില്ല. ഒടുവിൽ വയോധികനായ ഒരു ക്രിസ്ത്യാനിയുടെ ഉപദേശമനുസരിച്ചു അദ്ദേഹം ക്രിസ്തുമതഗ്രന്ഥങ്ങൾ പഠിച്ചു ക്രിസ്തുവിനെപ്പറ്റിയുള്ള അറിവു് അദ്ദേഹത്തിന്റെ ആത്മാവിനു വെളിച്ചംനൽകി. അചിരേണ അദ്ദേഹം ക്രിസ്തുമതം സ്വീകരിക്കയുംചെയ്തു. ഒടുവിൽ അദ്ദേഹം റോമയിൽ സ്ഥിരതാമസമാക്കിക്കൊണ്ടു ഒരു ക്രിസ്തീയതത്വശാസ്ത്രവിദ്യാലയം സ്ഥാപിച്ചു ക്രിസ്തുമതതത്വങ്ങളെ ആധാരമാക്കി അദ്ദേഹം രചിച്ചിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങൾ പുരാതനസഭയെ സംബന്ധിക്കുന്ന അമൂല്യരേഖകളാണു്. മാർക്കസ് ഔറീലിയസിന്റെ ഭരണകാലത്തു് റോമൻ ദേവന്മാർക്കു ബലിയർപ്പിക്കുവാൻ വിസമ്മതിച്ചു എന്നുള്ള കുറ്റംചുമത്തി വി. ജസ്റ്റിനേയും വേറെ ആറു ക്രിസ്ത്യാനികളേയും ശിരച്ഛേദം ചെയ്തു.

ഗാൾ (Gaul) പ്രദേശത്തുള്ള ലയൺസ് (Lyons) എന്ന പട്ടണമാണു് ഈ പീഡനത്തിൽ അനവധി വേദസാക്ഷികളുടെ വീരമരണംകൊണ്ടു പ്രസിദ്ധമായിത്തീർന്നതു്. A. D. 177 ആഗസ്റ്റുമാസത്തിൽ ലയൺസിൽ കേങ്കേമമായ ഉത്സവാഘോഷങ്ങൾ നടത്തപ്പെട്ടു. ഉത്സവത്തിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടന്നുകൊണ്ടിരിക്കുമ്പോൾ പൊടുന്നനവേ ജനക്കൂട്ടം അവിടെയുള്ള ക്രിസ്ത്യാനികളുടെ നേരേ ഉഗ്രമായ അക്രമങ്ങളാരംഭി

Just Received
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin
BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

ച്ചു. വീടുകളിൽനിന്നും അവരെ ആട്ടിപ്പായിക്കുകയും ക്രൂരമായ ദണ്ഡനങ്ങൾ ഏൽപിച്ചശേഷം അനവധി ആളുകളെ ജയിലിലടയ്ക്കുകയും ചെയ്തു. ഗവർണ്ണരുടെ കോടതിയിൽ ഹാജരാക്കപ്പെട്ട തടവുകാരോടു് ഒരേ ഒരു ചോദ്യം മാത്രം ചോദിച്ചു "നീ ഒരു ക്രിസ്ത്യാനിയാണോ"? എന്നു്. ക്രിസ്ത്യാനിയാണെന്നു സമ്മതിക്കുന്നവരെ നേരേ കൊലക്കളത്തിലേക്കു ആനയിക്കയും അവിടെവച്ചു് വധിക്കുകയുംചെയ്തിരുന്നു. മററുള്ളവരുടെമേൽ ഏല്പിക്കപ്പെടുന്ന ദണ്ഡനങ്ങൾ കണ്ടു ഭയവിഹ്വലരായിത്തീർന്ന ചില ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം നിഷേധിച്ചു. എന്നാൽ പിന്നീടു് അവരും പശ്ചാത്തപിച്ചുകൊണ്ടു് വിശ്വാസത്തെ ഏററുപറയുകയും സസന്തോഷം മരണം കൈവരിക്കയും ചെയ്തു. രക്തസാക്ഷികളിൽ ആറുപേർ ഘോരമൃഗങ്ങൾക്കിരയാവുകയും, പതിനെട്ടുപേർ ജയിലിലെ ദണ്ഡനങ്ങൾകൊണ്ടുതന്നെ മൃതിയടയുകയും, ഇരുപത്തിനാലുപേർ മററു പല പ്രകാരേണ കൊല്ലപ്പെടുകയും ചെയ്തു. ലയൺസിലെ മെത്രാനായ വി. പോത്തിനസ് (St. Pothinus) നിയമപാലകന്മാരും ജനക്കൂട്ടവുംകൂടി ഏല്പിച്ച പീഡനങ്ങളുടെ കാഠിന്യംമൂലം രണ്ടു ദിവസത്തെ ജയിൽവാസത്തിനുശേഷം മരണമടഞ്ഞു. അദ്ദേഹത്തിനു് അപ്പോൾ തൊണ്ണൂറുവയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്നു. വി. ബ്ലാൻഡിനാ (St. Blandina) എന്നു പേരായ ഒരു അടിമപ്പെണ്ണിന്റെ സഹനം ഏററം വിസ്മയകരമായിരുന്നു. അവൾ പ്രകൃത്യാ ദുർബ്ബലയും ലോലമനസ്കയുമായിരുന്നതുകൊണ്ടു് ഭീകരദണ്ഡനങ്ങളേൽക്കുമ്പോൾ വിശ്വാസത്തെ സന്ത്യജിച്ചേക്കുമെന്നു് മററു ക്രിസ്ത്യാനികൾ സംശയിക്കാതിരുന്നില്ല. എന്നാൽ ഒരു പകൽമുഴുവൻ അവളുടെമേൽ ഏററം ക്രൂരമായ പീഡനങ്ങൾ ഏല്പിക്കപ്പെട്ടെങ്കിലും അവൾ അത്ഭുതകരമായ വിശ്വാസസ്ഥിരതയോടെ എല്ലാം സഹിച്ചു. അവളുടെ പീഡകന്മാർ തോററു പിൻവാങ്ങി. "ഞാൻ ഒരു ക്രിസ്ത്യാനിയാകുന്നു" എന്നുള്ള വാക്കുകൾ ഉച്ചരിച്ചപ്പോളെല്ലാം അവളിൽ ഒരു നവചൈതന്യം പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ഒടുവിൽ അവളെ ഒരു കാട്ടുകൂററന്റെ മുൻപിലേക്കു് എറിഞ്ഞുകൊടുക്കുകയും അതു് അവളെ കുത്തിച്ചീന്തി കൊല്ലുകയും ചെയ്തു. രക്തസാക്ഷികളുടെ മൃതശരീരങ്ങൾ നായ്ക്കൾക്കിരയാക്കി. ശേഷിച്ച കുറെ അസ്ഥികഷണങ്ങൾ ചുട്ടുകരിച്ചു് അവയുടെ ചാരം റോൺ (Rhone) നദിയിൽ ഒഴുക്കിക്കളയുകയുംചെയ്തു.

മാർക്കസ് ഔറീലിയസിന്റെ ഭരണകാലത്തു നടന്ന മതപീഡനത്തിന്റെ അവസാനരംഗം ഉത്തരാഫ്രിക്കയാണു്. A. D 180 ജൂലൈ 17-ാം തിയതി നുമിഡിയാ (Numidia) ദേശത്തെ സില്ലാ (Scylla) എന്ന സ്ഥലത്തു് താമസിച്ചിരുന്ന ഏഴു പുരുഷന്മാരെയും അഞ്ചു സ്ത്രീകളെയും കാർത്തേജിൽ (Carthage) വച്ചു് വിസ്തരിച്ചു് മരണശിക്ഷയ്ക്കു വിധിച്ചു. അവരുടെ രക്തസാക്ഷിത്വത്തെ സംബന്ധിക്കുന്ന ലിഖിതങ്ങളാണു് ഉത്തരാഫ്രിക്കയിലെ സഭയെ സംബന്ധിക്കുന്ന ഏററം പുരാതനമായ രേഖകൾ. പ്രസ്തുത രേഖകളിൽ രക്തസാക്ഷികളെ സംബന്ധിക്കുന്ന വിവരങ്ങളും, വിസ്താരമദ്ധ്യേ അവർ കൊടുത്ത മൊഴികളും ഉൾപ്പെടുന്നു. അവരുടെ വിശ്വാസത്തെ അവരെല്ലാവരും ഏററുപറഞ്ഞു. മരണം വരിക്കുവാൻതന്നെ അവർ സന്നദ്ധരായി. അവരുടെ തീരുമാനത്തെ സംബന്ധിച്ചു് പുനരാലോചനനടത്തുവാൻ അവർക്കു മുപ്പതുദിവസത്തെ അവധി അനുവദിക്കപ്പെട്ടു. എന്നാൽ ഈ

“എതിർപ്പുകൾ, രോഗം, ഭയാശങ്കകൾ, ആദ്ധ്യാത്മികവിരസത മുതലായ ആന്തരികവും ബാഹ്യവുമായ എല്ലാ പരീക്ഷണങ്ങളും ദൈവം അവിടുത്തെ പ്രതിരൂപങ്ങളെ സ്വർഗ്ഗയോഗ്യമായി കൊത്തിയെടുക്കുന്നതിനു പ്രയോഗിക്കുന്ന പണിയായുധങ്ങളാണു.” —വിശുദ്ധ അൽഫോൻസു ലിഗോരി —

കാരുണ്യം അവർ ഏകകണ്ഠമായി ഉപേക്ഷിക്കുകയും സസന്തോഷം മരണം വരിക്കുകയുംചെയ്തു.

വി. സിസിലിയാ (St. Caecilia) യുടെ രക്തസാക്ഷിത്വത്തിന്റെ കാലത്തെ സംബന്ധിച്ചു് ചരിത്രകാരന്മാർതമ്മിൽ അഭിപ്രായവ്യത്യാസമുണ്ടു്. എങ്കിലും മാർക്കസ് ഔറീലിയസിന്റെ കാലത്താണെന്നുള്ള അഭിപ്രായമാണു് പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നതു്. ഉൽകൃഷ്ടകുലജാതയായ സിസിലിയായെ അവളുടെ അഭീഷ്ടത്തിനെതിരായി ഒരു പുറജാതിയനായ വലേരിയനു് വിവാഹംചെയ്തുകൊടുത്തു. എങ്കിലും അവളുടെ കന്യാത്വത്തെ അവൾ പരിരക്ഷിക്കുകയും ഒടുവിൽ അവളുടെ സത്പ്രേരണയ്ക്കു വശംവദനായി ഭർത്താവു ക്രിസ്തുമതം സ്വീകരിക്കയുംചെയ്തു. അവളെ കുളിമുറിയിൽ അടച്ചു് ചുടുള്ള നീരാവികൊണ്ടു് ശ്വാസംമുട്ടിച്ചു കൊല്ലുവാനാണു് വിധിച്ചതു്. അതു നിഷ്ഫലമെന്നു കണ്ടപ്പോൾ മല്ലന്മാർ അവളെ ഖഡ്ഗത്തിനിരയാക്കി. A. D. 180 മാർച്ചുമാസം 17-ാംനു മാർക്കസ് ഔറീലിയസ് കഥാവശേഷനായി. അതോടെ ക്രിസ്തുമതപീഡനം താല്ക്കാലികമായിട്ടെങ്കിലും അവസാനിച്ചു.

# തിരുക്കൊച്ചി തിരഞ്ഞെടുപ്പ്

## ആകെ സീററുകൾ 117. ഫലം പ്രഖ്യാപിക്കപ്പെട്ടതു് 86

### കോൺഗ്രസ്

1. ചങ്ങനാശ്ശേരി— എൻ. പരമേശ്വരൻപിള്ള
2. പള്ളിവാസൽ— വി ജെ. ജോസഫ്
3. കണയന്നൂർ— ഡോ. എൻ. കെ. കുമാരൻ
4. ചാലക്കുടി— പനമ്പിള്ളി ഗോവിന്ദമേനോൻ
5. പുതുപ്പള്ളി— ഡോ. പി ററി. തോമസ
6. പള്ളുരുത്തി— അലക്സാണ്ടർ പറമ്പിത്തറ
7. കരിമ്പി— പി ജെ സെബാസ്റ്റ്യൻ
8 കോതകുളങ്ങര— എം. എ ആൻറണി
9. വിജയപുരം— പി. എം. മാർക്കോസ്
10 ഒല്ലൂർ— പി. ആർ. കൃഷ്ണൻ
11. എററുമാനൂർ— വി. വി. സെബാസ്റ്റ്യൻ
12. മട്ടാഞ്ചേരി— ഡോ എ ജെ ഭട്ട
13. ആലുവാ— ടി. ഒ. ബാവാ
14. മണിമല— കെ. എം. കോര
15. മീനച്ചിൽ— കെ. എം. ചാണ്ടി
16. കാഞ്ഞിരപ്പിള്ളി— കെ വി തോമസ്
17. മൂവാററുപുഴ— എം. വി. ചെറിയാൻ
18. മണലൂർ— കെ. കരുണാകരൻ
19. പുതുക്കാട്— ടി. പി. സീതാരാമൻ
20. തകഴി— നാരായണക്കുറുപ്പ്
21. കരുനാഗപ്പിള്ളി— എ. എ. റഹിം
22. പെരുമ്പാവൂർ— കെ പി. ഉറമീസ്
23. പത്തനംതിട്ട— മക്കപ്പുഴ വാസുദേവൻപിള്ള
24. തൃശ്ശൂർ— ഡോ. പി. പി. ആൻറണി
25. കൊടുങ്ങല്ലൂർ— അബ്ദുൽഖാദർ
26. എറണാകുളം— ഒ. ആർ. ചുമ്മാർ
27. വിയ്യൂർ— കെ. ഐ. വേലായുധൻ
28. പൂഞ്ഞാർ— എ. ജെ ജോൺ
29. വടക്കാഞ്ചേരി (ജന)— വി. കെ. അച്യുതമേനോൻ
30. പത്തനാപുരം— കളത്തിൽ വേലായുധൻനായർ
31 ഓല്ലൂർ— എൻ. ജി. ചാക്കോ

### കമ്മ്യൂണിസ്റ്റ്

1. കോട്ടയം— പി. ഭാസ്കരൻനായർ
2. തിരുവല്ല— എൻ. രാഘവക്കുറുപ്പ്
3. വൈക്കം— സി. കെ. വിശ്വനാഥൻ
4. ആലപ്പുഴ I— കെ. സി. ജോർജ്
5. പറവൂർ— പി. രവീന്ദ്രൻ
6. കുന്നംകുളം— ടി. കെ. കൃഷ്ണൻ
7. മാരാരിക്കുളം— ആർ സുഗതൻ
8. ആലപ്പുഴ II— ടി. വി തോമസ
9 കരുനാഗ— ആർ ബാലകൃഷ്ണപിള്ള
10. നെടുമങ്ങാട്— എൻ. എൻ. പണ്ടാരത്തിൽ
11. ചേർത്തല— കെ. ആർ. ഗൗരി
12. ഇരവൂർ— സി. ജി. സദാശിവൻ
13. കുന്നത്തൂർ (ജന:)— പന്തളം പി. ആർ. മാധവൻപിള്ള
14. മാവേലിക്കര— ശങ്കരനാരായണൻതമ്പി
15. ഇരവിപുരം (ജന) ഡോ. സുകുമാരൻ
16. വടക്കാഞ്ചേരി (റിസ)— സി. സി. അയ്യപ്പൻ
17. പറൂർ— കെ. എ. ബാലൻ

### പി. എസ്. പി.

1. കടപ്പാ— വി. പി. പി. നമ്പൂതിരി
2. തിരുവനന്തപുരം I— പി എസ്. നടരാജപിള്ള
3. കോതമംഗലം— മത്തായി മാഞ്ഞൂരാൻ
4 വെള്ളിയം— ഓടക്കാരൻ പോറി
5. പാലോട— ചന്ദ്രശേഖരൻനായർ
6. കൊട്ടാരക്കര— പി. കേശവമേനോൻ
7. വാഴൂർ— ചമ്പക്കര നാരായണക്കുറുപ്പ്
8 തേവള— ടി. എസ്. രാമസ്വാമിപിള്ള
9. റാന്നി— വയലാ ഇടിക്കുള
10. ചടയമംഗലം— വി. ഗംഗാധരൻ
11. തിരുവനന്തപുരം II— പട്ടംതാണുപിള്ള
12. കൃഷ്ണപുരം— പി കെ. കുഞ്ഞ്
13. കുന്നത്തുകാൽ— കെ കൃഷ്ണപിള്ള
14. കാർത്തികപ്പിള്ളി— എ. അച്യുതൻ

### തമിഴ്നാട്കോൺഗ്രസ്

1. തിരുവട്ടാർ— പി. രാമസ്വാമിപ്പിള്ള
2. കുളച്ചൽ— ററി. ഡി. ദാനിയേൽ
3. കിള്ളിയൂർ— പൊന്നപ്പൻനാടാർ
4. പാറശ്ശാല— എ. കുഞ്ഞൻനാടാർ
5. കൊല്ലംകോട്— അലക്സാണ്ടർ മാവൽ മെസമൺ
6. നാഗർകോവിൽ— ഡി. അനന്തരാമൻ
7. വിളവംകോട്— എം. വില്യം
8. അഗസ്തീശ്വരം— പി. താണുലിംഗനാടാർ
9. നീണ്ടകര— എ. ചിദംബരനാഥനാടാർ

### ആർ. എസ്. പി.

1. കൊല്ലം— ടി. കെ. ദിവാകരൻ
2 കൊട്ടാരക്കര— ബി. ബി. പണ്ടാരത്തിൽ
3. തൃക്കടവൂർ— ശ്രീകണ്ഠൻനായർ
4 ചവറ— ബേബി ജോൺ
5 തിരുവനന്തപുരം III— കെ. ബാലകൃഷ്ണൻ
6 കുന്നത്തൂർ (റിസർ)— കെ. എസ്. കൃഷ്ണശാസ്ത്രി
7. അമ്പലപ്പുഴ— സി നാരായണൻ പോററി
8. ഇരവിപുരം (റിസ)— ചന്ദ്രശേഖരൻ

### കെ. എസ്. പി.

1. കോട്ടുകാൽ— ഡി. വിവേകാനന്ദൻ
2. എളങ്കുളം— എം. പി. മേനോൻ

### സ്വതന്ത്രർ

1. രാമപുരം— ജോസഫ് ചാഴികാടൻ
2. ചേപ്പ്— ജോസഫ മുണ്ടശ്ശേരി
3. പുനലൂർ— പി. ഗോപാലൻ
4 അരൂർ— അവരാ തരകൻ
5. ചിറയിൻകീഴ്— ആർ. നീലകണ്ഠൻ

## വിനോദവീഥി



"അമ്മേ! ചേച്ചി തലയില്ലാ പാവയിട്ട് ഉടഞ്ഞിയോ?"

"ച്ഛീ! മിണ്ടാതിരിക്കെടാ ഇതു് ഡി. ഡി. റ്റിയാ. തലയിലെ മൂട്ട പോവാനിട്ടതാ! അപ്പച്ചനോട് പറയണ്ടാട്ടോ!"

* * *

"ഒരു വലിയ കെട്ടിടത്തിൻെറ വാടകമുറികളിൽ താമസിച്ചിരുന്ന ആറു സ്ത്രീകൾ തമ്മിൽ കലഹിച്ചു അടിപിടിയിലായി. കേസ് പോലീസുദ്യോഗസ്ഥൻെറ മുമ്പിൽ വന്നു. ആളുകളും കൂടി. സ്ത്രീകളുടെ കലഹം അവിടെയും ആവർത്തിച്ചു തുടങ്ങി. പോലീസുദ്യോഗസ്ഥൻ ആജ്ഞാപിച്ചു: "എല്ലാവരും നിശ്ശബ്ദരായിരിക്കിൻ. കൂട്ടത്തിൽ പ്രായമുള്ള സ്ത്രീ സംസാരിക്കട്ടെ." ആരും ശബ്ദിച്ചില്ല; കേസ്സ് തീർന്നു!

* * *



"എൻെറ മക്കളെ, നിങ്ങടെ പിന്നിവച്ചിരുന്ന മുടിയെന്തിയേ?"

"ഞങ്ങടെ പള്ളിക്കൂടത്തിൽവച്ചു് അമ്പിളങ്ങ "തൊഴിൽ പരി"ശീലിപ്പിച്ചുകളഞ്ഞമ്മച്ചീ!"

## ഇൻഡ്യാ വാർത്തകൾ

### മദ്യനിരോധനനിയമം

ആന്ധ്രാസ്റ്റേററിലെ മദ്യനിരോധനനടപടികളെപ്പററി അന്വേഷണം നടത്തുന്നതിനായി മി എസ്. വി. രാമമൂർത്തിയുടെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്ന മൂന്നംഗ കമ്മിററി മദ്യനിരോധനനിയമം പരാജയപ്പെട്ടിരിക്കയാണെന്നും അതു നെറ്റമാക്കേണ്ടതാണെന്നും ശുപാർശ ചെയ്തിരിക്കുന്നു. ഈ ശുപാർശ അഖിലേന്ത്യാ കോൺ. വർക്കിംഗ്കമ്മിററിയിൽ ചർച്ചാവിഷയമാകുമെന്നറിയുന്നു.

### ആൻഡമൻകുടിയേററം

അടുത്ത കാലവർഷത്തിനുമുമ്പ് 2000 അംഗങ്ങളുള്ള 400 കുടുംബങ്ങളെ മദ്ധ്യ ആൻഡമൻസിൽ കുടിയേററിപ്പാർപ്പിക്കുന്നതാണെന്നും അവരിൽ 300 കുടുംബങ്ങളും പൂർവ്വബംഗാളിൽ നിന്നുള്ള കർഷകരായ അഭയാർത്ഥികളായിരിക്കുമെന്നും കേന്ദ്ര ഡപ്യൂട്ടി ആഭ്യന്തരമന്ത്രി മി ദത്താർ വെളിപ്പെടുത്തിയിരിക്കുന്നു.

### അരിറേഷൻ നിർത്തലാക്കി

ഹൈദരാബാദിലും സെക്കന്തരാബാദിലും അരിറേഷനും സ്റ്റേററിൽ അരിയുടെ എല്ലാ കൺട്രോളുകളും നിയന്ത്രണവും നീക്കം ചെയ്തിരിക്കുന്നു.

### പ്രഥമ ചരമവാർഷികം



ആലപ്പുഴ മാമ്പള്ളി ജോസപ്പ് കൊച്ചുവറീതു ഭാര്യ ശ്രീമതി മറിയമ്മ പാട്ടത്തിൽ (പുളിങ്കുന്ന്)

ജനനം 16—2—1920
മരണം 5—3—1951

"ദൈവപരനായ ഈശോ. ഈ ആത്മാവിന് നിത്യാശ്വാസം നൽകേണമേ." (300 ദി. ദ. വി.) R.I.P.

Inser ed by her l ving husb n & children

### പണിമുടക്ക പിൻവലിച്ചു

12 ദിവസമായി കല്ക്കട്ടായിലെ സെക്കണ്ടറി സ്കൂളദ്ധ്യാപകന്മാർ നടത്തിവന്നിരുന്ന പണിമുടക്ക് സംസ്ഥാനഗവണ്മെൻറും അദ്ധ്യാപകസംഘടനാപ്രസിഡണ്ടും തമ്മിൽ നടന്ന കൂടിയാലോചനകളുടെ ഫലമായി ഫെ. 22-ാംനു അവസാനിച്ചിരിക്കുന്നു.

### ഐസനോവറുടെ കത്തു്

പാക്കിസ്ഥാനു് സൈനികസഹായം നൽകുന്നതിനുള്ള അമേരിക്കയുടെ തീരുമാനത്തെ അറിയിച്ചുകൊണ്ടു് പ്രസിഡണ്ട് ഐസനോവർ ഇൻഡ്യൻ പ്രധാനമന്ത്രിക്കു് അയച്ച കത്തു് ഫെ. 24-ാംനു ഇൻഡ്യയിലെ അമേരിക്കൻ അംബാസിഡർ മി ജോർജ്ജ് വി. അല്ലൻ പണ്ഡിററ് നെഹ്റുവിനെ ഏല്പിച്ചിരിക്കുന്നു. അമേരിക്ക പാക്കിസ്ഥാനു സൈനികസഹായം നൽകുന്നതിൽ ഉദ്ദേശപരമായി യാതൊന്നുമില്ലെന്നും ഏതെങ്കിലുമായ സഹായമർഹിക്കേണ്ടിയുള്ള ഇൻഡ്യയുടെ അഭ്യർത്ഥനയും അനുഭാവപൂർവ്വം പരിഗണിക്കാൻ അമേരിക്ക സന്നദ്ധമാണെന്നും ഉറപ്പുനൽകിക്കൊണ്ടുള്ള പ്രസ്തുത കത്തു് പ്രകാരം ഇതിനു ഞങ്ങൾ സഹായിക്കുന്ന പാക്കിസ്ഥാൻ മറേറതെങ്കിലും രാജ്യം പ്രസ്തുത സഹായം ദുരുപയോഗപ്പെടുത്തുകയും മറേറതെങ്കിലും രാജ്യത്തിൻമേലുള്ള ആക്രമണത്തിനായി വിനിയോഗിക്കുകയും ചെയ്യുന്നപക്ഷം ഭരണഘടനാപ്രകാരമുള്ള എൻെറ അധികാരമുപയോഗിച്ചു ഐക്യരാഷ്ട്രസംഘടനയ്ക്കുള്ളിലോ പുറമെയോ നിന്നുകൊണ്ടു് അത്തരത്തിലുള്ള കൈയേററത്തെ ചെറുത്തു നിൽക്കുന്നതിനു ഞാൻ ഉടനടി തക്ക നടപടി എടുക്കുന്നതായിരിക്കും."

### കേന്ദ്രബഡ്ജററ്

1954 ഏപ്രിൽ 1 മതൽ ഒരു കൊല്ലത്തേക്കുള്ള ഇൻഡ്യയുടെ ബഡ്ജററ് ഫെ 27-ാംനു ധനകാര്യമന്ത്രി മി. സി ഡി. ദേശ്മുഖ പാർലമെൻറിൽ അവതരിപ്പിച്ചിരിക്കുന്നു പ്രസ്തുത വർഷത്തിൽ 44 03 കോടി രൂപ വരവും 467.09 കോടി രൂപ ചെലവും അങ്ങനെ 26.06 കോടി രൂപ കമ്മിയുമാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്.

### എം. സി. എസ്സ്. എൽ. സമ്മർക്യാമ്പ്

ഈ വർഷം ചിറിയാത്ത ആഭിമുഖ്യത്തിൽ മാന്നാനം സെൻറ് എഫ്രേംസ് ഹൈസ്കൂളിൽ വച്ചു മേയ് 10-ാംനു മുതൽ ഒരാഴ്ചത്തേക്കു് വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കായി ഒരു സമ്മർക്യാമ്പ് നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു. ഒരു ശാഖയിൽനിന്നു് 2 പേരെ വീതം ക്യാമ്പിൽ സംബന്ധിക്കുന്നതിനു് അയക്കണമെന്നു് അഭ്യർത്ഥിക്കുന്നു. ഓരോ ശാഖയിലെയും അടുത്ത വർഷത്തേക്കുള്ള സെക്രട്ടറിമാരെ ക്യാമ്പിൽ സംബന്ധിക്കുന്നതിനു അയക്കുന്നതു് അഭിലഷണീയമായിരിക്കും.

ആളൊന്നിനു് 6 രൂപാവീതം ബോർഡിംഗ് ഫീസ് നൽകേണ്ടതാണു്. ക്യാമ്പിൽ സംബന്ധിക്കുന്നവരുടെ പേരുവിവരം (വിദ്യാഭ്യാസയോഗ്യതസഹിതം) മാർച്ച 8-ാംനുക്കു് മുമ്പായി എൻെറ പേർക്കു അയച്ചുതരണമെന്നു് അഭ്യർത്ഥിക്കുന്നു.

ആൻഡ്രൂസ് കോട്ടിരി,
ജനറൽ സെക്രട്ടറി
സെൻറ് തോമസ് കോളേജ്
പാലാ.

### ടിറേറായെ "രക്ഷകനാ"ക്കുന്നു

യൂഗോസ്ലാവിയായിൽ ടിറേറാ ഭരണം അടിയുറച്ച കമ്മ്യൂണിസ്റ്റ് മയമായി തീരുകയാണെല്ലാം ടിറേറായാണു് ജനതയുടെ "രക്ഷകൻ" എന്നാണു് കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതു്. അവരെ തിരുത്തുന്നതിനു മാതാപിതാക്കന്മാർ ഭയപ്പെടുകയാണു്. പന്തിരുപേരുകൊല്ലം കൂടി ഈ നിരത്തിൽ മുമ്പോട്ടുപോയാൽ കത്തോലിക്കാവിശ്വാസം അവിടെ അവശേഷിക്കുമോ എന്നു സംശയിക്കണം. കത്തോലിക്കാസഭ ഒരു മുതലാളിത്തസംഘടനയാണെന്നും ടിറേറായാണു് ജനതയുടെ രക്ഷകൻ എന്നും കമ്മ്യൂണിസ്റ്റ് കിൻറർഗാർട്ടൻ സ്കൂളുകൾ മുതൽ പഠിപ്പിക്കുന്ന കുട്ടികളുടെ ബോധത്തിൽ അടിച്ചുകയററുകയാണു്. മാതാപിതാക്കന്മാർക്കു ഉപജീവനത്തിനു ഭംഗം വരാതെ നിവൃത്തിയില്ലാതായിരുന്നു. ഇതുകൊണ്ടു കുട്ടികളെ ചെറിയ കിൻറർഗാർട്ടൻ സ്കൂളുകളിൽ വിടാതെയും തരമില്ല.

### ചരമം

നെയ്യശ്ശേരിപ്പള്ളി ഇടവകക്കാരിൽ മുഖ്യനായിരുന്ന മത്തായി 1954 ഫെബ്രുവരി 17-ാം തീയതി ബുധനാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. R. I. P

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 || ERNAKULAM, MARCH 3, 1954 || No. 27


# പാപ്പാദിനം

ക്രിസ്തുവിന്റെ പ്രതിപുരുഷനും വിശുദ്ധ പത്രോസിന്റെ പിൻഗാമിയും എന്ന നിലയിൽ കത്തോലിക്കാ തിരുസഭയുടെ പരമാധികാരിയായ പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് നിർവ്വഹിച്ചുപോരുന്ന തിരുസഭാഭരണവ്യവസ്ഥിതിയെയാണു് സാമാന്യമായി പാപ്പാധിപത്യം എന്നു പറയുന്നതു്. കത്തോലിക്കാ മതാവലംബികൾ ലോകം മുഴുവനിലും ഉള്ളതുകൊണ്ടു് മാർപ്പാപ്പായുടെ ആധിപത്യം ആലോകവ്യാപകമാണു്. മാത്രമല്ല, തിരുസഭയുടെ ഭരണവ്യവസ്ഥിതിയിൽ പ്രതിഫലിക്കുന്ന തത്വസംഹിതയും ഭരണമിമാംസയും എല്ലാ മനുഷ്യരുടെയും ഭൗതികവും ആദ്ധ്യാത്മികവുമായ ഉത്തമമൂല്യങ്ങളെ സമാദരിക്കുന്നതും അവരുടെ സാക്ഷാത്തായ ഉൽക്കർഷത്തെ ഉന്നംവയ്ക്കുന്നതുമായതുകൊണ്ടു് തിരുസഭയ്ക്കു് സ്വാഭാവികമായിത്തന്നെ സകല ജനങ്ങളുടെമേലും ഒരു മേധാവിത്വമുണ്ടു്. അതുകൊണ്ടാണു് പരിശുദ്ധ മാർപ്പാപ്പായെ ലോകൈകധാർമ്മികസമ്രാട്ടെന്നു അഭിസംബോധനം ചെയ്യുന്നതു്. ഏവംവിധം ആദ്ധ്യാത്മികമണ്ഡലത്തിലും ലോകം മുഴുവനിലും അദ്വിതീയമായ ഒരു സമുന്നതസ്ഥാനം സംവഹിക്കുകയും തദനുഗുണമായ കർത്തവ്യങ്ങളെല്ലാം സ്തുത്യർഹമായ വിധത്തിൽ നിർവ്വഹിക്കുകയും ചെയ്തുപോരുന്ന ആ മഹാവ്യക്തിയെ അനുസ്മരിക്കുന്നതിനുള്ള പ്രത്യേകാവസരമാണു് പാപ്പാദിനം.

ഇപ്പോൾ പാപ്പാധിപത്യസ്ഥാനത്തു് ഭാഗ്യമോടെ വാണരുളുന്ന പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് സകലജാതി ജനങ്ങളുടെയും മുക്തകണ്ഠമായ പ്രശംസയും ഹൃദയപൂർവ്വകമായ സ്നേഹാദരങ്ങളും ആർജ്ജിച്ചിട്ടുള്ള ഒരു മഹാനാണെന്നു വ്യക്തമാണു്. അനുദിനസംഭവങ്ങൾ ഇതു സുതരാം വെളിവാക്കുന്നുണ്ടു്. അവിടുന്നു് ജാതിമതഭേദമെന്യേ, രാജ്യനിറവ്യത്യാസമെന്യേ എല്ലാമനുഷ്യരുടേയും പൊതുപിതാവാണു്. ലോകത്തുള്ള ഓരോരോ മനുഷ്യവ്യക്തിക്കുംവേണ്ടി അവിടുത്തെ പൈതൃകഹൃദയം ഓരോ നിമിഷവും സ്നേഹാനുകമ്പാവിവശമായി സ്പന്ദിക്കുകയാണു്. അവരുടെ ക്ലേശങ്ങളിൽ അതു് ആവേശപൂർവ്വം വികാരതരളിതമാവുകയാണു്. അതാണല്ലോ പിതൃധർമ്മം. തന്മൂലം അവിടുത്തെപ്പററി അറിയുന്ന ഓരോ മനുഷ്യവ്യക്തിയിലും ഇതിന്റെ പ്രതിഫലനമാണു് ദൃശ്യമാകുന്നതു്. പുത്രനിർവ്വിശേഷമായ ഭക്തിസ്നേഹവികാരങ്ങൾ അവരുടെ ഹൃദയങ്ങളെ മഥിക്കുന്നു. അവർ സ്വാഭാവികമായി ആ സ്നേഹപിതാവിങ്കലേക്കു് ബലാൽകർഷിക്കപ്പെടുന്നു. ഇത്ര വിപുലവും പ്രബലവുമായ ഒരു സ്നേഹബന്ധം പുലർത്തുന്ന മറെറാരു സ്ഥാപനമോ വ്യക്തിയോ ലോകത്തിൽ വേറെയില്ല എന്നു തീർത്തും പറയാം. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ ജീവിതസംഭവങ്ങളുടേയും ഈ സ്നേഹബന്ധത്തിനു് ശക്തി കൂട്ടുന്നതാണു്.

1876 മാർച്ച് 2-ാം തീയതി ഇററലിയിൽ പ്രസിദ്ധമായ പച്ചെല്ലി കുടുംബത്തിൽ തിരുമേനി ജനിച്ചു. ശാന്തശീലനും കുശാഗ്രബുദ്ധിയുമായ എവുജിൻ ബാല്യകാലവിദ്യാഭ്യാസവും കലാലയപരിശീലനവും യഥാവിധി നിർവ്വഹിച്ചു് 1899 ഏപ്രിൽ 2-ാംനു വൈദികപട്ടം സ്വീകരിച്ചു. 1917 മേയ് 13-ാംനു മെത്രാനായി അഭിഷേചിക്കപ്പെട്ടു. 1930 ഡിസമ്പർ 16-ാംനു കർദ്ദിനാളായി ഉയർത്തപ്പെട്ടു. 1939 മാർച്ച് 2-ാംനു തന്റെ 64-ാമത്തെ ജന്മനാളിൽ, പരിശുദ്ധ പിതാവു് 11-ാം പീയൂസ് മാർപ്പാപ്പായുടെ അനന്തരഗാമിയായി പാപ്പാസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെടുകയും 12-ാം തീയതി മാർപ്പാപ്പായായി കിരീടധാരണം നിർവ്വഹിക്കുകയുംചെയ്തു. ആ മഹാസംഭവം നടന്നിട്ടു് ഇപ്പോൾ 15 വർഷം കഴിയുന്നു. തിരുമനസ്സിലേക്കിപ്പോൾ 78 വയസ്സ് പൂർത്തിയാകുന്നു. വാർദ്ധക്യസഹജമായ ക്ഷീണത്തോടൊപ്പം വിശ്രമരഹിതമായ കഠിനാദ്ധ്വാനഫലമായി ഗുരുതരമായ ശരീരാസ്വാസ്ഥ്യങ്ങൾ അവിടുത്തെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ടു്. അടുത്തുണ്ടായ അതിഗൗരവമായ സുഖക്കേടിനെപ്പററി ലോകത്തിൽ അറിവായ ഉടനെ ഉൽക്കണ്ഠാപൂർവ്വകമായ വികാരങ്ങളെ പ്രകടിപ്പിച്ചും പ്രാർത്ഥനാവാഗ്ദാനങ്ങളെ ഉൾക്കൊള്ളിച്ചും ഒരു ലക്ഷത്തിൽപ്പരം സന്ദേശങ്ങളാണു് ഇടതടവില്ലാതെ വത്തിക്കാനിലേക്കു് പ്രവഹിച്ചതെന്നറിയുമ്പോൾ തിരുമനസ്സിലേക്കു് ജനഹൃദയങ്ങളിൽ എന്തു സ്ഥാനമാണുള്ളതെന്നു് ഏവർക്കും അനുമാനിക്കാമല്ലോ.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനിയിൽ ജന്മസിദ്ധവും കർമ്മലബ്ധവുമായി പരിലസിക്കുന്ന ഗുണവിശേഷങ്ങൾ നിരവധിയാണു്. അവിടുത്തെ ആർജ്ജവത്വം, ധിഷണാപാടവം, ദീനാനുകമ്പ, ആത്മധീരത ആദിയായ സൽഗുണങ്ങൾ നിരന്തരമായ പരിശീലനവും അവിശ്രമമായ പരിശ്രമവുംകൊണ്ടു് ഔൽക്കർഷ്യത്തിന്റെ പരമകോടിയിലേക്കുയർന്നിരിക്കയാണു്. തത്വജ്ഞാനത്തിലും, ചരിത്രപാണ്ഡിത്യത്തിലും, ശാസ്ത്രവിജ്ഞാനത്തിലും, ഭാഷാസ്വാധീനതയിലും ഇന്നു ജീവിച്ചിരിക്കുന്ന മഹാരഥന്മാരിൽ അഗ്രിമസ്ഥാനമാണു് തിരുമേനി നിലകൊള്ളുന്നതു്. 1911-ൽ "അസാധാരണകാര്യങ്ങളുടെ തിരുസംഘത്തിന്റെ അണ്ടർ സിക്രട്ടറിയായി തിരുമേനി വത്തിക്കാനിൽ നിയമിക്കപ്പെട്ടു. ആ ലോകകേന്ദ്രത്തിന്റെ മർമ്മസ്ഥാനത്തു പ്രവേശിച്ചതോടെ തിരുമനസ്സിൽ ഒളിഞ്ഞുകിടന്നിരുന്ന അസാധാരണമായ പ്രവർത്തനസാമർത്ഥ്യങ്ങൾക്കു് വികസിക്കുന്നതിനു പററിയ രംഗം ലഭിച്ചു. സഭാകാര്യങ്ങളുടെ നിർവ്വഹണത്തിൽ അതുല്യമായ വൈദഗ്ദ്ധ്യം പ്രകടമാക്കി. രാജ്യാന്തരകാര്യങ്ങളിൽ അനുകൂലമായ നയതന്ത്രജ്ഞത സ്വായത്തമാക്കി വിഷമകരമായ ദൗത്യങ്ങൾ വിജയപൂർവ്വം നിർവ്വഹിച്ചു. പലപ്രാവശ്യം പേപ്പൽ പ്രാതിനിദ്ധ്യം വിദേശരാജ്യങ്ങളിൽ പ്രശസ്തമായി വഹിക്കുകയും ആ അവസരങ്ങളിലോരോന്നും തിരുസഭയുടെ ആദർശങ്ങൾക്കു് പ്രചാരണവും പ്രശസ്തിയും കൈവരത്തക്കവണ്ണം വിദഗ്ദ്ധമായി കൈകാര്യം ചെയ്യുകയുംചെയ്തു ജനസമ്മതിയും മേലധികാരത്തിലെ മതിപ്പും അടിക്കടി വർദ്ധിച്ചു വൈദികസ്ഥാനങ്ങളിൽ പടിപടിയായി ഉയർന്നു് അവസാനം സർവ്വലോകത്തിന്റേയും തീവ്രമായ പ്രതീക്ഷയെ സാർത്ഥകമാക്കിക്കൊണ്ടു് 1939-ൽ പാപ്പാസ്ഥാനത്തിൽ ആരോഹിതനായി.

ഭീകരമായ രണ്ടാംലോകമഹാസമരത്തിന്റെ സമാരംഭത്തോടടുത്താണല്ലോ തിരുമേനി ഭരണമേറെറടുക്കയായതു്. യുദ്ധാരംഭത്തിനു മുമ്പും, യുദ്ധത്തിനിടയിലും, യുദ്ധാനന്തരം ഇന്നോളവും തിരുമനസ്സുകൊണ്ടു് ലോകത്തിനു് സമാധാനമുളവാക്കുന്നതിനുവേണ്ടി അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരുന്നിട്ടുള്ളതു്. ഇതൊരു സേവനം മാത്രംമതി അവിടുത്തെ നാമം ചരിത്രത്തിൽ അവിസ്മരണീയമായി നിലകൊള്ളുന്നതിനു്. കടൽമാർഗ്ഗമായും കരമാർഗ്ഗമായും വായുമാർഗ്ഗമായും വമ്പിച്ച

പന്ത്രണ്ടാം

പീയൂസ്



പോപ്പരാജൻ

വിജയിപ്പൂതാക!

സേനാവിഭാഗങ്ങളെ പരസ്പരം രാജ്യാതിർത്തികൾ കടന്നാക്രമിക്കുന്നതിനു് നിയോഗിച്ചുകൊണ്ടു്, ആധുനികകണ്ടുപിടുത്തങ്ങളെ പരമാവധി ഉപയോഗിക്കുന്ന ഭയാനകങ്ങളായ നശീകരോപകരണങ്ങളെ യാതൊരു വിവേചനവും കൂടാതെ അരക്ഷിതങ്ങളായ ജനവാസസ്ഥലങ്ങൾക്കെതിരായി പ്രയോഗിക്കുന്നതിനാരംഭിച്ചുകൊണ്ടും നടത്തപ്പെട്ട മഹായുദ്ധത്തിൽ പൈശാചികമായി യുദ്ധക്കലിതുള്ളുന്ന വൻകിടശക്തികളെ ശാന്തമായി സമീപിച്ചു് ധർമ്മോപദേശം ചെയ്യുന്നതിൽ തിരുമേനി അക്ഷീണം പരിശ്രമിച്ചുപോന്നു. യുദ്ധക്കൊതിയന്മാരെ അവിടുന്നു് ശക്തിയായ ഭാഷയിൽ ഭത്സിച്ചു. യുദ്ധങ്ങളുടെയും രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യജഡിലമായ നിയന്ത്രണങ്ങളുടേയും ഫലമായി ലോകത്തിലെ ഒരു ഭൂരിപക്ഷം ജനത ദാരിദ്ര്യത്തിന്റെ പാഴ്ക്കുണ്ടിൽ ആണ്ടുപോകുന്നതുകണ്ടു് ദീനദയാലുവായ അവിടുന്നു് നിരാലംബരായ അവരെ സഹായിക്കുന്നതിനു് വേണ്ട എല്ലാ ശ്രമങ്ങളും ചെയ്തുകൊണ്ടിരുന്നു. അവിടുന്നു തന്നെ സാധാരണഭക്ഷണങ്ങളെപോലും നിയന്ത്രിക്കുകയും ലോകത്തുള്ള എല്ലാവരും പാടുപോലെ ഭക്ഷണനിയന്ത്രണം ആചരിച്ചു് അവശരായ സഹോദരലക്ഷങ്ങളെ സഹായിക്കണമെന്നു് ശക്തിയായി ആഹ്വാനം ചെയ്യുകയുംചെയ്തു. ക്ഷാമപീഡിതമായ ഓരോ സ്ഥലങ്ങളിലേക്കും കഴിവുള്ള എല്ലാ സഹായങ്ങളും എത്തിച്ചുകൊടുത്തുകൊണ്ടിരുന്നു. രാജ്യാന്തരമേഖലകളിൽ യുദ്ധം ചെയ്തിരുന്നവരുടേയും ശത്രുക്കളാൽ പിടിക്കപ്പെട്ടവരുടേയും വാർത്തകൾ ശേഖരിച്ചു് ദുഃഖാർത്തരായ അവരുടെ കുടുംബാംഗങ്ങളെ സമാശ്വസിപ്പിച്ചിരുന്നു. യുദ്ധാനന്തരം രാഷ്ട്രങ്ങൾ തമ്മിലുള്ള തെററിദ്ധാരണകളും അകൽച്ചകളും ദൂരീകരിക്കുന്നതിനും വമ്പിച്ച നശീകരായുധങ്ങൾ സംഭരിച്ചു ശീതസമരം തുടങ്ങുന്നതിന്റെ ആബദ്ധ്യത്തെ അവർക്കു് ബോദ്ധ്യപ്പെടുത്തുന്നതിനും അവിടുന്നു് ലോകത്തെ നിരന്തരം ഉൽബോധിപ്പിച്ചുപോരുകയാണു്.

ലോകത്തിന്റെ സുസ്ഥിതിയെ പാടെ നശിപ്പിക്കത്തക്ക വിപ്ലവാശയങ്ങൾ എവിടെയും പ്രചരിപ്പിച്ചുകൊണ്ടു് മുന്നേറുന്ന കമ്മ്യൂണിസ്റ്റു വിപത്തിനെ പ്രതിരോധിക്കുന്നതിലാണു് ഇന്നു് തിരുസഭാനേതാവു് തന്റെ ശക്തികേന്ദ്രീകരിച്ചിരിക്കുന്നതു്. നിരീശ്വരത്വത്തിന്റെ കാഹളമൂതിക്കൊണ്ടും വർഗ്ഗവിദ്വേഷത്തിന്റേയും വിപ്ലവത്തിന്റേയും സന്ദേശമോതിക്കൊണ്ടും അവശപക്ഷങ്ങളെ വ്യാമോഹിപ്പിച്ചു് ചോരപ്പുഴയൊഴുക്കുന്നതിനും ഈ സാഹസത്തിന്റെ തണലിൽ രാഷ്ട്രാധികാരം പിടിച്ചെടുത്തു് സ്വേച്ഛാഭരണം നടപ്പാക്കുന്നതിനും കൗടില്യപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ നാരകീയപ്രസ്ഥാനത്തെ എതിരിടാതെ തിരുസഭയ്ക്കു് നിവൃത്തിയില്ല. അതുകൊണ്ടാണു് തിരുസഭയും കമ്മ്യൂണിസവും തമ്മിലുള്ള ഏററുമുട്ടൽ അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്നതു്. ഈ പ്രതിരോധനസംഘട്ടനത്തിൽ തിരുസഭയുടെ നേതൃത്വം പരിശുദ്ധ പിതാവു് ഫലപ്രദമായി വഹിച്ചുകൊണ്ടിരിക്കയാണു്. അവിടുത്തെ പ്രതിരോധനായുധങ്ങൾ തത്വോപദേശങ്ങളും ധാർമ്മികോൽബോധനങ്ങളും ദീനാനുകമ്പിതമായ സേവനശുശ്രൂഷകളുമാണു്. തിന്മയെ നന്മകൊണ്ടു് ജയിക്കുക എന്ന ക്രിസ്തീയസിദ്ധാന്തമാണു് അവിടുത്തെ ആലംബം. പലവിധത്തിൽ പ്രക്ഷുബ്ധമായിരിക്കുന്ന ആധുനികലോകത്തിൽ ധാർമ്മികസമ്രാട്ടായ പരിശുദ്ധ മാർപ്പാപ്പായുടെ നയപാടവവും സമീപനവൈദഗ്ദ്ധ്യവുമില്ലായിരുന്നെങ്കിൽ ലോകം പണ്ടേക്കുപണ്ടേ ഒരഗ്നികുണ്ഡവും രക്തക്കുളവുമായി പരിണമിക്കുമായിരുന്നില്ലേയെന്നു് ആരറിഞ്ഞു!

പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പായുടെ ഭരണകാലം അപ്രതിഹതമായ പലേ പ്രതിബന്ധങ്ങളേയും അദ്യാപി നേരിട്ടുകൊണ്ടാണു് പുരോഗമിച്ചിട്ടുള്ളതെങ്കിലും സഭാകാര്യങ്ങളിൽ പല പ്രശസ്തങ്ങളായ നേട്ടങ്ങളും അതു സാധിച്ചിട്ടുണ്ടു്. തിരുസഭയുടെ പ്രചാരണത്തിനും സുസ്ഥിരതയ്ക്കും പ്രശസ്തിക്കും നിദാനമായിട്ടുള്ള നിരവധിമഹാസംഭവങ്ങൾ ഇതഃപര്യന്തമുള്ള അതിന്റെ ചരിത്രത്തിൽ ചൂണ്ടിക്കാണിക്കുന്നതിനു സാധിക്കും. സമാരാധനസംബന്ധിച്ചു തിരുസംഘങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമായി പരിഷ്കരിച്ചു സംഘടിപ്പിക്കുക; കർദ്ദിനാൾ സംഘത്തിലെ കുറവുകളെ യഥാവിധി പരിഹരിക്കുക; വിവിധരാജ്യങ്ങളിലെ സഭാവിഭാഗങ്ങൾക്കുവേണ്ടി പ്രത്യേകം ഹയരാർക്കികൾ സ്ഥാപിക്കുകയും കഴിവുള്ളിടത്തോളം എതദ്ദേശീയ വൈദികാദ്ധ്യക്ഷന്മാരെ നിയമിച്ചും ഭരണഭാരം അവരെ ഏല്പിച്ചും സഭയ്ക്കു സാർവ്വത്രികമായ ഒരു ദേശീയസ്വഭാവം സംജാതമാക്കുക; സഭയുടെ ആരാധനക്രമങ്ങളേയും ആചാരാനുഷ്ഠാനങ്ങളേയും കാലോചിതമായി ഭേദപ്പെടുത്തുകയും പരിഷ്കരിക്കുകയും ചെയ്യുക; വൈദികവിദ്യാർത്ഥികളുടെ സമർത്ഥമായ ശിക്ഷണത്തിനുവേണ്ടി സെമ്മിനാരികളുടെ പ്രവർത്തനത്തെയും പാഠ്യപദ്ധതികളേയും സംബന്ധിച്ച മാനദണ്ഡം ഉയർത്തുക; കത്തോലിക്കാമതത്തിന്റെ അഭേദ്യമായ തത്വസംഹിതകളെ അവസരോചിതമായി പ്രൗഢങ്ങളായ ചാക്രികലേഖനങ്ങൾവഴിയും പാണ്ഡിത്യോചിതമായ റേഡിയോ പ്രഭാഷണങ്ങൾവഴിയും പ്രചരിപ്പിക്കുക; മതപഠനം പരിഷ്കരിച്ചും സമാകർഷകങ്ങളായ മാർഗ്ഗങ്ങളിലൂടെ എല്ലാവർക്കും സുഗമമാക്കുകയും കത്തോലിക്കരെ സംബന്ധിച്ച് അതു നിർബന്ധിതമാക്കുകയും ചെയ്യുക; തപശ്ചര്യകൾ സംബന്ധിച്ച പാരമ്പര്യങ്ങളും ആനുകൂല്യങ്ങളും ദേശകാല സാഹചര്യങ്ങൾക്കനുസരിച്ചു് അനുവദിച്ചുകൊടുക്കുക, ഇത്യാദി വിപുലമായ പദ്ധതികൾവഴി കത്തോലിക്കാസഭയുടെ അമേയമായ ചൈതന്യത്തെ ശോഭനമാക്കുന്നതിനും തദ്വാരാ ആധുനികലോകത്തിന്റെ അന്ധകാരനിബിഡമായ അന്തരീക്ഷത്തിൽ സത്യമതത്തിന്റെ ദിവ്യപ്രകാശം പരത്തുന്നതിനും തിരുമനസ്സിലെ ഭരണകാലചെയ്തികൾ സവിശേഷം സഹായകമായിട്ടുണ്ടു്.

ആധുനികലോകത്തിന്റെ അധഃപതനത്തിനും ജനതയുടെ ദുരന്തദുരിതങ്ങൾക്കും വളംവച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യപ്രശ്നങ്ങളുടെ പൊരുത്തക്കേടുകളെ ഫലപ്രദമായി പരിഹരിക്കുന്നതിനുവേണ്ട സുഗമമായ മാർഗ്ഗങ്ങൾ പരിശുദ്ധപിതാവു് നിരന്തരം പ്രബോധിപ്പിച്ചുകൊണ്ടിരിക്കുന്നു. സാമൂഹ്യവ്യവസ്ഥിതിയിൽ പാറിക്കൂടിയിട്ടുള്ള അഴുക്കുകളേയും പൊട്ടിയൊലിച്ചുകൊണ്ടിരിക്കുന്ന വ്രണങ്ങളേയും വിദഗ്ദ്ധമായി ചികിത്സിച്ചു ഭേദപ്പെടുത്തി സമുദായഗാത്രത്തിന്റെ മോഹനമായ സൗഷ്ഠവത്തെ വീണ്ടെടുക്കുന്നതിനാണു് അവിടുത്തെ പ്ലാൻ. രോഗിയെക്കൊന്നു രോഗം ഭേദപ്പെടുത്തുന്ന കമ്മ്യൂണിസ്റ്റുരീതി നിരർത്ഥകവും വിനാശകരവുമാണെന്നു അവിടുന്നു ഉൽബോധിപ്പിക്കുന്നു. ഇന്നത്തെ ഏററം അത്യന്താവശ്യമായിത്തീർന്നിട്ടുള്ള സാമൂഹ്യവ്യവസ്ഥിതിയുടെ പരിഷ്കരണത്തിൽ വത്തിക്കാനും ക്രെംലിനും തമ്മിലുള്ള ആദർശവ്യത്യാസം പ്രധാനമായി ഈ മാർഗ്ഗവിവേചനയിലാണടങ്ങിയിരിക്കുന്നതു്. ലോകത്തിന്റെ അവശതകളെ പരിഹരിക്കുന്നതിനും സുഭദ്രമായ ഒരു സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനുംവേണ്ടിയുള്ള ശ്രമത്തിൽ മനുഷ്യന്റെ മൗലികാവകാശങ്ങൾ അവഗണിക്കപ്പെട്ടുകൂടാ. വ്യക്തികളുടെ അവകാശസ്വാതന്ത്ര്യങ്ങളായിരിക്കണം തത്വമുള്ള ഏതു പദ്ധതിയുടേയും അസ്ഥിവാരം. സമുദായത്തിന്റെ ധർമ്മബോധത്തെ തട്ടിയുണർത്തണം; നീതിനിർവ്വഹണം എവിടെയും അംഗീകരിക്കപ്പെടണം; തമ്മിൽതമ്മിൽ സൗമനസ്യം കൈവളരണം; സാക്ഷാത്തായ സാഹോദര്യം പുലർത്തപ്പെടണം. ഇതുകൊണ്ടുമാത്രമേ അഭിലഷിക്കപ്പെടുന്ന സുസ്ഥിതി സംജാതമാകയുള്ളൂ. നേരെമറിച്ചു, കൈയൂക്കുകൊണ്ടും വിപ്ലവംകൊണ്ടും ചതിപ്രയോഗംകൊണ്ടും ഇന്നൊരു

കക്ഷി വിജയിച്ചാൽ ആ വിജയം നിലനില്ക്കാൻ പോകുന്നില്ല. അടുത്ത അവസരത്തിൽ അതേമാർഗ്ഗങ്ങൾ ഇന്നത്തെ ജേതാവിനെതിരായി പ്രയോഗിക്കപ്പെടുമെന്നതു ലോകാനുഭവമാണല്ലോ. അതുകൊണ്ടു് മനുഷ്യൻ ധർമ്മബോധത്തോടും മനസ്സാക്ഷിയോടുംകൂടി മനുഷ്യോചിതമായി പ്രവൃത്തിക്കുന്ന ഒരു പരിതസ്ഥിതി സംജാതമായെങ്കിൽമാത്രമേ ലോകത്തിൽ സൗഹൃദമായ സമാധാനവും സുസ്ഥിതിയും സംജാതമാകയുള്ളു. ഇതാണു് പരിശുദ്ധപിതാവിന്റെ ലക്ഷ്യം. അതിനുവേണ്ടിയുള്ള അവിടത്തെ നിസ്തന്ദ്രമായ പരിശ്രമങ്ങളിൽ അകമഴിഞ്ഞു സഹായിക്കുന്നതായിരിക്കും മനുഷ്യത്വമുള്ള ഏതൊരുവനും ചെയ്യാവുന്നതും ചെയ്യേണ്ടതുമായ സാമൂഹ്യസേവനം.

ഏവംവിധം ക്രിസ്തുവിന്റെ പ്രതിപുരുഷനും ലോകത്തിന്റെ ധാർമ്മികഗുരുവുമായ മാർപ്പാപ്പാതിരുമനസ്സിലെ മഹനീയാപദാനങ്ങളെ പ്രശ്രയപൂർവ്വം ലോകം കൊണ്ടാടുന്ന ഈ സുദിനത്തിൽ അവിടുന്നു ലോകത്തിനു നൽകുന്ന രക്ഷാകരവും സൗഭാഗ്യപ്രദവുമായ ദൗത്യം സഫലമാകുന്നതിനു നമുക്കെല്ലാവർക്കും ആത്മാർത്ഥമായി പരിശ്രമിക്കാം. പോപ്പുരാജൻ വിജയിക്കട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### പാർലമെന്റിൽ അവിശ്വാസ പ്രമേയം പരാജയപ്പെട്ടു

കൽക്കട്ടായിലെ അദ്ധ്യാപകസത്യഗ്രഹവും തുടർന്നുണ്ടായ ലഹളയും ചർച്ച ചെയ്യുവാൻ പാർലമെന്റിലെ ജനസഭയിൽ കമ്മ്യൂണിസ്റ്റ് സാമാജികന്മാർ അവതരിപ്പിക്കാൻ ഉദ്ദേശിച്ച അടിയന്തിരപ്രമേയത്തിനു സ്പീക്കർ അനുമതി നിഷേധിച്ചു. (ഈ ലക്കത്തിലെ വിമർശനവീഥി നോക്കുക) എന്നാൽ പാർലമെന്റിലെ കൗൺസിൽ ഓഫ് സ്റ്റേറ്റ്സിൽ പ്രസ്തുത സംഭവങ്ങളെ അടിയന്തിരപ്രമേയത്തിന്റെ രൂപത്തിൽ അല്ലാതെ ചർച്ചചെയ്യുവാൻ പ്രതിപക്ഷത്തിനു് ചെയർമൻ അനുമതി നൽകുകയും അതനുസരിച്ചവിടെ ചർച്ച നടക്കുകയും ചെയ്തു. ഒരേ വിഷയത്തെപ്പററിയുള്ള ചർച്ച ജനസഭയിൽ നിഷേധിക്കുകയും കൗൺസിലിൽ അനുവദിക്കുകയും ചെയ്തതു് ജനസഭയുടെ നേർക്കു് കാണിച്ച ബഹുമാനക്കുറവാണെന്നുള്ള കാരണം പറഞ്ഞു് ഗവർമ്മെന്റിന്റെ പേരിൽ കുററമാരോപിക്കുന്ന ഒരു പ്രമേയം കമ്മ്യൂണിസ്റ്റുകാരുടേയും മററു ഇടതുപക്ഷങ്ങളുടേയും പിൻബലത്തോടുകൂടി ഒരു സ്വതന്ത്രസാമാജികൻ ഫെബ്രു. 18-ാം തീയതി ജനസഭയിൽ അവതരിപ്പിച്ചു. പ്രമേയം ചർച്ചചെയ്യുവാൻ തയ്യാറാണെന്നു് പ്രധാനമന്ത്രി സംശയരഹിതമായി പറഞ്ഞതനുസരിച്ചു് പ്രമേയം സ്വീകരിക്കപ്പെടുകയും ചർച്ച നടക്കുകയും ചെയ്തു. പ്രതിപക്ഷങ്ങളുടെ വാദമുഖങ്ങളെ കോൺഗ്രസ് കക്ഷിയിലെ ചില സാമാജികന്മാർ ന്യായപൂർവ്വം ഖണ്ഡിച്ചു. ഒടുവിൽ ആഭ്യന്തരമന്ത്രി ഡോക്ടർ കട്ജു മറുപടി നൽകി. അതിന്റെ അവസാനഭാഗം ഇങ്ങനെയായിരുന്നു:-

ഈ പ്രമേയത്തിൽ ഗവർമ്മെന്റിനെതിരായുള്ള ആരോപണമെന്തെന്നാൽ, ജനസഭയിലെ സാമാജികന്മാർക്കു് കൽക്കട്ടാസംഭവങ്ങളെപ്പററിയുള്ള [illegible] ഗവർമ്മെന്റു് അതേപ്പററി കൗൺസിലിൽ ചർച്ചചെയ്യുവാൻ അനുമതി നൽകി എങ്കിലും അത്തരമൊരു ചർച്ചയും വേണ്ട ഉപക്ഷേപം ജനസഭയിൽ കൊണ്ടുവരുവാൻ ഒരു നടപടിയും നടത്തിയില്ല എന്നാണു്. കാര്യങ്ങൾ ശരിക്കു് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ജനസഭയിൽ കൊണ്ടുവന്ന അടിയന്തിരപ്രമേയം തികച്ചും ക്രമരഹിതമാണെന്നു് സ്പീക്കർ തീരുമാനിച്ചു. ആ തീരുമാനം പരിപൂർണ്ണമായും ശരിയായിരുന്നു. എന്നാൽ പ്രതിപക്ഷം ഇപ്പോൾ പറയുന്നതു്, പ്രതിപക്ഷങ്ങളുടെ ഉദ്വേഗത്തോടുകൂടിയ വികാരങ്ങളേയും കയ്പേറിയ കോപത്തേയും മനസ്സിലാക്കിക്കൊണ്ടോ സ്വമേധയായോ ഗവർമ്മെന്റിന്റെ പേർക്ക താൻ എഴുന്നേററുനിന്നു സ്പീക്കറോടു് ഇങ്ങനെ പറയേണ്ടതായിരുന്നു: "അല്ലയോ സ്പീക്കർ, ഈ സഭയിൽ ചർച്ചയ്ക്കുവേണ്ടി ഒരു ഉപക്ഷേപം അവതരിപ്പിക്കുവാൻ അങ്ങു ദയവായി എന്നെ അനുവദിക്കണം." ഇങ്ങനെ താൻ ചെയ്തില്ലെന്നാണു് പ്രതിപക്ഷത്തിന്റെ ആരോപണം. ഇത്തരം ഉപക്ഷേപത്തെപ്പററി തന്റെ ജീവിതകാലത്തു് താൻ ഒരിക്കലും കേട്ടിട്ടില്ല. ഈ ആരോപണം അത്ഭുതപൂർവ്വകമാണു്, എന്റെ സ്നേഹിതൻ, മി. ചാററർജി (പ്രതിപക്ഷത്തിൽപ്പെട്ട ആൾ) എന്നെക്കാൾ വലിയ അഭിഭാഷകൻ, ഇതുപോലുള്ള സംഭവം എവിടെയെങ്കിലും നടന്നിട്ടുള്ളതായി ചൂണ്ടിക്കാണിക്കട്ടെ. എന്നു പറഞ്ഞുകൊണ്ടു് ഹർഷാരവങ്ങൾക്കിടയിൽ ഡോക്ടർ കട്ജു മറുപടിപ്രസംഗം ഉപസംഹരിച്ചു.



തിരുനാൾ മംഗളാശംസ

കൊച്ചി മെത്രാൻ
മൈററ് റവ. ഡോ. അലക്സാണ്ടർ എടേഴത്തു് ഡി ഡി.
(ഫെബ്രുവരി 26)

പ്രമേയം വോട്ടിനിട്ടതിൽ 66നു് എതിരായി 259 വോട്ടുകളോടുകൂടി പരാജയപ്പെട്ടു. ഏതുവിധേനയും ഭരണം നടത്തുന്ന ഗവർമ്മെന്റിനെ കുററം പറയുകയും അവർക്കെതിരായി ജനങ്ങളെ ഇളക്കിവിടുകയും ചെയ്യണമെന്നല്ലാതെ പ്രതിപക്ഷത്തിൽപ്പെട്ട വിധ്വംസകപാർട്ടികൾക്കു് ജനക്ഷേമകരമായ ലക്ഷ്യം ഒന്നുമില്ല.

* * *

### സമാധാനലംഘനം അനുവദിക്കുകയില്ലെന്നു കേന്ദ്രമന്ത്രി

കൽക്കട്ടായിലെ അദ്ധ്യാപകപണിമുടക്കും തുടർന്നുണ്ടായ ലഹളകളും സംബന്ധിച്ചു് കൗൺസിലിൽ നടന്ന ചർച്ചകൾക്കിടയിൽ അദ്ധ്യാപകരുടെ കുത്തിയിരുപ്പുസത്യഗ്രഹത്തെ ആഭ്യന്തരമന്ത്രി ഡോക്ടർ കട്ജു ഇങ്ങനെ പരാമർശിച്ചു: "അദ്ധ്യാപകർ സമാധാനപരമായി പെരുമാറിയെന്നു് പറയപ്പെടുന്നു. 5 ദിവസം രാപകൽ തെരുവിൽ കുത്തിയിരുപ്പുനടത്തുവാൻ അവരെ അനുവദിക്കുമായിരുന്ന മററേതെങ്കിലും രാജ്യം ലോകത്തുണ്ടോ? അവരെ ഇതിനെക്കാൾ നേരത്തേ അവിടെനിന്നു നീക്കംചെയ്യുമായിരുന്നു എന്നാണു ഞാൻ പറയുന്നതു്." കൽക്കട്ടായിൽ നടന്ന ലഹളയെ കൊള്ള, തീവയ്പു് മുതലായവയെ, വിവരിച്ചശേഷം മന്ത്രി ഇങ്ങനെ തുടർന്നു. "പരിപൂർണ്ണമായ ഉത്തരവാദിത്വത്തോടുകൂടി ഞാൻ പറയുന്നു—നിങ്ങൾക്കിഷ്ടമുള്ളിടത്തോളം എന്നെ അപലപിച്ചുകൊള്ളുക— ഇത്തരം അസ്വാസ്ഥതകളും അക്രമങ്ങളും ഏതെങ്കിലും ജനവിഭാഗം പ്രവർത്തിക്കുകയോ പരത്തുകയോ ചെയ്യുന്നപക്ഷം പോലീസ് വെടിവയ്ക്കാതെ ഗത്യന്തരമില്ല. ഇൻഡ്യയുടെ ആഭ്യന്തരമന്ത്രി എന്ന നിലയിൽ, ഇൻഡ്യയിലാകെ സമാധാനവും ശാന്തതയും പരിരക്ഷിക്കുവാൻ ആദ്യമായുള്ള ചുമതല എനിക്കാണു്. തങ്ങളോടു നീതിചെയ്തില്ലെന്നും തങ്ങളുടെ ആവലാതികൾ പരിഹരിക്കപ്പെട്ടില്ലെന്നും വിചാരിക്കുന്ന ജനവിഭാഗത്തിനോ അവരുടെ അനുഭാവികൾക്കോ രാഷ്ട്രീയപാർട്ടികൾക്കോ നിയമലംഘനം നടത്തുവാനും കുഴപ്പങ്ങൾ ഉണ്ടാക്കുവാനും അവകാശമുണ്ടെന്നുള്ള അഭിപ്രായം സമ്മതിച്ചുകൊടുക്കുവാൻ ഞങ്ങൾ തയ്യാറില്ല. ആ നില അനുവദിക്കുകയില്ല. സകല വ്യവസ്ഥാപിതമാർഗ്ഗങ്ങളും സ്വീകരിച്ചുകൊള്ളുക, നിവേദനങ്ങൾ നടത്തുകയും പൊതുജനാഭിപ്രായം കെട്ടിപ്പടുക്കുകയും അടുത്ത പൊതുതിരഞ്ഞെടുപ്പിൽ ഈ മന്ത്രിസഭയെ കുഴിച്ചുമൂടുകയും ചെയ്യുക. അതെല്ലാം അനുവദനീയമാണു്. അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിയില്ലെങ്കിൽ കൽക്കട്ടാ ചുട്ടെരിക്കുവാൻ അവർക്കു അവകാശമുണ്ടെന്നുള്ള വാദം സ്വീകരിക്കാവുന്നതല്ല. കൽക്കട്ടായിൽ നിയമലംഘനം പരിപൂർണ്ണമായും നടത്തപ്പെട്ടെങ്കിലും പ്രതിപക്ഷം അതിനെ അപലപിച്ചു് ഒരു വാക്കുപോലും ശബ്ദിക്കുകയുണ്ടായില്ല."

സത്യഗ്രഹത്തിന്റെ പേരിൽ എന്തെല്ലാം അക്രമങ്ങളും, കുഴപ്പങ്ങളും ആണു് ഈ രാജ്യത്തു നടക്കുന്നതു്! അവയെ മുളയിൽത്തന്നെ നുള്ളിക്കളയുവാൻ ശക്തിയുള്ള ഒരു ഗവർമ്മെന്റു് ഉണ്ടെങ്കിലേ ജനങ്ങൾക്കു സമാധാനപരമായി ജീവിക്കുവാൻ സാധിക്കുകയുള്ളു.

* * *

### മിഷനറിപ്രവർത്തനം തടയുകയില്ലെന്നു് ഇൻഡ്യൻ പ്രസിഡൻറു് ഉറപ്പുപറയുന്നു

ഇൻഡ്യൻപ്രസിഡൻറു് ഡോക്ടർ രാജേന്ദ്രപ്രസാദ് തുരാ എന്ന സ്ഥലത്തു ഫെബ്രുവരി 18-ാം തീയതി ഒരു പരസ്യയോഗത്തിൽ മലവർഗ്ഗക്കാരുടെ ക്ഷേമത്തിൽ കേന്ദ്രഗവർമ്മെന്റിനുള്ള താല്പര്യത്തെപ്പററി പ്രസ്താവിച്ച കൂട്ടത്തിൽ ക്രിസ്തീയമിഷനറിമാരെപ്പററി ഇങ്ങനെ പരാമർശിച്ചു:- "ക്രിസ്ത്യാനികൾ ഹിന്ദുക്കളോളമോ മുസ്ലീങ്ങളോളമോ മററു മതാനുയായികളോളമോ തന്നെ ഇൻഡ്യക്കു പ്രിയപ്പെട്ടവരാണു്. ഹിന്ദുക്കളോളമോ മററു മതക്കാരോളമോ തന്നെ തങ്ങളും ഇൻഡ്യാക്കാരാണെന്നു് ക്രിസ്ത്യാനികളും കരുതണമെന്നാണു് [illegible]. ആകയാൽ ഏതൊരു ക്രിസ്ത്യാനിക്കും ഇൻഡ്യൻ ക്രിസ്ത്യാനികളോടോ ക്രിസ്ത്യാനികളല്ലാത്തവരോടോ [illegible] ക്രിസ്തുമതം പ്രസംഗിക്കുവാൻ യാതൊരു വിരോധവുമുണ്ടാകുവാൻ പാടുള്ളതല്ല. കുറെ നാളായി മിഷനറിമാരെ സംബന്ധിച്ചു് ചിലതരം പ്രക്ഷോഭണം നടന്നുകൊണ്ടിരിക്കുന്നതു് എനിക്കറിയാം. ഏതു ക്രിസ്ത്യാനിയും അവന്റെ മതം പ്രസംഗിക്കുന്നതിൽ നമുക്കു വിരോധമൊന്നുമില്ല. എവിടെയെങ്കിലും വിരോധമുണ്ടെങ്കിൽ, അതു ക്രിസ്തുമതം പ്രസംഗിക്കുന്നതിലല്ല, പിന്നെയോ, ചിലയാളുകൾ അതിവതാല്പര്യം കാണിക്കുന്ന മററു തരം പ്രവർത്തനങ്ങളോടാണു്. ജനങ്ങൾക്കു് ഏതെങ്കിലുംതരം സാമൂഹ്യസേവനം ചെയ്യുവാൻ ആർക്കെങ്കിലും താല്പര്യമുണ്ടെങ്കിൽ അതിൽ അത്രപോലും വിരോധമില്ല. എന്നാൽ അതേസമയംതന്നെ ഞങ്ങൾ പ്രതീക്ഷിക്കുന്നു, ഈ സേവനത്തിനു വരുന്നവർ അവരുടെ പ്രവർത്തനങ്ങൾ അതിൽ മാത്രം ഒതുക്കിനിറുത്തുമെന്നു്."

പ്രസിഡണ്ടു് അവർകളുടെ ആശയം മനസ്സിലാക്കാൻ പ്രയാസംതോന്നുന്നു. സാമൂഹ്യസേവനങ്ങൾ നടത്താൻ വിദേശമിഷനറിമാർക്കു് സ്വാതന്ത്ര്യം ഉണ്ടെന്നും, എന്നാൽ ക്രിസ്തുമതം പ്രസംഗിക്കുവാനും പ്രചരിപ്പിക്കുവാനും അവർക്കു സ്വാതന്ത്ര്യമില്ലെന്നുമാണു് ചില ഹൈന്ദവ ഭരണകർത്താക്കൾ ഇതിനുമുൻപ് പ്രസ്താവിച്ചുകേട്ടിട്ടുള്ളതു്. എന്നാൽ രാജൻ ബാബു ഇപ്പോൾ പറയുന്നു മിഷനറിമാർക്കു ക്രിസ്തുമതം പ്രസംഗിക്കാൻ സ്വാതന്ത്ര്യം ഉണ്ടെന്നു്.

### സ്വന്തം ലേഖകന്റെ വ്യാഖ്യാനം

ഹിന്ദുപത്രത്തിന്റെ സ്വന്തം ലേഖകൻ പ്രസംഗത്തെ വ്യാഖ്യാനിച്ചു് സ്വന്തം വാക്കുകളിൽ എഴുതിയിരിക്കുന്നതു് ഇങ്ങനെയാണു: "ക്രിസ്തീയ മിഷനറിമാർക്ക അവരുടെ മതം പ്രചരിപ്പിക്കുവാൻ പൂർണ്ണസ്വാതന്ത്ര്യം നൽകപ്പെടുമെന്നു് പ്രസിഡണ്ടു് ഉറപ്പുനൽകി. എന്നാൽ അവരുടെ യാതൊരു പ്രവർത്തനവും മതപരിവർത്തനങ്ങൾക്കായുള്ള യാതൊരു ആഗ്രഹത്താലും പ്രേരിതമായിരിക്കരുതു്. മിഷനറിമാർ ഈ രാജ്യത്തു ഒന്നാംതരം സേവനങ്ങൾ ചെയ്തിട്ടുണ്ടെന്നു് പ്രസിഡണ്ടു് പറഞ്ഞു. എന്നാൽ മിഷനറിമാർ സേവനംചെയ്യുന്നതു് ജനങ്ങളോടുള്ള സ്നേഹത്താലായിരിക്കണം, അല്ലാതെ മതപരിവർത്തനത്തിനായുള്ള മോഹത്താലായിരിക്കരുതു്." ഈ വ്യാഖ്യാനം പ്രസിഡൻറിന്റെ ആശയത്തെ കൂടുതൽ ദുർഗ്രഹമാക്കിയിരിക്കുന്നു. മതം പ്രചരിപ്പിക്കാമെന്നും, എന്നാൽ മതപരിവർത്തനം ആഗ്രഹിക്കരുതെന്നും പറയുന്നതു് പരസ്പരവിരുദ്ധമായി തോന്നുന്നു. അന്യമതസ്ഥരുടെ ഇടയിൽ സ്വന്തം മതം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ഒരുവൻ ചെയ്യുന്നതു്, ആ മതത്തിന്റെ ഗുണങ്ങൾ മനസ്സിലാക്കി അവർ അതു സ്വീകരിക്കണമെന്നുള്ള ആഗ്രഹത്താലല്ലാതെ മററൊരു പ്രേരണയിലായിരിക്കുമെന്നു് ഊഹിക്കുവാൻ സാദ്ധ്യമല്ല. എന്നിരിക്കെ മതപരിവർത്തനം ആഗ്രഹിച്ചു് മതം പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൂടാ എന്നു പറയുന്നതിന്റെ അർത്ഥം മതം പ്രസംഗിക്കുവാനും പ്രചരിപ്പിക്കുവാനും പാടില്ലെന്നല്ലയോ. സ്വന്തം ലേഖകൻ നൽകുന്ന വ്യാഖ്യാനം പ്രസിഡൻറിന്റെ വാക്കുകൾക്കു് പററുന്നില്ലെന്നാണു് ഞങ്ങൾക്കു തോന്നുന്നതു്. [illegible] ആളുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ മാത്രമായി, അങ്ങനെ രാഷ്ട്രീയമായ ശക്തി സംഭരിക്കുവാൻ മാത്രമായി, അതിലും പ്രത്യേകിച്ചു് ലൗകികങ്ങളായ പ്രലോഭനങ്ങൾ നൽകി വശീകരിച്ചു്, മതപരിവർത്തനങ്ങൾ ചെയ്യരുതെന്നാണു പ്രസിഡൻറിന്റെ ആശയമെന്നു് ഞങ്ങൾക്കു തോന്നുന്നു. അങ്ങനെയുള്ള മതപരിവർത്തനങ്ങൾ കത്തോലിക്കാമിഷനറിമാർ നിഷിദ്ധമായി ഗണിക്കുന്നുണ്ടു്, ഗണിക്കണമെന്നാണു് അവരുടെ മതം അവരെ അനുശാസിക്കുന്നതു്. ആകയാൽ പ്രസിഡൻറിന്റെ നിരോധനവ്യവസ്ഥ കത്തോലിക്കാ മിഷനറിമാരുടെ മതപ്രചരണത്തിനു സാമാന്യേന ബാധകമല്ല.

### അജയഘോഷിന്റെ കള്ളപ്രചരണം—കൗമുദിയുടെ കൂട്ടുനില്ക്കൽ —മേത്തായുടെ ഖണ്ഡനം

ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ജനറൽ സിക്രട്ടറി ശ്രീ അജയഘോഷ് ഫെബ്രുവരി 19-ാംതീയതി ന്യൂഡൽഹിയിൽ വച്ചു് തിരുകൊച്ചി തിരഞ്ഞെടുപ്പിനെപ്പററി ചെയ്ത പ്രസ്താവങ്ങൾ കേരളകൗമുദി റിപ്പോർട്ടുചെയ്തിരിക്കുന്നതിൽ ഒരു ഭാഗം ഇങ്ങനെയാണു്: "തിരുകൊച്ചിയിലെ ജനസംഖ്യയിൽ 30ശതമാനവും ക്രിസ്തുവരാണു്. അവരിൽ ഒരു നല്ല ഭാഗം കത്തോലിക്കരുമാണു്. കത്തോലിക്കാസഭ അവിടെ സംഘടിതമായി പ്രവർത്തിക്കുന്നു. വമ്പിച്ച ബാങ്കുബാലൻസും ഉടമയും അവർക്കുണ്ടു്. അവർ കത്തോലിക്കാജനവിഭാഗങ്ങളുടെ ഇടയിൽ വലിയ സ്വാധീനശക്തി ചെലുത്തിവരുന്നു. വരാപ്പുഴ ആർച്ചുബിഷപ്പിന്റെ സർക്കുലർ ഇതിനു തെളിവാണു്. ബിഷപ്പന്മാരും കന്യാസ്ത്രീകളും വീടുതോറും നടന്നു വോട്ടുപിടിക്കുന്നു. ഇടതുപക്ഷത്തിനു വോട്ടുചെയ്യരുതെന്നും, അങ്ങനെ ചെയ്താൽ ദാരുണമായ ഭവിഷ്യത്തുകൾ ഉണ്ടാകുമെന്നും അവർ കത്തോലിക്കരെ ഭീഷണിപ്പെടുത്തുന്നു."

പ്രസ്തുത റിപ്പോർട്ടിനെ തുടർന്നു് അതേപേജിൽത്തന്നെ, പ്രജാസോഷ്യലിസ്റ്റു് പാർട്ടിയുടെ ജോയിൻറു് സിക്രട്ടറിയായ ശ്രീ അശോകമേത്താ ഫെബ്രുവരി 19-ാംതീയതി മദ്രാസിൽവച്ചു് തിരുകൊച്ചി തിരഞ്ഞെടുപ്പിനെപ്പററി പത്രപ്രതിനിധികളോടു ചെയ്ത പ്രസ്താവങ്ങളും കൗമുദി റിപ്പോർട്ടുചെയ്തിട്ടുണ്ടു്. അതിൽ "മതത്തിന്റെ ഇടപെടൽ" എന്ന തലക്കെട്ടോടുകൂടി ചേർത്തിട്ടുള്ള ഖണ്ഡിക ഇങ്ങനെയാണു്. "തിരഞ്ഞെടുപ്പുകളിൽ മതത്തിന്റെ ഇടപെടലുകളെപ്പററി പരാമർശിച്ചുകൊണ്ടു്, കോൺഗ്രസിനു വോട്ടുചെയ്യണമെന്നു് മതാദ്ധ്യക്ഷന്മാർ സർക്കുലർ പുറപ്പെടുവിച്ചിട്ടും അതു വകവയ്ക്കാതെ അസംഖ്യം കത്തോലിക്കർ കോൺഗ്രസ്സേതരയോഗങ്ങളിൽ സംബന്ധിക്കുകയും പ്രസംഗങ്ങൾ കേൾക്കുകയും ചെയ്യുന്നുണ്ടെന്നു് മി. മേത്താ പ്രസ്താവിച്ചു."

എന്നാൽ മി. മേത്തായുടെ പത്രപ്രതിനിധികളുമായുള്ള ഈ സംഭാഷണം ഹിന്ദുപത്രം റിപ്പോർട്ടുചെയ്തിട്ടുണ്ടു്. അതിൽ മതത്തിന്റെ ഇടപെടലുകളെപ്പററി അദ്ദേഹം പറഞ്ഞതു ഇങ്ങനെയാണു കൊടുത്തിരിക്കുന്നതു്. "മതത്തിന്റെ ഇടപെടൽ പറയപ്പെടുന്നതുപോലെ അത്ര ഗുരുതരമല്ല. ഒരു ബിഷപ്പു് ക്രിസ്ത്യാനികൾക്കായി [illegible] റിപ്പോർട്ടുചെയ്യപ്പെടുന്ന സർക്കുലർ, ഒരു [illegible]

ല്ലാ വോട്ടർമാരുടെയും വളരെയൊന്നും സാധിനം ചെലുത്തിയിട്ടില്ല."

കമ്മ്യൂണിസ്റ്റ് നേതാവ് അജയഘോഷിന്റെ ആരോപണത്തെ പി. എസ്സ്. പി. നേതാവ് മേത്താ ഖണ്ഡിക്കുകയാണല്ലോ ചെയ്തിരിക്കുന്നത്. കേരളകൗമുദിയിലെ റിപ്പോർട്ട് മേത്തായുടെ ഖണ്ഡനം മറച്ചുവച്ചിരിക്കുന്നു. അങ്ങനെ അജയഘോഷിന്റെ കള്ളപ്രചരണത്തിനു കൂട്ടുനില്ക്കുകയും ചെയ്യുന്നു.

## അടുത്തആഴ്ചയിൽ

മാർച്ച്

7 ഞാ: നോമ്പ് 1-ാം ഞായർ
8 തി: ദൈവത്തിന്റെ യോഹന്നാൻ
9 ചൊ. ഫ്രൻസിസ്സ
10 ബു: നാല്പതു രക്തസാക്ഷികൾ
11 വ്യാ: കാന്തീദൂസ്
12 വെ: ഗ്രീഗോരിയോസ്
13 ശ: രോമെദസ്സ

സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6— 8 0
ഇൻഡ്യക്കുപുറമെ " 8—12—0

### മാർപ്പാപ്പാ യുവതികളോട്

"ഇന്നു പല യുവതികളും യഥാർത്ഥത്തിൽ സൂക്ഷ്മതക്കുറവും, അവിവേകവും, ഔദ്ധത്യവും ആയിട്ടുള്ളവയെ സ്വാഭാവഗൗർവ്വമായി തെററിദ്ധരിക്കുകയാണ്. പുരുഷന്മാരോടൊത്തുമിച്ചു ഒരു ജോലിയിൽ ഏർപ്പെടുന്നതും ഒരേ രീതിയിൽ പെരുമാറുന്നതുംകൊണ്ടുണ്ടാകുന്ന തുടർച്ചയായ അടുപ്പം കാലാന്തരത്തിൽ അതിനുകടന്നു അപകടത്തിലേക്കെന്നു എത്ര പറഞ്ഞാലും അവർക്കു ബോദ്ധ്യമാവുകയില്ല. തനിക്കു വേണ്ട പരിചയമുണ്ട് എന്നാണ് ഒരുത്തിയുടെ ഭാവം. അതുകൊണ്ടു പണ്ടുണ്ടായിരുന്ന പെൺകുട്ടികളെക്കാൾ അവൾ സമർത്ഥയാണത്രേ. വാസ്തവത്തിൽ അവൾക്കു ശരിയായ ഒരു ബോധനമില്ലെന്നുമാത്രമല്ല അതിനുതകുന്ന അവളുടെ പരിചയം വെറും പൊള്ളവുമാണ്. അതു നിഷേധാത്മകമാണ്. കുടുംബത്തിലും സമുദായത്തിലും അവളെക്കാൾ മുതിർന്ന സഹായത്തിനുപോലും ആസ്വാദ്യകരവും സാക്ഷാത്തുമായ ആനന്ദങ്ങളേയോ, സൗന്ദര്യത്തെയോ, മാഹാത്മ്യത്തെയോ ഗ്രഹിക്കുന്നതിനു അവൾക്കു കഴിവില്ല—ആചാരങ്ങൾകൂടാതെ തനിക്കു എന്തും വായിക്കാമെന്നും, എന്തും കാണാമെന്നും, എന്തും പരീക്ഷിക്കാമെന്നും, ഏതു സുഖവും ആസ്വദിക്കാമെന്നും അവൾ വിചാരിക്കുന്നു. പരിചയമനുസരിച്ചു കുറെ ഭക്തകൃത്യങ്ങളിൽ അവൾ പങ്കെടുക്കുന്നുണ്ടുകൊണ്ട് അവൾ ഒരു ഭക്തയാണെന്നും സ്വയം ഭാവിക്കുന്നുണ്ടാകാം. അവളുടെ മതബോധവും ഭക്തിയുമെല്ലാം പൊള്ളയായും ആഴമില്ലാത്തതും അടിസ്ഥാനമില്ലാത്തതുമായ ഒരു സാമൂഹ്യപരിപാടിയുടെ നിലയെ കവിയുന്നതല്ല. അവളുടെ അധഃപതനം ഏതു എളുപ്പത്തിൽ സംഭവിക്കാൻ പോകുന്നു! അവിവേകമായ ഒരു ചെറിയ സംഭവത്തിൽ ഉള്ള ലവികാരതരംഗിതയായി അവളൊന്നു പുഞ്ചിരിക്കുന്നു. സാവധാനത്തിൽ മനസ്സാക്ഷിയുടെ പ്രേരണകളെ ഒതുക്കിപ്പിടിക്കുകളിൽ മൂകമാക്കുന്ന അധഃപതനത്തിൽ പര്യവസാനിക്കുകയും ചെയ്യുന്നു."

ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,95,750—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " തോമസ് ററി. കരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടൂപറമ്പിൽ, വിളക്കുമാടം
6. " തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ് സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

## മലബാറിലെ പുതിയ സുറിയാനി രൂപതയ്ക്കുവേണ്ടി സഹായാഭ്യർത്ഥന

### അഖിലകേരള ചെറുപുഷ്പമിഷൻലീഗ് അംഗങ്ങളോടും പൊതുജനങ്ങളോടും

പ്രിയസ്നേഹിതരേ,

മലബാറിൽ കുടിയേറിപ്പാർക്കുന്ന എഴുപത്തയ്യായിരത്തോളം വരുന്ന കേരളീയ സുറിയാനിക്കാർക്കായി തലശ്ശേരി കേന്ദ്രമാക്കി ഒരു പുതിയ രൂപത സ്ഥാപിതമായിരിക്കുന്നതും അതിന്റെ ഭരണഭാരം പരിശുദ്ധ സിംഹാസനത്തിൽനിന്നു എന്നെ ഏല്പിച്ചിരിക്കുന്നതും ഇതിനകം നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുമല്ലോ. ഇല്ലായ്മയിൽനിന്നു വളർത്തിക്കൊണ്ടുവരേണ്ട തലശ്ശേരി രൂപതയുടെ ഭാവിശ്രേയസ് കേരളീയരായ മഹാജനങ്ങളുടെ സുമനസ്സിനെയാണ് ആശ്രയിച്ചിരിക്കുക. പുതിയ രൂപതയുടെ ഭരണം കൈയേൽക്കുന്നതിനായി മാർച്ച് പകുതിയോടുകൂടി ഞാൻ തലശ്ശേരിക്കു പോവുകയാണ്. മിഷൻകാര്യങ്ങളിൽ അത്യുൽസുകമായിരിക്കുന്ന അ. കേ. ചെറുപുഷ്പമിഷൻ ലീഗ്, എന്റെ ഭാരിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിനു എന്നെ ഉദാരമായി സഹായിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. കേരളമൊട്ടാകെയുള്ള വത്സലരായ എന്റെ മിഷൻലീഗാംഗങ്ങളും മഹാജനങ്ങളും ആദ്ധ്യാത്മികവും സാമ്പത്തികവുമായ സഹായങ്ങൾ നല്കി പ്രോത്സാഹിപ്പിച്ചു് എന്നെ തലശ്ശേരിക്കു് അയക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഈ അവസരത്തിൽ മാത്രമല്ല തുടർന്നും നിങ്ങളുടെ സഹായസഹകരണങ്ങൾ ഞാൻ പ്രതീക്ഷിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

മോൺ. സെബാസ്ത്യൻ വള്ളോപ്പള്ളി
അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്ക്, തലശ്ശേരി

മെത്രാസനഅരമന
പാല. 21-2-54

## മാർപ്പാപ്പായ്ക്കു അനുകമ്പാസന്ദേശങ്ങൾ

പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലേക്ക് ഈയിടെ ഉണ്ടായ ഗൗരവമായ ആലസ്യം പ്രമാണിച്ചു ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി ഒരു ലക്ഷത്തിൽപ്പരം അനുകമ്പാസന്ദേശങ്ങൾ ലഭിച്ചിരുന്നു എന്നറിയുന്നു. സന്ദേശങ്ങളുടെ വൈവിദ്ധ്യം വളരെ രസാവഹമാണ്. രാജാക്കന്മാരിൽനിന്നും രാഷ്ട്രനേതാക്കന്മാരിൽനിന്നും നയതന്ത്രപ്രതിനിധികളിൽനിന്നും നിയമസഭാമെമ്പറന്മാരിൽനിന്നും ഉദ്യോഗസ്ഥന്മാരിൽനിന്നും അനുദ്യോഗസ്ഥരിൽനിന്നും എന്നുവേണ്ട ഏററം പാവപ്പെട്ട അവിടുത്തെ "പ്രിയപ്പെട്ട"വരിൽനിന്നും സന്ദേശങ്ങൾ വന്നുകൊണ്ടിരുന്നു. അവയുടെ ഉള്ളടക്കങ്ങളും ശ്രദ്ധാർഹങ്ങളാണ്. രോഗസ്ഥിതിയിൽ ആചരിക്കപ്പെടേണ്ട ചില നിർദ്ദേശങ്ങൾ, അത്യാവശ്യം വരുത്തി ഉപയോഗിക്കേണ്ട ചില മരുന്നുകൾ, പരിശോധിപ്പിക്കേണ്ട ഡോക്ടറന്മാർ, പ്രസിദ്ധമായ ചില ആസ്പത്രികൾ ഇങ്ങനെ ഉൽക്കണ്ഠയോടും ആവേശത്തോടുംകൂടി എത്രയെത്ര നിർദ്ദേശങ്ങളാണ് സ്നേഹിതന്മാർ നൽകിയിട്ടുള്ളതു്! എല്ലാം എഴുത്തുകളിലും തീവ്രമായ പ്രാർത്ഥനയുടെ വാഗ്ദാനം അടങ്ങിയിരുന്നു എന്നു പ്രത്യേകം പറയേണ്ടല്ലോ. രോഗികളുടെ കത്തുകളിൽ അവരനുഭവിക്കുന്ന സകല ക്ലേശങ്ങളേയും തിരുമനസ്സിലെ ആരോഗ്യത്തിനായി നിയോഗിച്ചിട്ടുള്ള ഭാഗം പ്രത്യേകം ശ്രദ്ധാർഹമാണ്.

## ചെക്കോസ്ലാവാക്യായിലെ മർദ്ദനം

ചെക്കോസ്ലാവാക്യായിൽ മതസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു എന്നു തല്പരകക്ഷികൾ പെരുമ്പാമ്പഴക്കുന്നുണ്ടെങ്കിലും അവിടത്തെ സ്ഥിതിഗതികൾ നാൾക്കുനാൾ കമ്മ്യൂണിസ്റ്റുമയമായി വരികയാണ്. പ്രേഗ് സർവ്വകലാശാലയിൽ പ്രൊഫസറായിരുന്ന ഫാദർ അലക്സാണ്ടർ ഹീഡ്ലറാണ് ഒരു യൂറോപ്യൻ പ്രക്ഷേപണത്തിൽ ഈ വസ്തുതകൾ വെളിപ്പെടുത്തിയതു്. മെത്രാന്മാരുടെ സ്വാതന്ത്ര്യത്തെ അടിക്കടി നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. രൂപതാഭരണകാര്യങ്ങളിൽ അവർക്കു നേരിട്ടിടപെടുന്നതിനു പോലും പ്രതിബന്ധമുണ്ടാക്കുന്നു. ഏതെങ്കിലും കാരണം പറഞ്ഞു് അവരെ ജയിലിലടയ്ക്കുകയോ, അവരുടെ ഭരണീയരായ വൈദികരിൽനിന്നും വിശ്വാസികളിൽനിന്നും ഒററപ്പെടുത്തി തടങ്കലിൽ വയ്ക്കുകയോ ചെയ്യുന്നു. വൈദികർ പരസ്പരം സന്ദർശിക്കുന്നതിനോ അവരുടെ മെത്രാനെ സന്ദർശിക്കുന്നതിനോ പ്രത്യേകം അനുവാദം വാങ്ങിയിരിക്കണം. കുമ്പസാരം കേൾക്കുന്ന അവസരങ്ങളിൽപ്പോലും കമ്മ്യൂണിസ്റ്റ് ചാരന്മാർ അനാവശ്യമായ പ്രശ്നങ്ങൾ കൊണ്ടുവന്നു അവരെ അപകടപ്പെടുത്തുന്നതിനു ശ്രമിക്കുന്നു. വൈദികവിദ്യാർത്ഥികൾക്കു മാർക്സിസ്റ്റ് തത്വങ്ങളിൽ പ്രബോധനം നൽകി അതോടു അനുഭാവമുള്ള ഒരു ഭാവിവൈദികതലമുറയെ ഉണ്ടാക്കുന്നതിനുള്ള പരിശ്രമവും നടക്കുന്നുണ്ടു്. സ്കൂളുകളിൽ മതപഠനത്തെ പാടെ ഉപേക്ഷിപ്പിക്കുന്നതിനുള്ള എല്ലാ കൗശലങ്ങളും പ്രയോഗിക്കുന്നു. ആ ക്ലാസ്സുകളിൽ ഹാജരാകുന്നതിനു രക്ഷാകർത്താവിന്റെ രേഖാമൂലമായ അപേക്ഷ ആവശ്യമാണ്. ഈ രേഖ അതിന്റെ കർത്താവിനെതിരായി പിന്നീടു പ്രയോഗിക്കുകയും ചെയ്യും. ഞായറാഴ്ചദിവസങ്ങളിൽ രാഷ്ട്രീയപ്രാധാന്യമുള്ള സമ്മേളനങ്ങളും സാമൂഹ്യസേവനപരിപാടികളും ഏർപ്പെടുത്തി ദേവാലയകർമ്മങ്ങൾ മുടക്കുന്നു. ഇങ്ങനെ മതവിരുദ്ധവിഷം ജീവിതമഖിലത്തിൽ പ്രയോഗിച്ചുകൊണ്ടിരിക്കുന്നു

(10-ാംപേജ് തുടർച്ച)

അതിന്റെ ക്രിയ ഉള്ളിടത്തു ദൈവം തന്നെയുണ്ടെന്നു പറയുന്നതു് യുക്തം. ഈ യുക്തിയെ ആസ്പദമാക്കിയാണ് സത്തയും സാന്നിദ്ധ്യവും ശക്തിയുംവഴി ദൈവം എല്ലായിടത്തും എല്ലാററിലും എല്ലായ്പോഴും ഉണ്ടെന്നു പറയപ്പെടുന്നതു്.

മഹാമനീഷിയും വിശുദ്ധനുമായ തോമസ് അക്വിനാസ് ഇതിനെ സ്പഷ്ടമായി വിശദീകരിച്ചിട്ടുണ്ടു്. ഒരു രാജാവ് സ്വരാജ്യം മുഴുവനിലുമുള്ള പ്രജകളെയെല്ലാം തന്റെ അധികാരംകൊണ്ടു് നിയന്ത്രിച്ചു ഭരിക്കുമ്പോൾ അദ്ദേഹം തന്റെ രാജ്യമാകെ വർത്തിക്കുന്നുവെന്നു പറയാം. ഒരു മുറിയിൽ നില്ക്കുന്ന ആൾ അതിലുള്ള സകല വസ്തുക്കളേയും നന്നായി കാണുമ്പോൾ ആ ആൾ അവിടെയുള്ള വസ്തുക്കൾക്കെല്ലാം സന്നിഹിതനാണെന്നു പറയാം. ഉയർത്തിപ്പിടിക്കപ്പെട്ടിരിക്കുന്ന കല്ല് ആകർഷണശക്തിക്കു വിധേയമായി ഭൂമിയിൽ പതിക്കാതിരിക്കുന്നതു് അതിനെ താങ്ങി നിറുത്തിയിരിക്കുന്ന ആളിന്റെ ശക്തി കൊണ്ടാണെന്നു പറയാം. അതുപോലെ സൃഷ്ടിക്കപ്പെട്ട വസ്തുക്കൾക്കൊന്നിനും തന്റെ അസ്തിത്വം തുടരുന്നതിനും പ്രകൃതിയെ സംരക്ഷിക്കുന്നതിനും സ്വതവേ കഴിവില്ലാത്തതിനാൽ പ്രസ്തുതകൃത്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു അസ്പൃഷ്ടനായ ദൈവമാകുന്നു ഈ കൃത്യങ്ങൾ മുന്നിട്ടുനയും വിക്ഷേപിച്ചുകൊണ്ടു അപരിമിതനായ ദൈവം ശക്തികൊണ്ടും സാന്നിദ്ധ്യംകൊണ്ടും സത്തകൊണ്ടും സർവ്വദാ സർവ്വത്ര അവച്ഛിന്നതാഹിതനായിരിക്കുന്നതു്. ഈശ്വരനെക്കുറിച്ചു് ഇവ്വിധമുള്ള പ്രബോധനങ്ങൾ ഋഗ്വേദത്തിലും ഉപനിഷത്തുകളിലും കിടപ്പുണ്ടു്. അവയെ അവധൂതരുടെ കൂട്ടത്തിൽനിന്നു വേർതിരിച്ചെടുത്തു് പ്രദർശിപ്പിക്കേണ്ടതായുള്ള അങ്ങനെ ചെയ്താൽ ക്രിസ്ത്യാനികൾക്കും ഹിന്ദുക്കൾക്കും കൂടി യോജിച്ചു് യോഗക്ഷേമാരാധനത്തിനായി പ്രയത്നിക്കാം.

In Him we live, I Him we move, In Him we are.

അവനിൽ നമ്മൾ ജീവിക്കുന്നു; അവനിൽ നമ്മൾ ചരിക്കുന്നു; അവനിൽ നമ്മൾ ആകുന്നു എന്നു പൗലോസ് ശ്ലീഹാ പഠിപ്പിച്ചിട്ടുള്ള വാക്യത്തെ സാവധാനം ഹൃദിസ്ഥമാക്കുന്ന ഏതു ഭക്തനാണ് ശിഷ്യനാകയില്ലാത്തതു്? ഏതു ശിഷ്യനാണ് വിശിഷ്ടനാകയില്ലാത്തതു്? നമ്മളെല്ലാവരും ഒരേയാളിന്റെ സൃഷ്ടികളാണെന്നു് വിശ്വസിക്കുന്നവർക്കാണോ തമ്മിൽ യോജിക്കുവാൻ പ്രയാസം? ആകയാൽ ദൈവത്തെയും ദൈവികകാര്യങ്ങളേയും കുറിച്ചു് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്താൽ ഐക്യബോധം വരുത്തി സ്വസ്ഥത സംസ്ഥാപിക്കുവാൻ പററിയ അവസരമായിക്കൂടി ഈ കഴിഞ്ഞ തിരഞ്ഞെടുപ്പിനെ വിനിയോഗിക്കാം.

## മെത്രാൻ പദവിയിലേക്കു

സിഡ്നി മെത്രാപ്പോലീത്തായും ബാംഗളൂർ സുനഹദോസിലും എറണാകുളത്തുവച്ചു് നടത്തപ്പെട്ട ശതാബ്ദ്യാഘോഷങ്ങളിലും പേപ്പൽപ്രതിനിധി എന്ന നിലയിൽ ആദ്ധ്യക്ഷം വഹിച്ച അഭിവന്ദ്യനായ കർദ്ദിനാൾ ഗിൽറോയി തിരുമേനിയുടെ സഹായമെത്രാനായി മോൺ ജേക്കബ് കാറോൾ അവർകളെ പരിശുദ്ധസിംഹാസനത്തിൽനിന്നു് നിയമിച്ചിരിക്കുന്നു കർദ്ദിനാൾ ഗിൽറോയി ഇന്ത്യ സന്ദർശിച്ചപ്പോഴെല്ലാം അദ്ദേഹത്തോടൊന്നിച്ചു മോൺ കാറോളും ഇന്ത്യ സന്ദർശിച്ചിട്ടുണ്ടു്.

# The Catholic Syrian Bank Ltd., H. O. Trichur

(Incorporated in T. C. State with limited liability)

Established 1920

ബ്രാഞ്ചുകൾ:— കൊച്ചി, ചാലക്കുടി, ചിററൂർ, എറണാകുളം, ഈരോഡ്, ഇരിങ്ങാലക്കുട, കൊടുമടി, കരൂർ, കുന്നംകുളം, കണ്ടശ്ശാംകടവു്, പാലാരിവട്ടം (എറണാകുളം നോർത്തു്), തൃശ്ശിവപേരൂർ, തൃപ്പൂണിത്തുറ, തോപ്പുംപടി (കൊച്ചി), തിരുവനന്തപുരം, വളഞ്ഞമ്പലം (എറണാകുളം സൌത്തു്).

T. C. State Govt. D Dis No. 440/54/ R. D. dated 11-2-1954 നമ്പ്ര്
അനുവാദപ്രകാരം തുടങ്ങുന്ന കുറികൾ

| ത്രൈമാസക്കുറി<br>തൃശൂർ ബ്രാഞ്ചു് | മാസക്കുറി<br>എറണാകുളം ബ്രാഞ്ചു് | മാസക്കുറി<br>തൃപ്പൂണിത്തുറാ ബ്രാഞ്ചു് |
|---|---|---|
| 128 നറുക്കു്- നറുക്കിനു് 250ക. 64 തവണ ആകെ സല 32000ക മേയ്, ആഗസ്റ്റ്, നവമ്പർ, ഫെബ്രുവരി മാസങ്ങളിലെ 8-ാംതീയതികളിൽ 1 നറുക്കു് എടുപ്പും 1 നറുക്കു് ലേലവും ഉണ്ടായിരിക്കുന്നതാണു്. ആദ്യത്തെ നറുക്കെടുപ്പും ലേലവും 8th May 1954. കുറഞ്ഞതു് 31ക 4ണയുടെ അരക്കാൽ അംശംവരെ ചേരാവുന്നതാണു്. | 111 നറുക്കു്- നറുക്കിനു 100ക 111 തവണ ആകെ സല 11100ക ആദ്യത്തെ നറുക്കെടുപ്പു 27th April '54 കുറഞ്ഞതു് 6ക 4ണയുടെ മാഹാണി അംശംവരെ ചേരാവുന്നതാണു്. | 111 നറുക്കു് നറുക്കിനു 50ക 111 തവണ. ആകെ സല 5550ക. ആദ്യത്തെ നറുക്കെടുപ്പു് 6 May 1954 കുറഞ്ഞതു് 3ക 2ണയുടെ മാഹാണി അംശംവരെ ചേരാവുന്നതാണു്. |

ജനറൽ മാനേജർ


നീതികഥ

# ചെന്നായും കുറുക്കനും

(ജി. സി. ടീലാർ)



വേനൽക്കാലം. ആറും തോടും കുളവും കിണറും വററിക്കഴിഞ്ഞു. എങ്കിലും പമ്പാനദിക്കു കോട്ടമൊന്നും പററിയിട്ടില്ല. അതിന്റെ ഇരുവശങ്ങളിലുമായി ധാരാളം വൻവൃക്ഷങ്ങൾ തിങ്ങിവളൎന്നു നിൽക്കുന്നു. കാട്ടുമൃഗങ്ങളുടെ വാസസ്ഥാനമാണു് അതിന്റെ വലത്തെ കരയിലുള്ള ഒരു വലിയ പ്രദേശം. ഒരു കുറുക്കനും ഒരു ചെന്നായും കൂടി സ്നേഹിതന്മാരെപ്പോലെ ജീവിച്ചിരുന്നു അവിടെ. ഒരിക്കൽ ചെന്നായ് കുറുക്കനോടു പറഞ്ഞു: "നമ്മുടെ അടുത്തു ഒരു മാൻ എന്നും വന്നു മേയുന്നുണ്ടല്ലോ. അവനെ കാണുമ്പോൾ എനിക്കൊരു കൊതി അവന്റെ ഒരു കഷണം ഇറച്ചി തിന്നണമെന്നു്. പക്ഷേ അവനെ പിടിക്കുവാൻ ആൎക്കു സാധിക്കും?" മാനിന്റെ ഒരു കഷണം ഇറച്ചി കിട്ടുവാൻ കുറുക്കനും ആഗ്രഹമുണ്ടായിരുന്നു. എങ്കിലും കുറുക്കൻ മറുപടി പറഞ്ഞു: "ഓ, മാനിന്റെ ഇറച്ചി! അതു് നീ വിചാരിക്കുന്നതുപോലെ അത്ര ഗുണമുള്ളതല്ല. എങ്കിലും നിന്നെപ്രതി വേണമെങ്കിൽ ഞാനൊന്നു ബുദ്ധിമുട്ടിയേക്കാം." കുറുക്കൻ എങ്ങോട്ടോ ഓടിപ്പോയി.

തിരിയെ വന്നപ്പോൾ കുറുക്കന്റെ കൂട്ടത്തിൽ മൂന്നു സ്നേഹിതന്മാർ കൂടിയുണ്ടായിരുന്നു. ഒരു കടുവാ, ഒരു കിളി, ഒരു എലി. ചെന്നായ് അത്ഭുതപ്പെട്ടുപോയി. കുറുക്കന്റെ കൂട്ടുകാരെ കണ്ടപ്പോൾ അവൻ കുറുക്കന്റെ ചെവിയിൽ ചോദിച്ചു: "നീ എന്തിനാണു് ഈ മഹാദ്രോഹികളെ ഇങ്ങോട്ടു കൊണ്ടുവന്നതു്?"

"എടാ ഭോഷാ, നീ മിണ്ടാതിരിക്കൂ. ആ കടുവാ ഇതുവല്ലതും കേട്ടുപോയാൽ നമ്മുടെ രണ്ടുപേരുടെയും കഥ കഴിഞ്ഞതുതന്നെ. ഞാൻ ചില സൂത്രങ്ങൾ പറഞ്ഞാണു് ഇവരെ ഇങ്ങു കൊണ്ടുവന്നിരിക്കുന്നതു്."

"ഓഹോ, ആ സൂത്രങ്ങൾ ഒന്നു കേൾക്കട്ടെ."

"ഞാൻ കടുവായോടു പറഞ്ഞു ഇവിടെ ഒരു മാൻ വിലവാരം മുഴക്കിനടക്കുന്നുണ്ടു്, അവനെ ഒരു കടുവായും പിടിക്കയില്ലെന്നു്. അതു കേട്ടുകഴിഞ്ഞപ്പോൾ കടുവാ ഇളകി. സർപ്പങ്ങൾ ഇതിലേ പത്തിവിരിച്ചു നടക്കുന്നു എന്നു പറഞ്ഞപ്പോൾ കിളി ആവേശം കൊണ്ടു. ഇവിടെ അടുത്ത പ്രദേശങ്ങളിൽ ധാരാളം കപ്പയുണ്ടെന്നു പറഞ്ഞപ്പോൾ എലിക്കു സന്തോഷമായി."

"കടുവായെ കൊണ്ടുവന്നതു മാനിനെ പിടിക്കാൻ; ഞാൻ സമ്മതിക്കുന്നു. ഈ കിളിയും എലിയും എന്തിനു്?"

"നീ ഒരു ഭോഷനാണെന്നു നേരത്തേ ഞാൻ പറഞ്ഞതല്ലേ? എടാ കിളി വന്നാൽ ഇവിടത്തെ പാമ്പെല്ലാം പമ്പകടന്നുകൊള്ളും. എലി വന്നാൽ അടുത്ത പ്രദേശങ്ങളിലെ കപ്പയെല്ലാം കുത്തിത്തിന്നുകൊള്ളും. മനുഷ്യർ മടുത്തു് അവരുടെ പാട്ടിനു പൊയ്ക്കൊള്ളുകയും ചെയ്യും. അല്ലെങ്കിൽ അടുത്ത കൊല്ലം അവർ നമ്മുടെ സ്ഥലമെല്ലാം കിളച്ചു കപ്പയിട്ടുകളയും. ഗവൺമെന്റിൽനിന്നും വനം പതിച്ചുകൊടുക്കുന്ന കാര്യമൊന്നും നീ കേട്ടിട്ടില്ലേ?"

നോഹിന്റെ പെട്ടകത്തിൽ, ജന്മനാ ശത്രുക്കളായ മൃഗങ്ങൾ തമ്മിൽ ഇണങ്ങിച്ചേൎന്നതുപോലെ അവിടെയും അവർ സ്നേഹിതന്മാരായിത്തീൎന്നു. പെരുന്തേൻ അരുവിയുടെ തൊട്ടടുത്തായിരുന്നു അവരുടെ താമസം. മാൻ ദിവസവും അരുവിയിൽ വന്നു വെള്ളം കുടിക്കുന്നതു കാണാറുണ്ടായിരുന്നു കടുവായും കുറുക്കനും. പല ദിവസവും കടുവാ അതിന്റെ പുറകേ ഓടിനോക്കി. പക്ഷേ വായുവേഗത്തിൽ മാൻ കടന്നുകളഞ്ഞു. കടുവാ നിരാശാഭരിതനായി ഒരു ദിവസം പറഞ്ഞു കുറുക്കനോടു്: "എന്റെ സ്നേഹിതാ; ആ മാനിന്റെ ഓട്ടത്തെ വെല്ലുവാൻ ഇടിമിന്നൽ മാത്രമേ കാണൂ. ഞാൻ ഇനി ബുദ്ധിമുട്ടിയതുകൊണ്ടു് പ്രയോജനമില്ല. വല്ല ചതിവും പ്രയോഗിക്കാമോ എന്നു നീ ഒന്നാലോചിക്കു്."

അന്നു കുറുക്കൻ ഉറങ്ങിയില്ല. പൂൎണ്ണചന്ദ്രൻ ആകാശത്തിൽ ഉദിച്ചുയൎന്നു. കുറുക്കൻ അതിലെ മുയലിനെത്തന്നെ നോക്കിയിരിപ്പാണു്. ഒടുവിൽ ഒരു സൂത്രം അവന്റെ ബോധത്തിൽ പതിഞ്ഞു. വെളുപ്പിനെ വന്നു അവൻ കടുവായുടെ അടുക്കലേക്കു്. കുറുക്കനിൽനിന്നുണ്ടായ ദുൎഗ്ഗന്ധം കടുവായെ ഉണൎത്തി. അവൻ പറഞ്ഞു: "എന്റെ വിനീതബുദ്ധിയിൽനിന്നും ഒരുപായം മുളച്ചിരിക്കുന്നു. മാൻ ഉറങ്ങിക്കിടക്കുമ്പോൾ എലിയെ നമുക്കു് അവന്റെ അടുക്കലേക്കു വിടാം. എലിയിൽനിന്നും യാതൊരാപത്തും ശങ്കിക്കയില്ല മാൻ. എലി കപ്പ മാന്തുന്ന എന്ന ഭാവത്തിൽ മാനിന്റെ കാലു് കരണ്ടുതിന്നട്ടെ. കാലിനു് മുറിവുപററിക്കഴിഞ്ഞാൽ പിന്നെ മാനിനു് പഴയതുപോലെ ഓടുവാൻ സാധിക്കയില്ല. അപ്പോൾ ഓടിച്ചെന്നു അങ്ങേക്കു് അവന്റെമേൽ ചാടിവീഴാം."

"അതുതന്നെ പററിയ പണി," കടുവാ പറഞ്ഞു. "പ്രായാധിക്യം കൊണ്ടു് എനിക്കു് മുമ്പത്തെപ്പോലെ ഓടുവാൻ വയ്യാ. എന്റെ പല്ലും ചിലതു കേടായിപ്പോയി. എങ്കിലും പിടികിട്ടിപ്പോയാൽ ഞാൻ കടിച്ചു കൊന്നുകൊള്ളാം."

രാത്രി. മാൻ സുഖമായി ഉറങ്ങുകയായിരുന്നു. എലി തന്റെ മാളത്തിൽനിന്നും ഇറങ്ങി നേരെ നടന്നു മാൻ കിടന്നിരുന്ന സ്ഥലത്തേക്കു്. മാനിന്റെ കാൽ ഒരു കപ്പത്തടത്തിന്റെ അരികിലോളം എത്തിനിന്നിരുന്നു. എലി മാനിന്റെ കാൽക്കീഴെ ഒരു കുഴിമാന്തി. പച്ചമണ്ണു സ്പൎശിച്ചപ്പോൾ മാനിനു ഒരു സുഖം തോന്നി ആ മൂടൽപിടിച്ച അന്തരീക്ഷത്തിൽ. അവൻ ദീർഘനിദ്രയിലാണ്ടു. എലി അവന്റെ കാൽ കരണ്ടുതുടങ്ങി. മാൻ ഞെട്ടിയുണൎന്നു ചോദിച്ചു: "എടാ ദ്രോഹി, നീ എന്താണീ ചെയ്യുന്നതു്?"

"എന്റെമാനേ, അടിയൻ വിശന്നിട്ടു് കപ്പ കുത്തുകയാണു്. അടിയന്റെ പല്ലു് മനസ്സറിയാതെ ഏമാന്റെ കാലേ കൊണ്ടതാണേ." എലി പിന്നെ കപ്പ കുത്താൻ തുടങ്ങി. മാൻ ഉറക്കം പിടിച്ചു എന്നു തിട്ടമായപ്പോൾ വീണ്ടും അവന്റെ കാലേൽ പിടികൂടി. ഒരു കഷണം ഇറച്ചിയുമായി രക്ഷപെടുകയും ചെയ്തു. സഹിക്കവയ്യാത്ത വേദന മാനിനു്. അവൻ എഴുന്നേററു. പക്ഷേ വേഗത്തിൽ നടക്കാൻ സാധിച്ചില്ല.

ദൂരെ ഒരു മരത്തിന്റെ മറവിൽ നോക്കിക്കൊണ്ടു നിൽക്കയായിരുന്നു കടുവാ. എലി ഒരു ഇറച്ചിക്കഷണവുമായി ഓടുന്നതു കണ്ടപ്പോൾ അവൻ ആനന്ദതുന്ദിലനായി രണ്ടു ചാട്ടം മുകളിലേക്കു്. മാനിന്റെ പുറകേ എത്തി അവൻ. അരനാഴിക ഓടിക്കഴിഞ്ഞപ്പോൾ മാനിന്റെ കഴുത്തിൽ അവന്റെ പല്ലുകൾ കോൎത്തു. ഒരു നിലവിളിയോടുകൂടി ആ സാധുമൃഗം മറിഞ്ഞുവീഴുകയുംചെയ്തു. അവന്റെ അന്ത്യനിലവിളി ഒരു ജയവിളിയായിരുന്നു മറെറാരുകൂട്ടൎക്കു്. കടുവായ്ക്കു് അനുമോദനം നൽകുവാനായി കുറുക്കനും ചെന്നായും കിളിയും എലിയും പാഞ്ഞെത്തി. നിൎജ്ജീവമായ മാനിന്റെ ശരീരത്തിനു ചുററും അവർ നിന്നു. വരുവാൻ പോകുന്ന ഭാഗ്യത്തെ ഓൎത്തു് അവരുടെ കണ്ണുകൾ ചലിച്ചുകൊണ്ടിരുന്നു. നാക്കു നീണ്ടു് വായ്ക്കു പുറത്തുകടന്നു് അധരങ്ങളിൽക്കൂടി അതു നൃത്തംവയ്ക്കുകയായിരുന്നു. അവരെല്ലാം മാനിന്റെ ശരീരത്തിൽ കടിക്കുവാൻ ഒരുങ്ങിയപ്പോൾ കുറുക്കൻ ഒന്നു കൂവിയിട്ടു പറഞ്ഞു: "മാന്യരേ, ഇത്ര വിരോചിതമായ ഒരു കൃത്യം ചെയ്തതിനു് നാം സഖാവു് കടുവായെ അഭിനന്ദിക്കയും ദേവന്മാൎക്കു് സ്തോത്രം ചെയ്യുകയും ചെയ്യേണ്ടിയിരിക്കുന്നു. അതുകൊണ്ടു് വമ്പിച്ച ഒരു മഹായോഗം നടത്തി നമുക്കു് കുറേ പ്രമേയങ്ങൾ പാസാക്കാം. അതിനുമുമ്പായി ഒരുത്തനും ഈ മാനിനെ തൊട്ടുപോകരുതു്. നിങ്ങൾ ഇതു സമ്മതിക്കുന്നോ?"

മിററിംഗും പ്രമേയങ്ങളും അനാവശ്യമാണെന്നു പലൎക്കും തോന്നിയെങ്കിലും കുറുക്കന്റെ അഭിപ്രായത്തെ പരസ്യമായി എതിൎക്കാൻ ആരും ധൈൎയ്യപ്പെട്ടില്ല. വിജയോന്മത്തനായി കുറുക്കൻ മറെറാരഭിപ്രായംകൂടി പറഞ്ഞു: "സഖാക്കളേ, ഈ മാംസം ഭുജിക്കുന്നതിനുമുമ്പു് നാം അനേകം പാപങ്ങളെ കഴുകിക്കളയേണ്ടിയിരിക്കുന്നു. ആകയാൽ നമുക്കെല്ലാവൎക്കും പെരുന്തേനരുവിയിലിറങ്ങി കുളിച്ചു് നമ്മുടെ ആത്മാവിനെയും ശരീരത്തെയും ശുദ്ധിയാക്കാം. അതു കഴിഞ്ഞുമതി നമ്മുടെ മററു നടപടികൾ. പക്ഷേ നമ്മളെല്ലാവരുംകൂടി ഒന്നിച്ചു അരുവിയിലേക്കു പോകുന്നതു് അവിവേകമായ പ്രവൃത്തിയാണു്. അറയിൽ പൂട്ടിവച്ചിരിക്കുന്ന സാധനങ്ങൾപോലും ഇക്കാലത്തു് മോഷണം പോകുന്നു. അപ്പോൾ ഇങ്ങനെ വെളിമ്പ്രദേശത്തു കിടക്കുന്ന ഒരു മാനിന്റെ ശരീരം സുരക്ഷിതമായിരിക്കുമോ? അതിനാൽ കാവൽകാത്തു നില്ക്കുവാൻ ചുണയുള്ള ഒരാൾ ഇവിടെ നില്ക്കണം മററുള്ളവർ കുളികഴിഞ്ഞു വരുന്നതുവരെ. അതിനു് ആരു വേണമെന്നു് നിങ്ങൾതന്നെ നിശ്ചയിച്ചുകൊള്ളുക."

എല്ലാവരും പരസ്പരം നോക്കി. കുറുക്കന്റെ ദീൎഘദൃഷ്ടിയും വിവേകവും അവരെ അത്ഭുതപരതന്ത്രരാക്കി. ചെന്നായ് പറഞ്ഞു: "എനിക്കു പഴയനിയമത്തിലെ ഒരു സംഭവം ഓൎമ്മയിൽവരുന്നു. ഫറവോൻ രാജാവിനു് ഒരു സ്വപ്നമുണ്ടായി. അതിന്റെ വ്യാഖ്യാനം പറയുവാൻ ആ രാജ്യത്തു് ഒരു മന്ത്രവാദിയുമുണ്ടായിരുന്നില്ല. ഒടുവിൽ യൗസേപ്പിനെ അവർ ജയിലിൽനിന്നും കൊണ്ടുവന്നു് രാജാവിന്റെമുമ്പിൽ ഹാജരാക്കി. യൗസേപ്പു് ഫറവോന്റെ സ്വപ്നം വ്യാഖ്യാനിച്ചുകൊടുത്തു. ഈജിപ്തിൽ ഏഴുകൊല്ലം സമൃദ്ധിയും ഏഴുകൊല്ലം ദാരിദ്ര്യവുമുണ്ടാകുമെന്നായിരുന്നു യൗസേപ്പിന്റെ വ്യാഖ്യാനം. ദാരിദ്ര്യത്തിൽനിന്നും രാജ്യത്തെ രക്ഷിക്കുവാൻ എന്തുചെയ്യണമെന്നു രാജാവു് യൗസേപ്പിനോടു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞതു് സുഭിക്ഷതയുടെ കാലത്തിൽ ധാന്യങ്ങൾ അറയിൽ സംഭരിക്കുവാനാണു്. ഒടുവിൽ ആ ജോലിചെയ്യുവാൻ ഫറവോൻ യൗസേപ്പിനെത്തന്നെ പ്രധാനമന്ത്രിയായി വാഴിച്ചു. ഇതുപോലെ ഇത്ര വിവേകവും ദീൎഘദൃഷ്ടിയും പ്രദൎശിപ്പിച്ച സഖാവു കുറുക്കൻതന്നെ നമ്മൾ കുളിച്ചുവരുവോളം ഇവിടെ കാവൽനില്ക്കട്ടെ എന്നാണെന്റെ അഭിപ്രായം. കുളികഴിഞ്ഞു് ആദ്യം വരുന്നയാൾ കാവൽക്കാരനു് കുറുക്കനെ കുളിക്കുവാൻ വിട്ടുകൊടുക്കുകയും ചെയ്യട്ടെ."

സഖാവു് ചെന്നായുടെ ചരിത്രജ്ഞാനത്തെ ഏവരും പ്രകീൎത്തിച്ചു. "ഇതാ ഒരു ഡാനിയേൽ വിധിയാളനായി വന്നിരിക്കുന്നു" എന്നാണു് കടുവാ സന്തോഷഭരിതനായി പറഞ്ഞതു്. കടുവാ, ചെന്നായ്, കിളി, എലി ഇവർ നാലുപേരുംകൂടി പെരുന്തേനരുവിയിലേക്കു പോയി. മനോരാജ്യത്തിൽ പല കോട്ടകൊത്തളങ്ങളുംകെട്ടി കുറുക്കൻ ഒരു മരത്തിൽ ചാരി ഇരിക്കയാണു്. പലേ സ്വപ്നങ്ങളും അവന്റെ തലയിൽക്കൂടി പാഞ്ഞുപോയി. അപ്പോൾ ഒരു ഞെട്ടൽ. കടുവായുടെ അലൎച്ചയാണു് ദൂരെ കേട്ടതു്. കുറുക്കൻ ഇരുന്നിടത്തുനിന്നും എഴുന്നേററു വിഷാദംനടിച്ചു് കീഴ്പോട്ടു് നോക്കിനിൽപ്പായി. കടുവായെ ഒന്നു നേരെനോക്കാൻപോലും അവനില്ല. അവന്റെ കൺമിഴികൾ നനഞ്ഞിരിക്കുന്നു. കുറുക്കനെന്തോ അപകടംപററി എന്നുതന്നെ കടുവാ വിചാരിച്ചു: "എന്തുപററി സഖാവേ, ഇങ്ങനെ മ്ലാനവദനനായിരിക്കുവാൻ?" ഏമയത്തിൽ ഒരു ശൂലം കണക്കെ ആ ചോദ്യം കുറുക്കന്റെ ചങ്കിൽ പതിഞ്ഞു. ഗദ്ഗദസ്വരത്തിൽ കുറുക്കന്റെ മറുപടി: "മഹാനായ സഖാവേ, ഞാൻ എങ്ങനെ ദുഃഖിക്കാതിരിക്കും അങ്ങയെപ്പററി ഇത്ര നിന്ദ്യമായ അഭിപ്രായം ഒരു നീചകൃമി നിസ്സങ്കോചം തട്ടിവിട്ടതു കേൾക്കുമ്പോൾ!"

"എന്തു! എന്നെപ്പററി ആരെന്തുപറഞ്ഞു?"

"ഭൂമിക്കു ഭാരംവച്ചു നടക്കുന്ന ആ എലിയുണ്ടല്ലോ. നിങ്ങളെല്ലാം പോയിക്കഴിഞ്ഞപ്പോൾ ആ നീചൻ എന്നോടു പറഞ്ഞു സഖാവു കടുവായെ അനുമോദിക്കേണ്ട ആവശ്യമില്ലെന്നും, അവൻ കടിച്ചു കാലു തളൎത്തിയതിൽപ്പിന്നെയാണു കടുവാ മാനിനെ കൊന്നതെന്നും."

"ഹാ, അവൻ പറഞ്ഞതെല്ലാം കേൾക്കട്ടെ. ഇനിയും എന്തുണ്ടു്?"

"പിന്നെയും അവൻ പറഞ്ഞു അസഭ്യങ്ങൾതന്നെ. സഖാവു് കടുവാക്കു് ഒരു ചെപ്പാസായുടെ വിലയില്ലെന്നും അവൻ കാലു കടിച്ചുതിന്നതിനുശേഷം മാത്രം കൊല്ലുവാൻ സാധിച്ച ഒരു മൃഗത്തിന്റെ പങ്കുപററാൻ നടക്കുന്നതു് ആത്മാഭിമാനമില്ലാഞ്ഞിട്ടാണെന്നും. എന്റെ ബഹുമാന്യസ്നേഹിതനെക്കുറിച്ചു് ഇങ്ങനെയെല്ലാം പറഞ്ഞതു ഞാനെങ്ങനെ സഹിക്കും." കുറുക്കൻ ചങ്ക



ഭരണങ്ങാനത്തെ സെലീനാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. പി. തോമസ്

ത്തൊരല്ല.

കടുവായുടെ ക്രോധം വർദ്ധിച്ചു. അവൻ അലറി: "ആ നീചൻ, ആ നികൃഷ്ടൻ എന്നെപ്പററി ഇങ്ങനെ അപവാദം പറഞ്ഞുകളഞ്ഞോ? ഞാൻ വൃദ്ധനായിപ്പോയെങ്കിലും എന്റെ ഭക്ഷണം സമ്പാദിക്കുവാനുള്ള ശേഷിയും ശേമുഷിയും എനിക്കുണ്ടെന്നവൻ ധരിച്ചുകൊള്ളട്ടെ. ഈ മാംസത്തിൽ ഒരു കഷണംപോലും എനിക്കാവശ്യമില്ല. എന്റെ പങ്കുകൂടി അവൻ തിന്നു തൃപ്തിയടഞ്ഞുകൊള്ളട്ടെ." സഖാവു കടുവാ പിന്നെ അവിടെ നിന്നില്ല. കൂട്ടുപിരിഞ്ഞു് അവൻ കാട്ടിനുള്ളിലേക്കു കടന്നു.

ഉള്ളിൽ തികഞ്ഞ ആനന്ദത്തോടുകൂടി കുറുക്കൻ ആ പഴയ സ്ഥാനത്തുപോയി ഇരിപ്പുറപ്പിച്ചു. പിന്നെ വന്നതു് എലി. മറെറാരടവാണു കുറുക്കൻ അവന്റെ മുമ്പിൽ പ്രയോഗിച്ചതു്. ഭീതിയും വെറുപ്പും നിറഞ്ഞ മുഖം, ജ്വലിക്കുന്ന കണ്ണുകൾ. അഭിനയത്തിന്റെ പശ്ചാത്തലം അങ്ങനെ ഒരുക്കി കൗശലക്കാരനായ കുറുക്കൻ. എന്നിട്ടു പറഞ്ഞു: "എന്റെ കുഞ്ഞുസ്നേഹിതാ, നമ്മുടെ ലോകത്തിൽ വിശ്വസിക്കാൻ കൊള്ളാവുന്ന ഒററസ്നേഹിതൻപോലുമില്ല എന്നെനിക്കിന്നു ബോധ്യമായിരിക്കുന്നു."

"അതെന്താണു ചേട്ടാ അങ്ങനെ പറയാൻ?"

"ആ പൊട്ടക്കീരിയില്ലേ? അവൻ നിങ്ങൾ ആരും കാണാതെ എന്റെ അടുത്തുവന്നു പറയുന്നു അവനു് എലി ഇറച്ചി വളരെ ഇഷ്ടമാണെന്നു്. അതിനു് നിന്നെ കൊല്ലാൻ എന്റെ അനുവാദംവേണംപോലും! എന്റെ സ്നേഹിതനെ കൊല്ലാൻ ഞാൻ സമ്മതിക്കുമോ? എന്നിട്ടു് ആ കെട്ടവൻ പറയുകയാണു് നിന്നെ കൊന്നുതിന്നാൻ ആരുടെയും അനുവാദം അവനു വേണ്ടെന്നു്." എലിയുടെ ദേഹം ആസകലം ഭയംകൊണ്ടു വിറച്ചു. ഒരു കല്ലിന്റെ മുകളിൽ കയറിനിന്നു് അവൻ ചുററും നോക്കി കീരി അടുത്തെങ്ങാനും ഉണ്ടോ എന്നു്. കുറുക്കൻ ആ തക്കം നോക്കി ഒരു കല്ലു വലിച്ചെറിഞ്ഞു അടുത്തുള്ള ഒരു കുററിക്കാട്ടിലേക്കു്. എലി ജീവനുംകൊണ്ടോടി. പിന്നെ അവൻ ആ പ്രദേശത്തു വന്നിട്ടില്ല.

കുറുക്കൻ വീണ്ടും പോയി ഇരുന്നു ആ മരത്തിന്റെ ചുവട്ടിൽ. രണ്ടു പങ്കാളികളെക്കൂടി ഇരുത്താനുള്ള ആലോചനയായിരുന്നു അവനു്. അതുവഴിയിൽനിന്നും ഉത്സാഹഭരിതനായി കയറിവരുന്നു ചെന്നായു്. കുറുക്കൻ മരത്തിന്റെ ചുവട്ടിൽനിന്നും എഴുന്നേററു് ചെന്നായുടെ അടുക്കലേക്കുവന്നു. അവന്റെ ദേഹം ആലിലപോലെ വിറയ്ക്കുകയാണു്. കണ്ണുകൾ ഭീതിയും നിരാശയും നിറഞ്ഞതും. അവൻ പറഞ്ഞു: "സഖാവേ, വലിയ ആളുകളുമായിക്കൂട്ടുകൂടുന്നതു വലിയ അപകടമാണെന്നു ഞാൻ കേട്ടിട്ടുണ്ടു്. ഇപ്പോൾ അതു് അക്ഷരംപ്രതി സത്യമാണെന്നു് എനിക്കു ബോധ്യപ്പെട്ടിരിക്കുന്നു."

"ഇപ്പോൾ എന്തുപററിയിട്ടാണു നീ ഇതു പറയുന്നതു്?"

"എന്തുപററിയെന്നോ! കൊള്ളാം. ഞാനെന്തിനു പറയുന്നു അതു്? ലോകത്തിൽവച്ചു നാം തമ്മിൽ കാണുന്ന അവസാനത്തെ ദിവസമാണിതു് എന്നു തോന്നുന്നു."

"നീ എന്തുപറയുന്നു സഖാവേ? ഞാനോ നീയോ അടുത്തെങ്ങും ചാകാൻപോകുന്നില്ലല്ലോ."

"കണ്ടോ! ഇതാണു ഞാൻ പറയുന്നതു്. നീ അപ്'റവുഡോറു് അല്ലെന്നു്. ഇന്നലത്തെ സംഭവവികാസങ്ങൾ വല്ലതും നീ അറിഞ്ഞോ? നമ്മുടെ കടുവായുണ്ടല്ലോ, അയാൾ ഈ കാട്ടിൽ പതുങ്ങി ഇരിക്കയാണു നിന്റെ വരവുപാർത്തു്. അയാളുടെ ഭാര്യയ്ക്കു് നിർബന്ധമാണുപോലും കുറെ ചെന്നായിറച്ചി കിട്ടണമെന്നു്. നിന്നെ കൊന്നു് അവർ രണ്ടുപേരുംകൂടി ഒരു ഡിന്നർ നടത്താനാണു് ആലോചന. അയാൾ ഇതെല്ലാം വളരെ രഹസ്യമായിട്ടാണെന്നോടു പറഞ്ഞതു്. പക്ഷേ നമ്മളുതമ്മിൽ വല്ല രഹസ്യവുമുണ്ടോ? നിന്നെ കുഴപ്പത്തിൽനിന്നും രക്ഷിക്കാനുള്ള വഴി എന്താണെന്നല്ലേ എന്റെ ആലോചന."

"നമ്മളെല്ലാം ഇത്രയുംനാളും ഒന്നിച്ചു് കഴിച്ചുകൂട്ടിയിട്ടു് അയാൾക്കൊരു ഭാര്യയുണ്ടെന്നു് ഇതുവരെ ആരും മിണ്ടിക്കേട്ടില്ലല്ലോ."

"എടാ ഭോഷാ, നിനക്കെന്തറിയാം! നിഗൂഢമായി അയാൾ കൂട്ടുചേർന്നു എന്നു പറഞ്ഞു് അവർ പിണങ്ങി പിരിഞ്ഞു താമസിക്കയല്ലായിരുന്നോ! എന്നാൽ ഇന്നലെ വന്നു പറഞ്ഞിരിക്കുന്നു ചെന്നായിറച്ചി കൊടുക്കാമെങ്കിൽ തിരിയെവന്നു കൂടെ താമസിച്ചുകൊള്ളാമെന്നു്. പ്രായംചെന്നിരിക്കുന്ന ഇക്കൊണ്ടു് അയാൾക്കും ഉണ്ടു് പിണക്കമെല്ലാം തീർത്തു് ഒന്നു യോജിച്ചുകളയാമെന്നു്. നിന്നെക്കൊന്നു് രണ്ടുപേരുംകൂടി ഒരു ഡിന്നർകഴിക്കണമെന്നാണു് ആ ഭദ്രകാളിയുടെ വ്യവസ്ഥ."

"എന്നിട്ടു് അയാൾ അതിനു സമ്മതിച്ചോ?"

"സമ്മതിച്ചെന്നു്! അരനാഴിക കഴിയുമ്പോൾ കാണാം കളി എന്തായെന്നു്. ഭാര്യ അവളുടെ വീട്ടിൽനിന്നും പുറപ്പെട്ടുകഴിഞ്ഞു. ഇവിടെവച്ചു് അവർ യോജിക്കും. രണ്ടുപേരുംകൂടി നിന്നെ കൊന്നു കൊണ്ടുപോകയും ചെയ്യും."

വേപഥുഗാത്രനായി ചെന്നായു്. തന്റെ അന്ത്യം സമീപിച്ചു എന്നുതന്നെ അവൻ വിചാരിച്ചു. അത്ഭുതമായ കൂട്ടുകെട്ടിൽനിന്നും ജീവനാശംതന്നെയും ഉണ്ടായേക്കാമെന്നുള്ള പാഠമാണു് അവൻ പഠിച്ചതു്. ചെന്നായു് പറഞ്ഞു കുറുക്കനോടു്: "എന്റെ സ്നേഹിതാ, ലോകത്തിൽ എന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരാൾ നീമാത്രമാണു്. നിന്നിൽനിന്നു പിരിഞ്ഞുപോകേണ്ടിവരുന്നതുമാത്രമാണു് എനിക്കു സങ്കടം. എങ്കിലും എന്റെ ജീവനെപ്രതി ഇതാ ഞാൻ ഓടുന്നു. ഇനി എന്നെ കാണുമോ എന്നു ദൈവത്തിനുമാത്രം അറിയാം. എന്തായാലും എന്റെ മാംസത്തിന്റെ രുചി ആ ദുഷ്ടന്മാർ അറിയുകയില്ല എന്നു തീർച്ച." വാക്യം അവസാനിച്ചതും ചെന്നായു് ഓടിയതും ഒന്നിച്ചുകഴിഞ്ഞു.

തന്റെ പ്ലാൻ പടിപടിയായി വിജയം പ്രാപിച്ചുവരുന്നതു കണ്ടു് കുറുക്കൻ വളരെ തെളിഞ്ഞു. കീരിമാത്രമാണു് ഇനിയത്തെ തന്റെ പ്രതിയോഗി എന്നു വിചാരിച്ചപ്പോൾ തന്റെ വിജയത്തെപ്പററി കുറുക്കനു് യാതൊരാശങ്കയുമുണ്ടായില്ല. അവൻ അലസനായി അങ്ങോട്ടും ഇങ്ങോട്ടും നടന്നു് മണത്തും കടിച്ചുംനോക്കി മാനിനെ. അപ്പോൾ കാണാം വിരുന്നൊരുക്കിയിരിക്കുന്ന വീട്ടിലെ ഒരു കുട്ടിയെപ്പോലെ സന്തോഷഭരിതനായി പാഞ്ഞുവരുന്ന കീരിയെ. ഒററ അടിക്കു തന്നെ കൊന്നുകളയാനുള്ള ഉഗ്രഭാവത്തോടുകൂടി കുറുക്കൻ മുന്നോട്ടടുത്തു ചോദിച്ചു: "എടാ നീ എങ്ങോട്ടാണീ ധൃതിയിൽ?" ആ സ്വരവും മട്ടും ആശങ്കാജനകമായിരുന്നു. എങ്കിലും ധൈര്യംവിടാതെ കീരി മറുപടി പറഞ്ഞു:

"എന്തിനെന്നോ? നമ്മുടെ സ്നേഹിതന്മാരെല്ലാം ഇങ്ങോട്ടു പോന്നിട്ടില്ലേ? ഇനി കളിച്ചുനില്ക്കാൻ നേരമില്ല. നമുക്കു തിന്നു തുടങ്ങാം."

"തിന്നോ! നീ എന്തുതിന്നാനാണിങ്ങോട്ടെഴുന്നള്ളിയിരിക്കുന്നതു്? ജീവനിൽ കൊതിയുണ്ടെങ്കിൽ വേഗം വന്നവഴിയേ ഓടിക്കൊള്ളുക. അല്ലെങ്കിൽ കടുവായും, എലിയും, ചെന്നായും എന്റെ വയററിലായതുപോലെ നീയും. നിനക്കവരേക്കാൾ മുട്ടാളത്തരമില്ലാത്തതുകൊണ്ടാണു ഞാൻ നിന്നോടു മയത്തിൽ പറയുന്നതു്. നീ ഓടുന്നോ ശീഘ്രം?"

അപ്രതീക്ഷിതമായ ഒരു രംഗം. കുറുക്കന്റെ രൂക്ഷമായ നോട്ടം കണ്ടപ്പോൾ അവൻ പറയുന്നതുപോലെ പ്രവർത്തിച്ചേക്കുമെന്നു കീരിക്കു ഭയംതോന്നി. അവൻ തിരിഞ്ഞു് ഒററ ഓട്ടം. അങ്ങനെ പ്രതിയോഗികൾ എല്ലാവരും ഒന്നൊഴിയാതെ രംഗത്തുനിന്നും സ്വമനസാ പിന്മാറി. കുറുക്കനും ചത്തമാനുംമാത്രം ശേഷിച്ചു. അനേകം ദിവസത്തേക്കു കുറുക്കനു സുഭിക്ഷമായ ആഹാരമായിരുന്നു അതു്.

ഒരുമാസം കഴിഞ്ഞപ്പോൾ കുറുക്കൻ പുറത്തേക്കു സഞ്ചരിച്ചുതുടങ്ങി. കാളയുടെയും ആടിന്റെയും കോഴിയുടെയും അടുത്തായി അവന്റെ ഉപദേശം. നാലുപേരുംകൂടി യോജിച്ചുനിന്നാൽ വൻകാര്യങ്ങൾ സാധിക്കാമെന്നു് കുറുക്കൻ മൈതാനപ്രസംഗങ്ങളും ആരംഭിച്ചു.

# തിരഞ്ഞെടുപ്പ് നൽകിയ പാഠം

(ഫാദർ തോമസ് കൊച്ചയ്യങ്കാനാൽ)

രാജശ്രീമാന്മാരും രാജ്യഭരണധുരന്ധരന്മാരുമായ നെഹ്റുജി, രാജാജി തുടങ്ങിയുള്ള മഹാന്മാരായ നേതാക്കന്മാർ വിജയപൂർവ്വമായ തിരഞ്ഞെടുപ്പുപ്രചാരണം നടത്തി സംതൃപ്തരായി മടങ്ങിപ്പോയിരിക്കുന്ന ഒരു സന്ദർഭമാണല്ലോ ഇതു്. അവരുടെ പ്രസംഗങ്ങളിൽ ഈശ്വരവിശ്വാസത്തിനു് വലിയ പ്രാധാന്യം കല്പിച്ചിരുന്നതായി കാണാനിടയായി. ഈശ്വരനിഷേധികളായ കമ്മ്യൂണിസ്റ്റുകാരെ അനുകൂലിക്കുന്ന യുവജനങ്ങൾക്കു് സത്യമാർഗ്ഗം ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതിനു് വളരെ ഉപകരിക്കുന്നതായിരുന്നു ആ നയമെന്നു സമ്മതിച്ചേ കഴിയൂ. ആസ്തികന്മാർക്കു പ്രസ്തുത പ്രസംഗങ്ങൾ നല്ലഫലം പ്രദാനം ചെയ്യാതിരിക്കയില്ല. കത്തോലിക്കാ വൈദികരായിരുന്നു അവരിൽ ചിലർ ചെയ്ത പ്രഭാഷണങ്ങൾ നടത്തിയിരുന്നതെങ്കിൽ, പുരോഹിതന്മാർ തങ്ങളുടെ തൊഴിൽ നിർവ്വഹിക്കുന്നതിനുവേണ്ടിയാണു് അങ്ങനെ പറയുന്നതെന്നു ശ്രോതാക്കളിൽ ചിലരെങ്കിലും അഭിപ്രായം പുറപ്പെടുവിക്കുമായിരുന്നു. ഈ ഘട്ടത്തിൽ ഭാരതത്തിലെ ഭൂരിപക്ഷക്കാരായ ഹിന്ദുക്കൾ ഒരു യാഥാർത്ഥ്യം ധരിച്ചുവയ്ക്കുകകൂടി ചെയ്തിരുന്നെങ്കിൽ വളരെ നന്നായിരുന്നേനെ. ക്രിസ്ത്യാനികൾ പ്രത്യേകിച്ചു് കത്തോലിക്കർ ദൈവത്തെയും ദൈവികകാര്യങ്ങളേയും കുറിച്ചു് യുക്തിവിരുദ്ധമായ യാതൊന്നും പഠിപ്പിക്കുന്നില്ലെന്നും അവരുടെ പ്രബോധനങ്ങളെല്ലാം രാജ്യരക്ഷയ്ക്കു് ഉപകരിക്കുന്നവയാണെന്നുമുള്ള യാഥാർത്ഥ്യമത്രെ അതു്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും സഹോദരന്മാരാണു്. ഇനിയുള്ള കാലം സഹോദരന്മാരെന്നും നിരീശ്വരന്മാരെന്നും രണ്ടു ചേരിതിരിവുമാത്രമേ അവശേഷിക്കയുള്ളു. വർഗ്ഗവിദ്വേഷവും ജാതിവ്യത്യാസവും നിരോധനം ചെയ്യാൻ പോകുന്ന ലക്ഷണം വെളിപ്പെട്ടുതുടങ്ങിയിട്ടുണ്ടു്. നമ്മുടെ സംയുക്തസംസ്ഥാനമായ കൊച്ചി തിരുവിതാംകൂറിൽ നായന്മാർ ക്രിസ്ത്യാനികൾക്കും, ക്രിസ്ത്യാനികൾ നായന്മാർക്കും നായന്മാരും ക്രിസ്ത്യാനികളും ഈഴവർക്കുംവേണ്ടി പ്രചാരണവേല നടത്തുകയും വോട്ടു കൊടുക്കുകയുംചെയ്ത കാഴ്ച ഹൃദയംഗമമായിരുന്നു. കോൺഗ്രസ് വിരോധികളും കോൺഗ്രസ് പ്രേമികളുമെന്ന രണ്ടു ചേരികളിലായിരുന്നു അവർ നിലയുറപ്പിച്ചിരുന്നതു്.

ഇനി തിരഞ്ഞെടുപ്പു് നൽകിയ പാഠമെന്താണെന്നു പറയാം. നമ്മുടെ ജനതയെ മുഴുവനും സജീവമായ ഈശ്വരവിശ്വാസമുള്ളവരാക്കിത്തീർക്കാമെങ്കിൽ എല്ലാവരും സഹോദരതൽപരരും സ്വരാജ്യസ്നേഹികളുമായിരിക്കും എന്നുള്ളതാണതു്. ഭാരതീയരുടെയിടയിൽ ഇപ്പോഴുള്ള ഈശ്വരവിശ്വാസം സംരക്ഷിക്കയെങ്കിലും ചെയ്താൽ അതു വലിയൊരു നേട്ടമായിരിക്കയുംചെയ്യും. എന്നാൽ വല്ലവിധത്തിലുമുള്ള ഒരു വിശ്വാസമായിരുന്നാലും മതിയാകയില്ല. ഏകദൈവത്തിലുള്ള സത്യമായ വിശ്വാസമാണു് വേണ്ടതു്. ബഹുദേവതാവാദവും വിശ്വദേവതാവാദവും സ്വീകരിക്കുന്ന ചിലയാളുകളും കേരളീയരുടെയിടയിൽ ഇപ്പോൾ ഇല്ലാതില്ല. അതിന്റെ ഫലമായിട്ടാണു് വിഗ്രഹാരാധനയും വീരാരാധനയും ചിലരെങ്കിലും അനുഷ്ഠിച്ചുപോരുന്നതു്. അങ്ങനെ സംഭവിക്കുന്നതു് പൊതുജനങ്ങളുടെ കുററംകൊണ്ടല്ല. പിന്നെയോ എത്രയും ചില മഹർഷികൾ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തപ്പെട്ടുപോയിട്ടുള്ള അബദ്ധങ്ങൾ നീക്കപ്പെടാത്തതുകൊണ്ടത്രെ. സത്യദൈവത്തെക്കുറിച്ചു് ഭാരതമഹർഷികളോളം ഗവേഷണം നടത്തിയിട്ടുള്ളവർ വേറെ ആരുമില്ല. അവരിൽ ചിലർ അബദ്ധനിഗമനങ്ങളിലും ചെന്നെത്തുവാനിടയായിട്ടുണ്ടു്. ഒരു പരമാദ്ധ്യക്ഷന്റെ അഭാവംമൂലമാണു് അവ അബദ്ധങ്ങളായി പ്രഖ്യാപനം ചെയ്യപ്പെടാത്തതും നീക്കപ്പെടാത്തതും ദർശനഭേദങ്ങളും മതഭിന്നതകളും സ്വീകരിക്കപ്പെടുന്നതും. ഇതു് എത്രയും വലിയ ഒരു ന്യൂനതയാണല്ലോ. ഇതുകൂടി പരിഹരിക്കപ്പെടാമെങ്കിൽ കേരളത്തിൽ ഏകജാതി ഏകമതമെന്ന പതനം ആവിർഭവിക്കുവാൻ ഇനി അധികകാലവിളംബം വേണ്ടിവരികയില്ല. ഭാരതത്തിനു മുഴുവൻ എല്ലാററിലും മാർഗ്ഗദർശനം നൽകേണ്ടതു് കേരളീയരാണെന്നത്രെ വടക്കേ ഇൻഡ്യയിൽനിന്നു വന്ന നേതാക്കന്മാരെല്ലാം പ്രസ്താവിച്ചതു്. ആകയാൽ നമുക്കു് ദൈവത്തേയും അവിടുത്തെ ലക്ഷണങ്ങളേയും കുറിച്ചു് സവിസ്തരം പഠിക്കയും പഠിപ്പിക്കയും ചെയ്യാം. കമ്മ്യൂണിസത്തിന്റെ പ്രചാരത്തെ നിരോധിക്കുന്നതിനു് ഈ ഉപാധിയാണു് ഏററം ഫലപ്രദമായിട്ടുള്ളതു്. കമ്മ്യൂണിസം ദൈവത്തേയും ദൈവപരമായ സകലത്തേയും നിഷേധിക്കുന്ന ഒരു സംഘടനയാണെന്നു് അറിഞ്ഞില്ലായിരുന്നുവെങ്കിൽ കോൺഗ്രസിനുവേണ്ടി വോട്ടുചെയ്യാൻ ഇത്രയധികമാളുകൾ ഓടിക്കൂടുകയില്ലായിരുന്നു. പള്ളിയും പട്ടക്കാരും കോൺഗ്രസിനുവേണ്ടി പ്രചാരണവേല നടത്തുകയുമില്ലായിരുന്നു. ആകയാൽ ഈശ്വരപ്രകൃതിയെക്കുറിച്ചു് ഇപ്പോൾ അല്പം ചിന്തിക്കുകൂടി ചെയ്യാം.

അതിമനോഹരമായ കൊത്തുരൂപങ്ങൾ നമ്മളെല്ലാവരും കണ്ടിട്ടുണ്ടല്ലോ. അവയ മണ്ണുകൊണ്ടും മരംകൊണ്ടും ഉണ്ടാക്കാം. ചിന്താവിഷയമായ രൂപം മരംകൊണ്ടുണ്ടാക്കപ്പെട്ടതാണെന്നിരിക്കട്ടെ. അതു് ഒരു തടിയിൽനിന്നു് മുറിച്ചെടുത്ത മരക്കഷണം രൂപഭേദം പ്രാപിച്ചതാണു്. അതു് വിദഗ്ദ്ധനായ ഒരു ശില്പിയുടെ കൈവേലയുടെ ഫലവുമാണു്. അതു് ഇപ്പോൾ നമ്മൾ കാണുന്ന രൂപവിശേഷം പ്രാപിച്ചതിനു് വ്യത്യസ്തമായ മൂന്നു കാരണങ്ങൾ ആവശ്യമായിരുന്നു. ശില്പിയുടെ ഭാവന അല്ലെങ്കിൽ ജ്ഞാനം, ആ ജ്ഞാനത്തെ പ്രവൃത്തിയിൽ വരുത്തുന്നതിനുള്ള താല്പര്യം അല്ലെങ്കിൽ മനസ്സു്, ആ മനസ്സനുസരിച്ചു് പ്രവർത്തിക്കുന്നതിനുള്ള കഴിവു് അല്ലെങ്കിൽ ശക്തി എന്നിവയാണു് അവ മൂന്നും. അവയിൽ ഒന്നെങ്കിലും നിർമ്മാതാവായ ശില്പിക്കു് ഇല്ലായിരുന്നെങ്കിൽ നമ്മൾ കാണുന്ന പ്രതിമ ഈ രൂപത്തിൽ അസ്തിത്വം പ്രാപിക്കയില്ലായിരുന്നു. എന്നു പറഞ്ഞാൽ, ശില്പിക്കു് ജ്ഞാനമില്ലായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ശക്തി നിഷ്ഫലമാകുകതന്നെ ചെയ്യുമായിരുന്നു. പ്രവൃത്ത ജ്ഞാനമുണ്ടായിരിക്കയും ശക്തിയോ മനസ്സോ ഏതെങ്കിലുമൊന്നു് ഇല്ലാതിരിക്കയും ചെയ്തിരുന്നാലും ഈ കൊത്തുരൂപമുണ്ടാകുമായിരുന്നില്ല. ആകയാൽ നമ്മുടെ മുമ്പിലിരിക്കുന്ന കൊത്തുരൂപത്തിൽ ശില്പിയുടെ ജ്ഞാനവും മനസ്സും ശക്തിയും സന്നിഹിതമായിട്ടുണ്ടെന്നു നമുക്കു് പറയാമല്ലോ. ഇതിന്റെ നിർമ്മാതാവായ ശില്പി എത്ര വിദഗ്ദ്ധനായിരുന്നുവെന്നും അദ്ദേഹത്തിനു് എത്രമാത്രം കലാനൈപുണ്യമുണ്ടായിരുന്നുവെന്നും നമുക്കു് അഭിപ്രായം പ്രകടിപ്പിക്കയുംചെയ്യാം.

അതുപോലെ നമ്മൾ കാണുന്ന പ്രപഞ്ചത്തെ നോക്കിക്കൊണ്ടു് ഇല്ലായ്മയിൽനിന്നു് അതിനെ സൃഷ്ടിച്ച ദൈവത്തിന്റെ ജ്ഞാനത്തേയും അതിനെ പ്രവൃത്തിയിൽ വരുത്തത്തക്കവണ്ണം അതിനെ സ്നേഹിക്കയും അതിനു് രൂപം നൽകി അതിനെ നിയന്ത്രിക്കയുംചെയ്ത അവിടുത്തെ മനസ്സിനേയും അതിനെ സംരക്ഷിച്ചുകൊണ്ടിരിക്കുന്ന അവിടുത്തെ ശക്തിയേയും കുറിച്ചു് പ്രസ്താവിക്കുവാൻ പാടുണ്ടു്. എന്നാൽ ശില്പിയെക്കുറിച്ചു പറയുമ്പോൾ അയാളുടെ ജ്ഞാനവും മനസ്സും ശക്തിയും ഗുണങ്ങളായിരുന്നു. ചിൽസ്വരൂപനും കേവലാത്മാവും അപരിമിതനും അവികാര്യനുമായിരിക്കുന്ന ഈശ്വരനെ കുറിച്ചു ഗുണക്രിയാദികൾ ഉണ്ടെന്നു പറയുന്നതു് യുക്തിക്കു ചേരുന്നതല്ല. പരിമിതസൃഷ്ടികളായ നമ്മുടെ പ്രബോധനരീതിയനുസരിച്ചു് നമ്മൾ അങ്ങനെ പ്രതിപാദിച്ചുപോരുന്നുവെന്നേയുള്ളൂ. ക്രിയയിൽനിന്നു ക്രിയാവാനേയും ഗുണത്തിൽനിന്നു ഗുണിയേയും നമ്മൾ അനുമിക്കയാണു ചെയ്യുന്നതു്. തന്മൂലം ദൈവ-

(ശേഷം 8-ാംപേജിൽ)

Book Review

## The Secret of Frederic Ozanam

(By Rev. Edward O' Conner S. J., M. H. Gill and Son Ltd. 50 Upper O'Connel Street, Dublin. 1953. Pages X + 97. Price 5s.)

This book, as its name indicates, analyses the secret of the success of Frederic Ozanam, who 'from the professor's chair, the journalist's sanctum and the orator's rostrum had taken up the intellectual sword and lance in the name of Catholicism'. On the 27th of April 1952, the Holy Father, in a speech addressed to the National Congress of the Conferences of St. Vincent De Paul, paid a glowing tribute to their founder in the following words: "Contemplate once again your standard-bearer, Frederic Ozanam. What multiple activities in his life that was consecrated to the Church! He was a writer, orator, professor, scholar and a politician! What intense activity in a life of forty years!"

The driving force behind his manifold activities was his deep faith in God to whose service he had dedicated his entire being. This idea is brought into relief in this beautiful book published on the occasion of his death.

The Conferences in India vied with one another in celebrating the centenary on a grand scale. They will do well to buy each a copy of this book and meditate on the wonderful life of the great lay apostle in order the better to serve God and country. "What he and others like him showed", writes Francis Budenz, the famous convert from Communism, "was that well-equipped Catholic laymen, understanding history and their nation, could perform a special duty to their age by combating the abuses of extreme individualism and the threatened slavery of collectivism." (This Is My Story-Page 23)

If that could be done in Paris or Dublin why not in India? "Carry to the ends of the earth the spirit of Ozanam". This is the famous clarion call of Pope Pius X and also the crying need of our country at the present critical juncture. "The Secret of Frederic Ozanam" is sure to stand us in good stead in that noble and very fruitful apostolate.

(P. I. J.)

## വീട്ടപകടങ്ങൾ

(ശിവറാം)

എവിടെ നോക്കിയാലും തെരക്കുപിടിച്ച അററകുററപ്പണികൾ! കെട്ടിടങ്ങളിൽ ചിലതിന്റെ മേൽക്കൂര മാറുന്നു. പുതിയ ഭിത്തികൾ കെട്ടുന്നു. ഇന്നാളു് കല്യാണം കഴിച്ചുകൊണ്ടുവന്ന ജോർജിനെറു പുതിയ കിടപ്പുമറി കൂട്ടിയെടുക്കുന്നു. ചിലടത്തു് ഇടിഞ്ഞുവീണ മതിൽ കെട്ടുന്നു. ചിലർ ചായംപൂശിയും വെള്ളതേച്ചും കെട്ടിടങ്ങൾക്കഴകും ഉറപ്പും വരുത്തുന്നു. എല്ലാംകൂടി മൂടുപിടിച്ച പണികളുടെ കാലമാണിതു്.

പല്ലനതെക്കേ വീട്ടിലെ ഒരു ചെറിയ മരാമത്തു തുടങ്ങിയിരിക്കയാണു്. അത്ര പണമൊന്നുമില്ല; ഒരു തൊള്ളായിരം രൂപയുടെ പണി, അത്രേയുള്ളു. തങ്കപ്പൻനായരാണു് കാരണവർ. അദ്ദേഹത്തിന്റെ ഉത്സാഹം മററു പണിക്കാരെ രസംപിടിപ്പിച്ചിരുന്നു. പഴയ കഴുക്കോലും പട്ടികയുമൊക്കെ മാറി ഓടിടൽ കർമ്മമാണവിടെ ആദ്യം നടന്നതു്. പിന്നെ വെള്ളപൂശൽ. ജനലുകളും കതകുകളുമൊക്കെ ഒരു ചായംപൂശൽ അന്നു നടന്നുകൊണ്ടിരിക്കയായിരുന്നു. മുളംകമ്പുകൾ വച്ചുകെട്ടി അതിനുമുകളിൽ പലകയിട്ടു് അതിന്മേൽ ഒരു ഘനംകുറഞ്ഞ കുഞ്ഞാക്കോസാണു് കേറി ജനലിനു ചായമടിച്ചുകൊണ്ടുനിന്നതു്. കാരണവർക്കവന്റെ ചായപ്പണി തീരെ പിടിച്ചില്ല. "എടാ കുഞ്ഞാക്കോസേ! നീ പോയി ആ കമ്മായം കുറെ കലക്കിക്കൊണ്ടു്! പെയിന്റിംഗ് ഞാനാകാം." തങ്കപ്പൻനായരുടെ അഭിപ്രായം കേൾക്കാത്ത താമസം കുഞ്ഞാക്കോസ് ഉടനെ താഴെയിറങ്ങി ബ്രഷു താഴെവച്ചു് കൈയും തുടച്ചു് കിണററുകരയ്ക്കു പോയി.

വീട്ടുടമസ്ഥൻ ആട്ടുന്ന ഒരു സ്റ്റൂളിന്റെ സഹായത്തോടെ വലിഞ്ഞു പലകമേൽ കേറി. പച്ചപ്പെയിന്റു് ബ്രഷ്മുക്കിയെടുത്തു് ജനൽപ്പാളികൾ കടിക്കയാണു്. ആറു ചതുരശ്രയിഞ്ചു പൂശിയതേയുള്ളു. കാരണവരൊരു ഊമ്മൽ. നിലയിട്ടിരുന്ന പലക ഒടിഞ്ഞു. ഒരു വശത്തെ വള്ളിപൊട്ടി. 152 റാത്തൽ എല്ലും മാംസവുമൊക്കെക്കൂടി നട്ടെല്ലി "പൊത്തോ"ന്നു് താഴെവീണു. തങ്കപ്പൻനായരുടെ നട്ടെല്ലിനു കേടുപററി. കഴുത്തിന്റെ ഇടത്തുവശത്തു് മുളംകമ്പുകൊണ്ടു് മുറിയുകയുംചെയ്തു. പിന്നവിടെനടന്നതൊക്കെ ഓരോരുത്തരും ഊഹിച്ചുകൊള്ളുക. 41 ദിവസത്തെ ചികിത്സകഴിഞ്ഞു് കക്ഷി ഇപ്പോൾ വീട്ടിലെത്തിയിട്ടുണ്ടു്. പകുതി ചായംതേച്ച ജനലിന്നും അവിടെയുണ്ടു്, അങ്ങേരെ നോക്കിനില്ക്കുന്നു.

നിലകൾകെട്ടി അതിനുമുകളിൽ കയറി വേലചെയ്യേണ്ടവർ നിലകൾക്കു് നല്ല ഉറപ്പുണ്ടോ യെന്നു് ബോദ്ധ്യപ്പെടുത്തിയിരുന്നാൽ ഒരപകടം ഒഴിവാക്കാം. വീട്ടുകാരിയുടെ കുറെ കണ്ണീരും, മരുന്നുഷാപ്പിലെ മരുന്നും, വേദനയും, പണവുമെല്ലാം ലാഭിക്കാം. പുരമേയാൻ കേറുന്നവരും തടി സൂക്ഷിക്കണം. "ഓ, ഇതൊക്കെ ഇങ്ങനെ പത്രത്തിലെഴുതാതെ ഞങ്ങൾക്കറിഞ്ഞുകൂടെ" എന്നാർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ ഇതൊക്കെ എഴുതിവായിച്ചിട്ടും ഓർമ്മിക്കാതെ അപകടം വരുത്തിവച്ചു് ഒന്നരക്കാലിൽ ഇളിഭ്യരായി നടക്കുന്ന വിദ്വാന്മാർ നമ്മുടെ കൂട്ടത്തിലിന്നും ഉണ്ടെന്നേ പറയാനുള്ളു. വാസ്തവത്തിൽ സത്യദീപം എത്ര അപകടങ്ങളെ ഒഴിവാക്കിയിട്ടുണ്ടു് എന്നൊരു സർവെക്കണക്കെടുത്താൽ ആശ്ചര്യകരമായ ഒരു കണക്കായിരിക്കും കിട്ടുക.

തോപ്പിലെ അന്നമ്മച്ചേടത്തി പാപ്പുവിനെ കാണുമ്പോഴിപ്പോഴും

---

"വിദൂരതയിൽ കൊടുങ്കാററിന്റെ ഭീഷണികൾ ദൃശ്യമാകുന്നു എന്ന വസ്തുത നാം വിസ്മരിക്കരുതു്; പക്ഷെ അവ പ്രബലപ്പെടുകയില്ല. വിനാശത്തിന്റെയും മരണത്തിന്റേയും ദാരുണമായ അനുഭവങ്ങളാണു് അവയുടെ അനന്തരഫലമെങ്കിലും അവയെല്ലാം കടന്നുപോകും. അന്തരീക്ഷം പ്രശാന്തതരമാകും; സൂര്യൻ കൂടുതൽ ശോഭനമാകും; ഭൂമി ഉപരി ഫലഭൂയിഷ്ഠമാകും."

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ

---

നടുങ്ങും. വെറുതെ മണ്ണെണ്ണ മേടിക്കാൻ കടയിൽപോയ പാപ്പുവിനെ വിളിച്ചു് അത്താഴത്തിനു കൂട്ടാൻവെക്കാനെന്തേ ചക്കയിട്ടുതരാൻ പറഞ്ഞതാണു്. പാപ്പു ആകാശംമുട്ടുന്ന വരിക്കപ്ലാവിൽ "വയ്യാ വയ്യാ" എന്നു പറഞ്ഞും കൊണ്ടു് കേറി. ശബ്ദംകേട്ടു് ചക്കയെടുക്കാൻ ഓടിച്ചെന്ന അന്നമ്മച്ചേടത്തി കണ്ടതു് ചക്കയല്ല, വീണു കാലൊടിഞ്ഞു കിടന്ന പാപ്പുവിനെയാണു്. പിന്നീടവരപെട്ട പാടും ചെലവാക്കിയ പണവും കേട്ട ചീത്തയും ചില്ലറയായിരുന്നില്ല. ഫലമോ, ഒന്നേകാൽക്കാലിൽ വടിയുടെ സഹായത്താൽ നടക്കുന്ന പാപ്പുവിനെ കാണുമ്പോളിന്നും ഒരു ഞെട്ടിത്തെറിക്കൽ.

ചക്കയും മാങ്ങയും മുരിങ്ങാക്കായും എല്ലാമുള്ള കാലമാണിതു്. അതിന്റെ പിന്നാലെ വലിഞ്ഞുകേറുന്നവർ കൂടുതൽ സൂക്ഷിക്കണം. ചക്കയും മാങ്ങയും മുരിങ്ങാക്കായുമെല്ലാം കാശുകൊടുത്താൽ കിട്ടും. കാലും കൈയും തണ്ടെല്ലുമൊന്നും ഒരു കടേ




152 റാത്തൽ എല്ലും മാംസവുമൊക്കെക്കൂടി നട്ടെല്ലി "പൊത്തോന്നു" താഴെവീണു.


ധർമ്മോദയം കമ്പനി, തൃശ്ശൂർ

(ESTD. 1919 A. D.)

പുതിയ മാസക്കുറി

(As per Govt: Sanction L. Dis 181/54 dated 22-1-54)

നറുക്ക 1ക്കു് 100ക. 111 നറുക്ക 11 100ക. നല

ഒന്നാംതവണ— 1954 ഏപ്രിൽ 6-ാംനു- 1129 മീനം 24-ാംനു-

കുറിയിൽ കുറഞ്ഞതു് 32-ൽ ഒരംശം (3ക. 2ണ.യുടെ വീതം) വരെ ചേരാം.

കൂടുതൽ വിവരങ്ങൾക്കു് കമ്പനി ആഫീസിലേക്കു് ഉടനെ എഴുതുക:

തൃശ്ശൂർ ചാലിശ്ശേരി അന്തോണി പൈലോതു്,

25-1-'54 ചെയർമാൻ ഓഫ് ദി ബോർഡ്.


ആദ്ധ്യാത്മികവീഥി

## "ആ ചെറുഗണം"

മൈ ഡിയർ വത്സലമക്കളേ,

"ആ ചെറുഗണം" എന്ന പുസ്തകം നിങ്ങൾ വരുത്തിയോ? അതു മാന്നാനത്തു മാത്രമല്ല, തേവരയിലും എൽത്തുരുത്തിലും കിട്ടും. പരുക്കൻകടലാസിൽ അടിച്ചതിനു 6ണയും മേനിക്കടലാസിൽ അടിച്ചതിനു 8ണയും ആണു വില.

ആ പുസ്തകം എത്ര ഉപകാരപ്രദമാണെന്നറിയുന്നതിനു് അതിലെ വിഷയവിവരണിക താഴെ ചേർക്കുന്നു.

1. പ്രസ്താവന
2. പ്രാരംഭം
3. യഥാർത്ഥ ക്രിസ്തീയജീവിതം
4. യഥാർത്ഥ ക്രിസ്തീയ ജീവിതം പരിപൂർണ്ണമാക്കുന്നതിനുള്ള മുഖ്യമാർഗ്ഗം

ഉജ്ജ്വലമായ ആഗ്രഹം,

സദാ ദൈവവരപ്രസാദത്തിൽ നിലനില്ക്കുക.

ജീവിതാവസ്ഥ

അനുദിനകടമകൾ

അനുദിനകരിശുകൾ

5. പ്രഭാതാനുഷ്ഠാനങ്ങൾ
6. പ്രഭാതധ്യാനം
7. ദിവ്യപൂജ
8. വി. കുർബാനസ്വീകരണം
9. കുമ്പസാരവും ആത്മനിയന്ത്രണവും
10. പള്ളിയും വീടും
11. സംസാരനിയന്ത്രണം
12. സമയം നന്നായി ചിലവഴിക്കുക—വേല, പ്രാർത്ഥന, വായന.
13. ഭക്ഷണം
14. തപസ്സും വിനോദവും
15. വി. കുർബാനസന്ദർശനം
16. ശുചിത്വം
17. സന്ധ്യാനുഷ്ഠാനങ്ങൾ
18. രാത്രിനമസ്കാരങ്ങൾ.

അനുബന്ധങ്ങൾ

1. പ്രഭാതജപങ്ങളുടെയും രാത്രിജപങ്ങളുടെയും ഒരു മാതൃക.
2. ഒരു ചുരുങ്ങിയ ധ്യാനക്രമവും ധ്യാനക്രമസഹായികളും.
3. ദിവ്യപൂജയിൽ ഭക്തിപൂർവ്വം സംബന്ധിക്കുന്നതിനു് ഉപകരിക്കുന്ന ചില മാർഗ്ഗങ്ങളുടെ രത്നച്ചുരുക്കം.
4. വി. കുർബാനയുടെ സ്വീകരണത്തിനു മുൻപും പിൻപും.
5. കൂടക്കൂടെ ചൊല്ലുവാൻ തക്ക ചില സുകൃതജപങ്ങൾ.
6. ചില നിസ്സാരപരിത്യാഗകൃത്യങ്ങളുടെ മാതൃക.
7. ജ്ഞാനപുസ്തകങ്ങളുടെ ഒരു ലിസ്റ്റു്.
8. പുണ്യജീവിത സംഗ്രഹം.

അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന ചില പരിത്യാഗങ്ങൾ:

1. ആരെങ്കിലും വിളിച്ചാൽ, എന്തെങ്കിലും കല്പിച്ചാൽ ഉടനെ അനുസരിക്കുക; അല്പം താമസിക്കുവാനുള്ള ആഗ്രഹം ഉപേക്ഷിക്കുക.
2. ഒരു കാര്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ മററൊന്നു ചെയ്യാൻ പറഞ്ഞാൽ ഉടനെ പറഞ്ഞതു ചെയ്യുക. അപ്പോൾ തോന്നുന്ന വിഷമം അടക്കുക; അനിഷ്ടഭാവം പുറമെ കാണിക്കാതിരിക്കുക; പിറുപിറുപ്പിനു് ഇടം കൊടുക്കാതിരിക്കുക.

ഇങ്ങനെ അനേകം പ്രായോഗികനിർദ്ദേശങ്ങൾ അതിലുണ്ടു്. നിങ്ങളുടെ പുണ്യാഭിവൃദ്ധിക്കു വളരെ ഉപകരിക്കുന്ന ആ ചെറുഗ്രന്ഥം എല്ലാവരും വാങ്ങി ഉപയോഗിക്കുന്നതു നന്നായിരിക്കും.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

ല്യം കിട്ടുന്നതല്ല. അതോർമ്മിക്കണം. പറങ്കിമാങ്ങ പറിക്കാൻ ചില കുട്ടികൾ വലിഞ്ഞുകേറുന്ന കാഴ്ച കാണുമ്പോൾ അങ്ങോട്ടും കൂടി അമ്പരന്നുപോകും. രക്ഷാകർത്താക്കൾ കുട്ടികളെ നല്ലവണ്ണം തടകഴിച്ചുചെയ്യേണ്ടതാണു്. അദ്ധ്യാപകന്മാർ ഈ വിഷയങ്ങൾ കുട്ടികളെ മനസ്സിലാക്കി അവരിൽ ക്ഷോഭബോധം ഉളവാക്കുമെന്നു വിശ്വസിക്കുന്നു.

അപകടങ്ങൾ താനെ വരുന്നില്ല. അതിനെ വരുത്തിവെക്കുകയാണു് ചെയ്യുന്നതു് എന്ന പരമാർത്ഥം ആവർത്തിച്ചുപറയേണ്ടിയിരിക്കുന്നു.

കൊടി പൊക്കിക്കെട്ടി മത്സരിച്ച ഒരു അന്തപ്പൻ മതിലിന്റെ മുകളിൽനിന്നും കാൽതെററി മുള്ളിലേക്കു് മറിഞ്ഞുവീണു. അല്പനേരത്തെ ചിന്താശൂന്യത എന്തെന്നും ഓർമ്മിക്കത്തക്ക അടയാളം ഉണ്ടാക്കിവെക്കുമെന്നു് വിസ്മരിച്ചുകൂടാ.

ചാലക്കുടികാരനായ സേവ്യറിന്റെ അല്പനിമിഷനേരത്തെ ആലോചനയില്ലായ്മ സ്വന്തം ഭാര്യ റോസയുടെ മരണത്തിനും രണ്ടു് അരുമക്കുഞ്ഞുങ്ങളെ അനാഥരാക്കുന്നതിനും ഇടയാക്കിയ സംഭവം പലരും പത്രങ്ങളിൽ വായിച്ചിരിക്കും. അതും ഒരു വമ്പിച്ച വീട്ടപകടമായിരുന്നു.

സന്തുഷ്ടജീവിതം കൂടുതൽ ഉല്ലാസപ്രദമാക്കുന്നതിനു് എല്ലാ വിധ അപകടങ്ങളും ഇല്ലാതാക്കേണ്ടതാണു്. അതിനുവേണ്ടി ഓരോ വ്യക്തിയും അവരവർക്കാവുന്നതു ചെയ്യുകതന്നെ. സുരക്ഷിതമായ ജീവിതരീതി നമ്മുടെയിടയിൽ നടപ്പിലാകട്ടെ!!

Reg. M. No. 2298

# Sathya Deepam

Vol. 27 Ernakulam March 3, 1954 No. 27

# വിവിധവൃത്താന്തങ്ങൾ

## ചുററികയും അരിവാളും ചെയ്തുകൂട്ടിയ ജോലികൾ

കമ്മ്യൂണിസ്റ്റുകാർ ഇതിനകം ബന്ധനസ്ഥരാക്കുകയോ കൊന്നൊടുക്കുകയോ ചെയ്തിട്ടുള്ള കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരുടെ ഒരു ലിസ്റ്റ് എൻ. സി. ഡബ്ലിയു. സി. ഏജൻസി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 4 കർദ്ദിനാളന്മാർ, 32 മെത്രാപ്പോലീത്താമാർ, 117 മെത്രാന്മാർ, പ്രിഫെക്ട് അപ്പസ്തോലിക്കാമാർ, അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാമാർ, വിസിറ്റർ അപ്പസ്തോലിക്കാമാർ എന്നയിനങ്ങളിൽ 32, ഇങ്ങനെ ആകെ 185 പേരുടെ കണക്കാണ് പുറത്തുവന്നിട്ടുള്ളത്. ഓരോ രാജ്യങ്ങളുടെ തിരിച്ചുള്ള പട്ടികയും കൊടുത്തിട്ടുണ്ട്. നമ്മുടെ അയൽരാജ്യമായ ചൈനാമഹാരാജ്യമാണ് ഇതിൽ മുന്നണിയിൽ നില്ക്കുന്നത്. ഒരു കർദ്ദിനാൾ, 18 മെത്രാപ്പോലീത്താമാർ, 54 മെത്രാന്മാർ, 23 മററിനത്തിൽപ്പെട്ടവർ ഇങ്ങനെ ആകെ 96 പേർ മാർപാപ്പാസംഘങ്ങളിന്റെ കണക്കിൽ പെട്ടവരാകുന്നു!

## പരി. പിതാവ് ഹിബ്രു ഭാഷ സംസാരിച്ചു

അമേരിക്കയിലെ യഹൂദസിയോണിസ്റ്റ് സംഘടനയുടെ ഡയറക്ടറായ ഡോക്ടർ എബ്രഹാം ഫെർനോഫോൺ പുന്നറബി ഇയ്യിടെ ന്യൂകാസ്റ്റ്ലിയനസിൽവച്ചു ഒരു സിയോൺ സമ്മേളനത്തോട് സംസാരിക്കയിൽ മാർപ്പാപ്പായുമായി കുറച്ചുമുമ്പ് റോമിൽവച്ചു നടന്ന ഒരു സംഭാഷണത്തെപ്പററി പ്രസ്താവിച്ചിരിക്കുന്നു. "പരിശുദ്ധ പിതാവ് ഹിബ്രുവിലാണ് സംഭാഷണം ആരംഭിച്ചത്. അനേകം ആ ഭാഷാരൂപങ്ങൾ ഉപയോഗിച്ച് സംഭാഷണം തുടർന്നു. ഒടുവിൽ നിലയെ കൊടുങ്കാററിനെപ്പററിയും, യുദ്ധകാലത്തു ദേവാലയങ്ങളിലെ എല്ലാ മതസ്ഥരും ചേർന്നു പാർപ്പിക്കുന്നതിനെ സഹായിച്ചതിനെക്കുറിച്ചും ഞാൻ പറഞ്ഞുകേൾപ്പിച്ചപ്പോൾ ആ പുണ്യപുരുഷൻ അത്യന്തം സന്തുഷ്ടനായി കാണപ്പെട്ടു. "എല്ലാം അവസരങ്ങളിലും അങ്ങനെതന്നെയാണു ചെയ്യേണ്ടതു" എന്നു അദ്ദേഹം ഉത്സാഹഭരിതനായി പറഞ്ഞു."

## നൈജീരിയായിലെ കത്തോ. ഭരണാധിപൻ

ആഫ്രിക്കയിൽ നൈജീരിയൻ പ്രദേശത്തു അസ്സാബലി എന്ന സ്വതന്ത്രരാജ്യത്തിന്റെ ഭരണം നടത്തുന്നതു് ഏതദ്ദേശീയനായ ഒരു കത്തോലിക്കനാണെന്നുള്ള വിവരം അധികമാരും അറിഞ്ഞിരിക്കാനിടയില്ല. ഹിസ് ഹൈനെസ് മി എസ്സേക്കാഹ് അസ്സാലേറി എന്ന നാമത്തിലാണ് അദ്ദേഹം അറിയപ്പെടുന്നതു്. അസ്സാബലിയിലെ കത്തോലിക്കാ പ്രാഥമികവിദ്യാലയത്തിൽ പഠനം നടത്തിയശേഷം അദ്ദേഹം ഒനിട്ഷായിലെ ഹൈസ്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. 17-ാമത്തെ വയസ്സിൽ ഒപ്പോരത്തെ പ്രൈമറിസ്കൂളിലെ അദ്ധ്യാപകജോലി ഏറെറടുത്തു. അനന്തരം ഒരു റെയിൽവെ ക്ലാർക്കായിട്ടും, പിന്നീട് പോലീസായിട്ടും ജോലിനോക്കി. അവിടെനിന്നാണ് 25-ാമത്തെ വയസ്സിൽ ഭരണാധികാരിയായി സ്ഥാനം കൈയേററതു്. അവിടത്തെ ഭരണാവലിയിൽ ഒന്നാമത്തെ കത്തോലിക്കനാണ് ഇദ്ദേഹം. പരിശുദ്ധ പിതാവു് അദ്ദേഹത്തിന് ബെനമെരെന്തി മെഡലും സമ്മാനിച്ചിട്ടുണ്ട്.

## ഓർശലം നഗരത്തിൽ രണ്ടു തലസ്ഥാനങ്ങൾ

ഐക്യരാഷ്ട്രസംഘടനയുടെ നിശ്ചയങ്ങൾക്കു വിരോധമായി ഇസ്രായേൽരാജ്യം അതിന്റെ തലസ്ഥാനം ഇപ്പോൾ ഓർശലത്തേക്കു മാററിയിരിക്കയാണു്. അതിനു പ്രത്യുത്തരമായി ട്രാൻസ്ജോർഡൻരാജ്യവും അതിന്റെ ഒരു ദ്വിതീയ ആസ്ഥാനനഗരമായി ഓർശലത്തിന്റെ ഒരു ഭാഗം സജ്ജമാക്കിയിരിക്കുന്നു. അവരുടെ സ്ഥിരമായ തലസ്ഥാനം ട്രാൻസ്ജോർഡനിലുള്ള അമ്മാൻനഗരമാണെങ്കിലും കാബിനററു മീററിങ്ങുകളും മററും ഇപ്പോൾ ഓർശലത്തുവെച്ചാണു് നടത്തുന്നതു്. മന്ത്രിസഭാമന്ദിരങ്ങളും ആഫീസുകളും ഇവിടെയും പണികഴിച്ചിരിക്കുന്നു. പലസ്തീനാവിഭജനത്തിന്റെ സന്താനങ്ങൾ!

## പോളിഷ് മർദ്ദന പ്രതിഷേധം

ബ്രിട്ടീഷ് പാർലമെൻറിൽ കത്തോലിക്കരും അകത്തോലിക്കരുമായ മെമ്പറന്മാർ ചേർന്നു്, പോളണ്ടിൽ നടമാടുന്ന മതമർദ്ദനത്തെ പ്രതിഷേധിച്ചു് ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു. പ്രമേയം ഹാജരാക്കിക്കൊണ്ടു് സർ വിച്ചിൻസൺ പറഞ്ഞു: "യുദ്ധാനന്തരമുള്ള യൂറോപ്യൻ ചരിത്രത്തിന്റെ ദുർഗ്ഗന്ധപൂരിതമായ ഒരു പേജാണിതു്. പോളണ്ടിൽ ഇന്നു് 7 മെത്രാന്മാർ ബന്ധനത്തിലുണ്ടു്. രണ്ടായിരത്തിൽപ്പരം വൈദികർ തടവിൽ അടയ്ക്കപ്പെടുകയോ ബഹിഷ്കൃതരാകുകയോ ചെയ്തിട്ടുണ്ടു്. 37 പട്ടക്കാർ വധിക്കപ്പെട്ടു. അവിടെയുള്ള സന്യാസഭവനങ്ങളിൽ 50 ശതമാനവും അടയ്ക്കപ്പെട്ടിരിക്കയാണു്. വിദ്യാലയങ്ങളിൽ 75 ശതമാനവും പൂട്ടപ്പെട്ടിരിക്കുന്നു." മററു പലരും ശക്തിയുക്തം പ്രസംഗിച്ചു. യു. എൻ. ഒ. വഴി ഇക്കാര്യങ്ങളെപ്പററി അന്വേഷിക്കുന്നതിനു് ഒരു കമ്മിററിയെ നിയമിക്കണമെന്നാണു് പ്രമേയത്തിൽ ആവശ്യപ്പെട്ടതു്. ജോയിൻറ് പാർലമെൻററി ഫോറിൻ സെക്രട്ടറി, പ്രസ്താവനകളെല്ലാം ശരിവച്ചു. ഗവർമ്മെൻറിന്റെ തത്സംബന്ധമായുള്ള വെറുപ്പിനെ പ്രകടിപ്പിക്കുകയും ചെയ്തു.

## ദൈവജനനിയെപ്പററി ഫാദർ ലാമി

നമ്മുടെ സമകാലികനായിരുന്നിട്ടുള്ള ഫ്രഞ്ചുകാരനായ ഒരു പരിശുദ്ധ പുരോഹിതനാണു് ഫാദർ ലാമി. ദൈവജനനി പലപ്പോഴും അദ്ദേഹത്തിനു് പ്രത്യക്ഷപ്പെട്ടു് സംഭാഷണം നടത്തിയിട്ടുള്ളതായി അദ്ദേഹത്തിന്റെ ചരിത്രത്തിൽനിന്നു കാണാം. പരിശുദ്ധ അമ്മയെപ്പററിയുള്ള ചില വിവരങ്ങൾ അതിൽ കൊടുത്തിട്ടുണ്ടു്. "നീലവസ്ത്രവും വെള്ളമേലങ്കിയുമാണു് മാതാവു് അപ്പോഴൊക്കെ ധരിച്ചിരുന്നതു്. എന്നാൽ മുകളിലേക്കു് ഉയർന്നുപോകുമ്പോൾ വെള്ളവസ്ത്രം ധരിച്ചിരുന്നതുപോലെ തോന്നിയിരുന്നു. കാതറൈൻ എമെറിച്ച് പരിശുദ്ധ കന്യകയുടെ വയസ്സു് 64 എന്നാണു് പറഞ്ഞിരിക്കുന്നതു്. അതിലും കുറേക്കൂടി കൂടുതലായിട്ടാണു് എനിക്കു തോന്നിയിട്ടുള്ളതു ... തന്റെ മഹത്വത്തോടുകൂടി അമ്മ പ്രത്യക്ഷപ്പെടുമ്പോൾ അല്പം ഭയം തോന്നിപ്പോകും. എന്തുകൊണ്ടെന്നാൽ സൂര്യനും തന്റെ മുമ്പാകെ നിഷ്പ്രഭനെന്നപോലെ ആയിത്തീരുന്നു. ഞാൻ ആദ്യം പ്രസ്താവിച്ചതു്, കുറഞ്ഞ മഹത്വസമേതം ദർശനം നൽകിയിരുന്നപ്പോഴത്തെ കാര്യമാണു്... പാരിസിലെ റൂവേദുബാക്ക് കപ്പേളയിൽ പ്രത്യക്ഷപ്പെട്ടാണല്ലോ അമ്മ കാതറൈൻ ലബോറേക്കു് അത്ഭുതമെഡൽ നൽകിയതു്. അവിടെ പ്രവേശിക്കുമ്പോൾ ഇന്നും എന്തു സ്വർഗ്ഗീയസൗരഭ്യമാണു! അമ്മ ദർശനം നൽകിയിട്ടുള്ള വിശുദ്ധസ്ഥലങ്ങളിലെല്ലാം ഇതു് അനുഭവപ്പെടുന്നുണ്ടു്. ലൗകികമായ ഒരു സുഗന്ധമല്ല അതു്. സ്വർഗ്ഗത്തിലെ പുഷ്പങ്ങളുടേതാണോ എന്നു തോന്നിപ്പോകും......" ഫാദർ ലാമിയുടെ ഇംഗ്ലീഷ് ജീവചരിത്രം ഈ മരിയൻ വത്സരത്തിൽ പാരായണത്തിനു് പററിയതാണു്.

## കമ്മ്യൂണിസ്റ്റ് ഡെമോക്രസി—ഒരു നിർവ്വചനം

ഫാദർ റോബർട്ട് ഗ്രീൻ എന്ന വന്ദ്യമേഹം ചൈനയിലെ കമ്മ്യൂണിസ്റ്റ് തടങ്കലിൽനിന്നു് ഇയ്യിടെയാണു് മോചനംപ്രാപിച്ചു പുറത്തുവന്നതു്. ക്രൂരയാതനകൾ നിരന്തരമായി അദ്ദേഹം അവിടെ അനുഭവിക്കേണ്ടിവന്നു. അദ്ദേഹം നൽകിയിരിക്കുന്ന ഒരു നിർവ്വചനം കമ്മ്യൂണിസ്റ്റ് ഡെമോക്രസിയുടെ ഒരു യഥാർത്ഥ ചിത്രമാണു്. "കമ്മ്യൂണിസ്റ്റ് ഡെമോക്രസി രണ്ടു പാർട്ടികളുള്ള ഒരു ഭരണകൂടമാണെന്നു ഞാൻ പറഞ്ഞുകേട്ടിട്ടുണ്ടു്. ഇപ്പോൾ അതിന്റെ യാഥാർത്ഥ്യം എനിക്കു മനസ്സിലായി. ഒരു പാർട്ടി ഭരിക്കുന്നു, മററ പാർട്ടി തടങ്കൽപ്പാളയങ്ങളിൽ കിടന്നു മരിക്കുന്നു." കമ്മ്യൂണിസ്റ്റു പറുദീസയുടെ പടം കണ്ടറിഞ്ഞിട്ടില്ലാത്തവർ, കൊണ്ടറിഞ്ഞിട്ടുള്ളവർ പറയുന്നതെങ്കിലും വിശ്വസിച്ചെങ്കിൽ നന്നായിരുന്നു!

## അന്ധരായവരെ മഠത്തിൽ സ്വീകരിക്കുന്നു

അമേരിക്കയിലുള്ള രണ്ടു കന്യകാസഭകൾ അന്ധരായ ഓരോ ആളുകളെ ആണ്ടുതോറും തങ്ങളുടെ മഠത്തിൽ സ്വീകരിക്കുന്നതിനു തീർച്ചപ്പെടുത്തിയിരിക്കുന്നു. തദനുസരണം മാർ യൗസേപ്പിന്റെ സഭക്കാർ കഴിഞ്ഞ കൊല്ലം സഭാവസ്ത്രം നൽകിയ അന്ധ ഇപ്പോൾ നവസന്യാസകാലം കഴിക്കയാണു്. ഇക്കൊല്ലത്തേക്കുള്ള അവരുടെ അർത്ഥിനിയെയും തിരഞ്ഞെടുത്തുകഴിഞ്ഞിരിക്കുന്നു. ദൈവപരിപാലനയുടെ സഹോദരികളാണു് ഈ ദീനാനുകമ്പക്കു മുതിർന്നിട്ടുള്ള വേറൊരു സഭ. അവർ ഇതുവരെ ത്തേക്കു സ്വീകരിച്ചിരിക്കുന്നതു അശേഷം കണ്ണുകാണാൻപാടില്ലാത്ത ഒരു [illegible] ബാലികയെയാണു്. അവൾ നൊവിഷ്യത്തിലെത്തി കന്യകാജീവിതം ആരംഭിച്ചിരിക്കുന്നു.

## ഇസ്രായേൽരാജ്യത്തിന്റെ ഭീകരകൃത്യങ്ങൾ

1948-ൽ കഫർബിറാം എന്ന ഗ്രാമത്തിലെ നിവാസികളെയെല്ലാം ഇസ്രായേൽ ഗവർമ്മെൻറു അവിടെനിന്നു ഇറക്കിവിട്ടു. ലെബനോൻ അതിർത്തിയിലാകയാൽ അവിടെ ജനങ്ങൾ അധിവസിക്കുന്നതു രാജ്യത്തിനു നാശകരമായിത്തീരുമെന്നാണു അവർ കാരണം പറഞ്ഞതു്. ഇപ്പോഴിതാ അവിടത്തെ വീടുകളും പള്ളിയും ബോംബിട്ടു തകർത്തുകളഞ്ഞിരിക്കുന്നു. നശിപ്പിച്ചതെല്ലാംകൂടി 1500 ഇസ്രായേൽ പവൻ വിലയ്ക്കു ഒരു കച്ചവടക്കാരനു വില്ക്കുകയാണു ചെയ്തതു്. എണ്ണൂറോളം മാറോനീത്താ കത്തോലിക്കരാണു് അവിടെയുണ്ടായിരുന്നതു്. അവരുടെ പള്ളിമുറിയും പള്ളിക്കൂടവും എല്ലാം തകർന്നുപോയി. മേൽക്കൂരയില്ലാതെ നിലകൊള്ളുന്ന പള്ളിയുടെ കാഴ്ച അത്യന്തം ദയനീയമായിരിക്കുന്നു എന്നു ഒരു ദൃക്സാക്ഷി പ്രസ്താവിക്കുന്നതു്.

## പോളണ്ടിനെക്കുറിച്ചു സഹതപിക്കുന്നു

ആഥേൻസ് മെത്രാപ്പോലീത്തായായ മാറിയോസ് മക്രിയോനിതിസ് എസ്. ജെ. തിരുമനസ്സുകൊണ്ടു് മാർപ്പാപ്പാതിരുമനസ്സിലേക്കു താഴെപ്പറയുന്ന സഹതാപസന്ദേശം അയച്ചിരിക്കുന്നു: "പോളണ്ടിലെ മർദ്ദിതസഭക്കുവേണ്ടി ഇവിടത്തെ വൈദികരും വിശ്വാസികളും ഒന്നുചേർന്നു് സർവ്വശക്തനോടു തീക്ഷ്ണമായ പ്രാർത്ഥനകൾ നടത്തിവരുന്നു. പോളീഷ് പ്രൈമററിന്റെ അറസ്റ്റിനെപ്പററിയുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടു്, താങ്കളുടെ പൈതൃകമായ അപ്പസ്തോലിക ആശിസ്സു് അവർ അഭ്യർത്ഥിച്ചുകൊള്ളുന്നു."

## യുവവൈദികൻ ആദ്യം കേട്ട കുമ്പസാരം

പരേതനായ കർദ്ദിനാൾ വോൺ ഫോൾഹാബർ മ്യൂണിച്ചുസെമിനാരിയിൽ പഠിച്ചിരുന്ന സ്റ്റയിൻകാരനായ ഒരു വിദ്യാർത്ഥിക്കു ഒരിക്കൽ പട്ടംകൊടുക്കുകയുണ്ടായി. പിറേറ ആഴ്ച കർദ്ദിനാൾ തിരുമേനി പതിവുള്ള കുമ്പസാരത്തിനായി സെമിനാരിയിലെത്തിയപ്പോൾ ഈ കൊച്ചച്ചൻ മാത്രമേ അവിടെയുണ്ടായിരുന്നുള്ളു. "കൊച്ചച്ചാ, അച്ചൻതന്നെ കുമ്പസാരിപ്പിക്കാമല്ലോ" എന്നു കർദ്ദിനാൾ. "അയ്യോ, ഞാനിതുവരെ കുമ്പസാരിപ്പിച്ചിട്ടില്ലല്ലോ" എന്നു പരിഭ്രാന്തനായ കൊച്ചച്ചൻ. "തരക്കേടില്ല. കുമ്പസാരവാക്യം ഞാൻ തന്നിരിക്കാം" എന്നു പറഞ്ഞുകൊണ്ടു ആ നവവൈദികന്റെ മുമ്പാകെ മുട്ടുകുത്തി പതിവായുള്ള തന്റെ പാപസങ്കീർത്തനം കഴിച്ചിട്ടു കർദ്ദിനാൾ മടങ്ങിപ്പോകുകയും ചെയ്തു.

*Permissu Ecclesiastico*

Printed & Published by

K. L. Varkey

at the Mar Louis Memorial Press

Ernakulam—1

